KOTTAYAM PUBLIC LIBRARY

Call No. MA3 Acc. No. 50350

Author മാധവമേനോൻ

Title ഭക്തോപഹാരം

KOTTAYAM PUBLIC LIBRARY
KOTTAYAM

# ഭക്തോപഹാരം

NATIONAL BOOK STALL ★ BR. KOTTAYAM ★
SPCS LTD.

# BHAKTHOPAHARAM

By
CHERUSSERY MADHAVA MENON
THATHAMANGALAM

First impression—1963
Copies—1000

Copyright to the publishers

Printed at
The Asoka Press, Calicut-1.

Publishers
P. K. BROTHERS, CALICUT-1.

Price Re. One

# ഭക്താപഹാരം

(കഥാപ്രസംഗം)

KOTTAYAM PUBLIC LIBRARY
50350
KOTTAYAM

ഗ്രന്ഥകർത്താ

**ചെറുശ്ശേരി മാധവമേനോൻ**

തത്തമംഗലം

പ്രസാധകന്മാർ:

**പി. കെ. ബ്രദേർസ്,**

കോഴിക്കോട്.

വില: ഒരുറുപ്പിക

MA3:

## വിഷയാനുക്രമണിക


| | | |
|---|---|---|
| 1. | രുക്മിണീഹരണം ... ... | 5 |
| 2. | പ്രദ്യുമ്നൻ ... ... | 24 |
| 3. | സ്യമന്തകം ... ... | 35 |
| 4. | അനിരുദ്ധൻ ... ... | 51 |
| 5. | കുചേലൻ ... ... | 71 |

# രുക്മിണീഹരണം

## മംഗളം

“സജലജലദനീലം വല്ലവീകേളിലോലം
ശ്രിതസുരതരുമൂലം വിദ്യുദുല്ലാസിചേലം
നതസുരമുനിജാലം സന്മനോബിംബലീലം
സുരരിപുകുലകാലം നൗമി ഗോപാലബാലം.”

(ശ്രീകൃ. ക.)

“ഉത്തുംഗസ്തനമണ്ഡലോപരിലസത്
പ്രാലംബമുക്താമണേ-
രന്തർബ്ബിംബിതമിന്ദ്രനീലനികരച്ഛായാനുകാരിദ്യുതി
ലജ്ജാവ്യാജമുപേത്യ നമ്രവദനാ സ്പഷ്ടം മുരാരേർവ്വപുഃ
പശ്യന്തീ മുദിതാ മുദേസ്തു ഭവതാം ലക്ഷ്മീവിവാഹോത്സവേ.”

(ശ്രീകൃ. ക.)

പണ്ട് വിദർഭാധിപതിയായി ഭീഷ്മകൻ എന്ന പേരിൽ സുപ്രസിദ്ധനായ ഒരു രാജാവുണ്ടായിരുന്നു. പ്രജാ

രംജകനും മഹാനുമായ അദ്ദേഹത്തിന്നു് രുക്മി, രുക്മരഥൻ, രുക്മബാഹു, രുക്മകേശൻ, രുക്മമാലി എന്നിങ്ങനെ അഞ്ചു പുത്രന്മാരും, രുക്മിണി എന്ന പേരിൽ അതിസുന്ദരിയായ ഒരു പുത്രിയും ജനിച്ചു.

1. "ചാതുര്യം പൂണ്ടു കിഞ്ചിച്ചപലത തിരളും
ശൈശവാദചേഷ്ടിതം കൊ-
ണ്ടാതന്വാനാ നിതാന്തം ജനയിതൃരമിതാ-
നന്ദമിന്ദീവരാക്ഷീ
ജാതോല്ലാസം ജനാനാമപി നയനഫലം
ചേത്തു തസ്യാം നഗര്യാം
വൈദർഭീ സാ വളൎന്നാൾ മിഥിലയിലവനീ
പുത്രി പണ്ടെന്ന പോലെ."

(ഭാ. നൈ ച.)

ക്രമേണ ബാല്യദശയെ തരണം ചെയ്തു് ആ കന്യക കാണികളുടെ കണ്ണും കരളും കവൎന്നു കൊണ്ടു് നവയൌവനത്തിലേയ്ക്കു കാലൂന്നിത്തുടങ്ങി. അതോടു കൂടി അവളുടെ-

2. ഗാത്രേ ഗാത്രേ തുടൎന്നു മധുരിമ തിരളും
മാൎദ്ദവം, നേത്രരംഗേ
കൂത്താട്ടത്തിന്നു ലജ്ജായവനികയിൽ മറ-
ഞ്ഞംഗജന്മാ വിരേജേ,
മുത്തേലും കൊങ്ക പങ്കേരുഹമുകുളസമം,
ഹന്ത, താരുണ്യവായ്പ്പോ-
ടെത്തിക്കൈത്തോർ പിടിച്ചു ഝടിതി വടിവെഴം
ശൈശവം പേശലാംഗ്യാഃ"

(ഭാ. നൈ. ച.)

അക്കാലത്തു് രാജാവായ ഭീഷ്മകനെ മുഖം കാണിക്കാൻ വരാറുള്ള കവികൾ ശ്രീകൃഷ്ണൻെറ വീൎയ്യശൌൎയ്യാദി

ഗുണങ്ങളെ പ്രകീർത്തിച്ച കവിതകൾ രചിച്ച് അദ്ദേഹത്തെ കേൾപ്പിക്കുക പതിവായിരുന്നു. ഹൃദയംഗമങ്ങളായ ആ കവനതല്ലജങ്ങൾ നിരന്തരം ശ്രവിച്ചുകൊണ്ടിരുന്ന രുക്മിണിക്കു നന്ദകുമാരനിൽ അഭിനിവേശം അങ്കുരിച്ചു. ക്രമേണ അതു രൂഢമൂലമായിത്തീരുകയും ചെയ്തു. എല്ലാം കൊണ്ടും തനിയ്ക്കു് അനുരൂപനായ വരനാണ് അദ്ദേഹം എന്നു് ആ കന്യക സ്വയം നിശ്ചയിയ്ക്കുകയും ചെയ്തു.

3. ബുദ്ധിയും, ലക്ഷണ,മൗദാര്യവും,
ശുദ്ധമാം ശീലവും, രൂപവായ്പും
ഒത്തിണങ്ങീടുമാക്കന്യയോത്താ—
ലെത്രയും ചേരും തൻ പത്നിയാവാൻ
എന്നോർത്താ ഭൈഷ്മിയെ വേൾക്കുവാനാ—
യുന്നിനാൻ യാദവനന്ദനനും.

തേടിയ വള്ളി കാലിൽ തടഞ്ഞതു പോലെ, എല്ലാം കൊണ്ടും തൻെറ പത്നീപദത്തിന്നു പററിയവളാണ് എന്നറിഞ്ഞു ഭഗവാനും മുമ്പേ തന്നെ അവളെ പാണിഗ്രഹണം ചെയ്യാൻ കൊതിച്ചിരുന്നു.

രുക്മിണിയെ ശ്രീകൃഷ്ണന്നു കൊടുക്കണം എന്നു തന്നെയായിരുന്നു അവളുടെ ബന്ധുക്കളുടേയും ആഗ്രഹം. പക്ഷെ ജ്യേഷ്ഠനായ രുക്മിക്കു് അതു് തീരെ സമ്മതമായിരുന്നില്ല. അതിനാൽ കൃഷ്ണശത്രുവായ ആ യുവരാജാവു് ഉററവരേയും മററും വക വെക്കാതെ തൻെറ ഉടപ്പിറന്നവളെ ചേദിരാജാവായ ശിശുപാലന്നു തന്നെ കൊടുക്കാൻ നിശ്ചയിച്ചു. 'അസിതാപാംഗി'യായ ആ കന്യക അശനിപാതം പോലുള്ള ആ വാർത്തയറിഞ്ഞു് അത്യന്തം ദുഃഖപരവശയായി. അവൾ ആ ആപത്തിൽ നിന്നുള്ള രക്ഷാമാർഗ്ഗം ചിന്തിച്ചു തുടങ്ങി. ഒടുവിൽ ഒരു തീരുമാനത്തിൽ

എത്തിച്ചേൎന്നു. ഉടനെ ആരുമറിയാതെ ആപ്തനായ ഒരു ബ്രാഹ്മണനെ വരുത്തി; ഒരു സന്ദേശവും കൊടുത്തു ശ്രീകൃഷ്ണൻെറ സമീപത്തേയ്ക്കു് അയയ്ക്കുകയും ചെയ്തു.

4. ചിന്തയിലാണ്ടകം വെന്തൊടുവിൽ
ചെന്താമരാക്ഷനെ ചെന്നു കാണ്മാൻ
സന്ദേശം നൽകിയാസ്സുന്ദരാംഗി–
യന്തണൻ തന്നെയും യാത്രയാക്കി.

താമസമൊന്നുമുണ്ടായില്ല. ആ ബ്രാഹ്മണൻ ദ്വാരകയിൽ ചെന്നു ചേൎന്നു. ദ്വാരപാലന്മാരുടെ സഹായത്തോടുകൂടി അദ്ദേഹം കണക്കററ ഗോപുരങ്ങളും വീഥികളും പിന്നിട്ടു ഭഗവാൻ്റെ തിരുമുമ്പിൽ എത്തി. അപ്പോൾ ആദിപുരുഷനായ അവിടന്നു കാഞ്ചനപീഠത്തിൽ ഇരുന്നരുളുകയായിരുന്നു:

കാഞ്ചനപീഠത്തിൽ വാഴുമാദിപുരുഷനെയപ്പോൾ
കൺകുളുൎക്കെക്കണ്ടാവിപ്രൻ നിർവൃതി നേടി.

ബ്രാഹ്മണഭക്തരിൽ അഗ്രിമനായ ശ്രീകൃഷ്ണൻ ആ വിപ്രനെ കണ്ട ഉടനെ ആസനത്തിൽ നിന്നെഴുന്നേററു് എതിരേററു് അദ്ദേഹത്തെ പീഠത്തിൽ ഇരുത്തുകയും, ദേവകൾ, തന്നെ എന്നപോലെ സല്ക്കരിക്കുകയും ചെയ്തു.

5. പൊല്പീഠം വിട്ടുടനേററു ദേവൻ
വിപ്രനെ തൻ ചാരത്തങ്ങിരുത്തി,
തന്നെയാ വിണ്ണവരെന്ന വണ്ണം
നന്നായവനേയും സത്ക്കരിച്ചാൻ.

അനന്തരം ആഹാരം കഴിഞ്ഞു വിശ്രമിക്കുന്ന ആ ബ്രാഹ്മണൻെറ സമീപത്തു ചെന്നു സജ്ജനങ്ങൾക്കാശ്രയമായ ഭഗവാൻ ആ അതിഥിയുടെ പാദങ്ങളെ സംവാഹ

നംചെയ്തുകൊണ്ടു് പതുക്കെ ചോദിച്ചു: "ഹേ, ബ്രാഹ്മണ ശ്രേഷ്ഠ! വലിയ ക്ലേശമൊന്നും കൂടാതെ ലഭിക്കുന്ന ധനം കൊണ്ടു് അങ്ങയുടെ മനസ്സ് എന്നും സന്തുഷ്ടം തന്നെ യല്ലേ? കിട്ടുന്നതു കൊണ്ടു് സന്തോഷിച്ചു് സ്വധർമ്മത്തിൽ വ്യതിചലിയ്ക്കാതിരിക്കുന്ന ബ്രാഹ്മണന്നു് ആയാളുടെ ആ സംതൃപ്തി തന്നെ ഏതാഗ്രഹവും സാധിപ്പിച്ചുകൊള്ളും. സുരേശ്വരനായാലും സന്തുഷ്ടനല്ലെങ്കിൽ, എന്നും കണ്ട നാടൊക്കെ തെണ്ടിത്തിരിയുകയേ ഉള്ളൂ. സംതൃപ്തൻ ദരിദ്രനാണെങ്കിലും യാതൊരവയവങ്ങളേയും ക്ലേശിപ്പി ക്കാതെ സുഖമായി കിടന്നുകൊള്ളും. കിട്ടുന്നതുകൊണ്ടു് മാത്രം സന്തോഷിക്കുന്നവരും, സാധുക്കളും, നിരഹംകാരി കളും, ശാന്തന്മാരുമായ വിപ്രന്മാരെ ഞാൻ വീണ്ടും വീണ്ടും നമസ്കരിക്കുന്നു.

ദ്വിജോത്തമ, നിങ്ങളുടെ അരചനിൽ നിന്നു നാട്ടാൾക്കു നന്മ തന്നെയല്ലെ? പ്രജകളെ സന്തോഷിപ്പിക്കുന്ന രാജാ വിനെ എനിക്കു് ഇഷ്ടമാണു്.

6. വിപ്രമൗലേ, യെങ്ങുനിന്നു പോരുന്നതുമിങ്ങു ഭവാൻ
ക്ഷിപ്രം ദുർഗ്ഗം കടന്നെന്തൊരുദ്ദേശമുള്ളിൽ?
ചൊല്ലിടേണമെല്ലാം ഗോപ്യമല്ലെന്നാകി,—
ലെന്നാൽ കാര്യം
വല്ലതുമുണ്ടെങ്കിലതും മടിച്ചിടാതെ.

അങ്ങു ഇപ്പോൾ എവിടെനിന്നാണു വരുന്നതു്? എ ന്തുദ്ദേശിച്ചാണു സമുദ്രം കടന്നു് ഇങ്ങോട്ടു് പോന്നതു്? രഹസ്യമൊന്നുമല്ലെങ്കിൽ എനിക്കു കേൾക്കാൻ കൌതുക മുണ്ടു്. ഞാൻ നിർവ്വഹിക്കേണ്ടതായി വല്ലതും ഉണ്ടോ?"

ഇങ്ങനെ മായാമാനുഷനായ ഭഗവാൻ ചോദിക്കുന്ന തുകേട്ടു് ബ്രാഹ്മണൻ മറുപടി പറഞ്ഞു:ഭഗവാനേ! രുക്മി

ണിയുടെ ഒരു സന്ദേശവും കൊണ്ടാണ് ഞാൻ വന്നിരിക്കു ന്നതു്. ആ കന്യക തിരുമനസ്സുണർത്തിക്കുകയാണ്; "പ്രഭോ നിന്തിരുവടിയുടെ അലോക സാമാന്യമായ ഗുണഗണങ്ങ ളെക്കുറിച്ചു കേൾക്കുകയാൽ എൻെറ മനസ്സ് ലജ്ജ വിട്ട് ഇപ്പോൾ അങ്ങയിൽ അത്യാസക്തമായി ത്തീൎന്നിരിക്കുന്നു. പുരുഷപുംഗവ, കുലീനയും, മാന്യയും, ധീരയുമായ് ഏ തൊരു കന്യകയാണ് കുലശീലാദിയാൽ തനിക്കനുരൂപ നും, എല്ലാവൎക്കും ഹിതനുമായ അവിടത്തെ തക്കസമയ ത്തു് ഭൎത്താവാക്കാൻ കൊതിക്കാതിരിക്കുക? അതിനാൽ അനന്യശരണയായ ഞാൻ നിന്തിരുവടിയെ പതിയായി വരിച്ചിരിക്കുന്നു. എൻെറ ദേഹം അവിടേക്കു സമൎപ്പിക്കുക യും ചെയ്തിരിക്കുന്നു. എന്നെ പത്നിയായി സ്വീകരിക്കാൻ കനിവുണ്ടാകണം. സിംഹത്തിൻെറബലിയെ കുറുക്കൻ എ ന്നപോലെ അങ്ങയുടെ അംശമായ എന്നെ ആ ശിശുപാ ലൻ തീണ്ടിപ്പോകരുത്. പൂൎത്തം, ഇഷ്ടദത്തം, നിയമം, വ്രതം, ദേവാൎച്ചനം. വിപ്രാൎച്ചനം, ഗുൎവ്വ്ചനം മുതലായവ യാൽ ഞാൻ ഭഗവാനെ ആരാധിച്ചിട്ടുണ്ടെങ്കിൽ, ശ്രീകൃഷ്ണ ഭഗവാൻ വന്ന് എന്നെ പാണിഗ്രഹണം ചെയ്യട്ടെ.

നാളെയാണ് വിവാഹം നിശ്ചയിച്ചിരിക്കുന്നതു്. അതിനാൽ പരിവാരങ്ങളോടുകൂടി അവിടന്ന് സമയത്തി ന്ന എഴുന്നള്ളി ശിശുപാലൻെറയും, ജരാസന്ധൻെറയും സൈന്യങ്ങളെ വെന്ന് ബലാത്കാരേണ വീരശുല്ക്ക യായ എന്നെ രാക്ഷസവിധിയനുസരിച്ച് പാണിഗ്രഹണം ചെയ്യണം. അന്തഃപുരത്തിൻെറ അകത്താണല്ലോ ഞാൻ. ബന്ധുക്കളെയൊന്നും ഹിംസിക്കാതെ എന്നെ എങ്ങനെ പാണിഗ്രഹണം ചെയ്യും എന്നുംമററും ശങ്കിക്കേണ്ടതില്ല. വിവാഹത്തിന്നു തലേന്നാൾ വധു കൊട്ടാരത്തിൽ നിന്ന് പുറത്തുള്ള കുലദേവതയെ—ഗൌരിയെ—വന്ദിക്കാൻ പരി

വാരങ്ങളോടുകൂടി പോകുന്ന ഒരു പതിവുണ്ടു്. അതാണ് ഏററവും പററിയ സന്ദർഭം, എൻെറ പാണിപീഡനത്തിന്നു്.

ദേവ, അജ്ഞാനമാകുന്ന അന്ധകാരം അകററുന്നതിന്നു ശിവൻ എന്നപോലെ, മററു മഹാൻമാരും നിന്തിരുവടിയുടെ പാദപങ്കജരജസ്സിൽ മുഴകാൻ കൊതിക്കുന്നു. തത്താദൃശനായ അവിടത്തെ അനുഗ്രഹം ഈ ദാസിയിൽ ഉണ്ടാവാത്തപക്ഷം, വ്രതകൃശങ്ങളായപ്രാണങ്ങളെ ഞാൻ വെടിയുകതന്നെ ചെയ്യും. അങ്ങയെ ലഭിക്കുന്നതുവരെ ഇങ്ങനെ എത്ര ജന്മങ്ങൾ വേണമെങ്കിലും ഞാൻ ക്ലേശിച്ചുകൊള്ളാം.''

യദുപതേ, ഇതാണ് രുക്മിണിയുടെ സന്ദേശം. എൻെറ കർത്തവ്യം ഞാൻ നിറവേററി. ഇനിഅവിടത്തെ തിരുവുള്ളം.

7. വൈദർഭിതന്നുടെ സന്ദേശമീവിധം
വേദിയൻ ചൊന്നതു കേട്ടനേരം
യാദവമൗലി തത്പാണിയും പൂണ്ടുടൻ
മോദിച്ചു പുഞ്ചിരി തൂകിയോതി:

ഇങ്ങനെ രുക്മിണിയുടെ സന്ദേശമറിയിച്ച ആ ബ്രാഹ്മണൻെറ കയ്യിൽ പിടിച്ചു പുഞ്ചിരി തൂകിക്കൊണ്ടു് ഭഗവാൻ മൊഴിഞ്ഞു:

8. ''അമ്മട്ടു തന്നെയിങ്ങെന്മനസ്സും
തന്മയമായിച്ചമഞ്ഞ മൂലം
നിദ്രയിങ്ങില്ലിലുമില്ലാതായി–
തിദ്രോഹം ചെയ്തതാ രുക്മിയത്രെ.

ഞാനും അവളെത്തന്നെ നിനച്ചുകൊണ്ടിരിക്കയാണ്." എൻെറ വൈരിയായ രുക്മിയാണ് ഈ വിവാഹം മുടക്കിയതെന്നും എനിക്കറിയാം.

9. എങ്കിലും മത്പരയാമവളെ-
യേധസ്സിൽ നിന്നഗ്നിഞ്ജ്വാലയെപ്പോൽ
ഉന്മഥിച്ചാ രാജപാശന്മാരെ
സംഗരം തന്നിൽ, ഞാൻ കൊണ്ടുപോരും.

എങ്കിലും അനവരതം എന്നെത്തന്നെ ധ്യാനിച്ചുകൊണ്ടിരിക്കുന്ന ആ സുന്ദരിയെ അരണിയിൽനിന്ന് അഗ്നിശിഖയെ എന്നപോലെ, നീചന്മാരായ ആ രാജാക്കന്മാരെ ഉന്മഥിച്ചു ഞാൻ കൊണ്ടുപോരുന്നുണ്ട്."

അനന്തരം ശ്രീകൃഷ്ണൻ രുക്മിണിയുടെ വിവാഹനക്ഷത്രമറിഞ്ഞപ്പോൾ തൻെറ തേരാളിയായ ദാരുകനെ വിളിച്ചു തേരു തയ്യാറാക്കാൻ കല്പിച്ചു. ഉടനെ അവൻ ശൈബ്യം, സുഗ്രീവം, മേഘപുഷ്പം, ബലാഹകം എന്നു പേരുള്ള നാലു കുതിരകളെ പൂട്ടിക്കെട്ടിയ രഥം കൊണ്ടുവന്നു ഭഗവാൻെറ തിരുമുമ്പിൽ കൈകൂപ്പി നിന്നു.

10 ശൗരിയുമാദ്യമായദ്വിജനെ
തേരിലുംകേററിയിരുത്തിപ്പിന്നെ
താനും കയറിയിരുന്നുവേഗ-
മാനർത്തം വിട്ടങ്ങു യാത്രയായി.

ശ്രീകൃഷ്ണൻ ആദ്യം ആ ബ്രാഹ്മണനെ തേരിൽ കയററിയിരുത്തി വഴിയെ താനും കയറി. അതാണല്ലൊ ആര്യ മര്യാദ.

അതിവേഗത്തിൽപായുന്ന ആ കുതിരകൾ ഒരൊററ രാത്രികൊണ്ടു തന്നെ അവരെ ദ്വാരകയിൽനിന്നു വിദർഭത്തിൽ എത്തിക്കുകയും ചെയ്തു.

11 ഒരു രാവുകൊണ്ടേ ഭീഷ്മപുരം പൂകി വേഗംകൂട്ടം-
തുരംഗങ്ങളാലേ മായാമാനുഷൻ ദേവൻ

കല്ല്യാണക്കോപ്പണിഞ്ഞ വിദർഭപുരി അപ്പോൾ ആരേയും ആകർഷിക്കത്തക്കവണ്ണം അഴകററതായിരുന്നു. പുത്രീസ്നേഹത്തിന്നു വിധേയനായ കുണ്ഡിനരാജാവ് തൻെറ മകളെ ശിശുപാലന്നു കൊടുപ്പാൻ നിശ്ചയിച്ച് അതിന്നു വേണ്ടുന്ന സംഭാരങ്ങളെല്ലാം സജ്ജമാക്കി.

കൊടിമരത്തിൽ പാറിപ്പറക്കുന്ന പലനിറത്തിലുള്ള പതാകകൾ, വർണ്ണപ്പകിട്ടുള്ള തോരണങ്ങൾ, മാലയും മലരും, ആഭരണങ്ങളും, നിർമ്മലവസ്ത്രങ്ങളും ധരിച്ചിട്ടുള്ള സ്ത്രീപുരുഷന്മാർ, നറുമണം കലന്ന അകിൽപ്പുക വമിക്കുന്ന മണിമാളികകൾ, അടിച്ചുതളിച്ച് അന്തസ്സു വരുത്തിയിട്ടുള്ള രാജവീഥികൾ—അങ്ങനെ കുണ്ഡിനപുരി അണിഞ്ഞൊരുങ്ങി കല്യാണമുഹൂർത്തവും കാത്തിരിക്കുകയാണ്.

വിവാഹമുഹൂർത്തം അടുത്തു തുടങ്ങി. പിതൃക്കളേയും, ദേവന്മാരേയും യഥാവിധി പൂജിച്ചതിന്നുശേഷം ശാസ്ത്രവിധിയനുസരിച്ചുതന്നെ ബ്രാഹ്മണരേയും ഊട്ടിച്ചു. അനന്തരം കന്യകയെ ഉദ്ദേശിച്ച് മംഗളവാചകം ചൊല്ലുന്നതിന്ന് പുരോഹിതന്മാർ ആരംഭിക്കുകയും ചെയ്തു. അപ്പോൾ—

12 സുസ്നാതയായസ്സുദതി താനും
കല്യാണക്കാപ്പുമണിഞ്ഞുകയ്യിൽ
കോടിയിണപ്പട്ടും ചാത്തി നന്നായ്
ഭൂഷണഭൂഷിതയായ്പ്പിളങ്ങി.

സുഗന്ധതൈലം തേച്ചു മുങ്ങിക്കുളിച്ച്, വിവാഹക്കാപ്പുകെട്ടി, ഇണപ്പുടവയുടുത്ത്, വിശിഷ്ടാഭരണങ്ങളും

ചാർത്തി മനോഹാരിണിയായ രുക്മിണി ഒരു ദേവസുന്ദരിയെപ്പോലെ ശോഭിച്ചു. അനന്തരം ബ്രാഹ്മണശ്രേഷ്ഠന്മാർ സാമാദി മന്ത്രങ്ങൾകൊണ്ടു് കന്യകയുടെ രക്ഷാബന്ധവും, അഥർവ്വജ്ഞന്മാരായ പുരോഹിതന്മാർ ഗ്രഹശാന്തിയും യഥാവിധി നിർവ്വഹിച്ചു.

തദവസരത്തിൽ പണ്ഡിതശ്രേഷ്ഠനായ ഭീഷ്മകൻ—

13 സ്വർണ്ണവും, വെള്ളിയും, വസ്ത്രങ്ങളും,
ശർക്കര ചേർത്തതാമെള്ളും പിന്നെ
ധേനുക്കളേയുമാ വിജ്ഞൻ ഭൂപൻ
വേദിയർക്കേകിനാൻ വേണ്ടുംവണ്ണം.

സ്വർണ്ണം, വെള്ളി, ശർക്കരകലർന്ന എള്ളു്, വസ്ത്രങ്ങൾ, പശുക്കൾ എന്നിവയെ ബ്രാഹ്മണർക്കു് ദാനം ചെയ്തു.

ഭീഷ്മകനെപ്പോലെതന്നെ ചേദിരാജാവായ ദമഘോഷനും മണവാളനാകാൻ പോകുന്ന തൻെറ മകൻെറ നന്മയ്ക്കുള്ള വൈദികകർമ്മങ്ങളെല്ലാം മന്ത്രജ്ഞന്മാരായ ബ്രാഹ്മണരെക്കൊണ്ടു് യഥാവിധി ചെയ്യിച്ചു. അതിനുശേഷം—

14 മത്തവാരണേന്ദ്രന്മാരും, പത്തിയും, പൊന്മാല
മുത്തമരഥങ്ങളു,മങ്ങശ്വങ്ങളുമായ്         മിന്നു—
ദമഘോഷസുതനാകും ശിശുപാലൻ യാത്രയായി—
തമന്ദമാം മോദത്തോടും വിദർഭം നോക്കി.

സ്വർണ്ണമാലകളോടുകൂടിയ രഥങ്ങൾ, മദമൊഴുകുന്ന ഗജങ്ങൾ, കുതിരകൾ, കാലാൾപ്പട എന്നിങ്ങനെയുള്ള ചതുരംഗസേനയോടുകൂടി ശിശുപാലൻ കുണ്ഡിനത്തിലേക്കു് യാത്രയായി. പ്രതാപിയായ ആ രാജകുമാരൻ യഥാവസരം വിദർഭത്തിൽ എത്തുകയും ചെയ്തു.

രുക്മി തൻെറ ഭഗിനിയുടെ ഭർത്താവാകാൻ പോകുന്ന ശിശുപാലനെ യഥോചിതം എതിരേററു സല്ക്കരിക്കുകയും, വരപക്ഷത്തിന്നു പ്രത്യേകം സജ്ജമാക്കിയിരുന്ന കൊട്ടാരത്തിലേക്കു് ആനയിക്കുകയും ചെയ്തു. കൂടാതെ സാല്വൻ, ജരാസന്ധൻ, ദന്തവക്ത്രൻ, വിദൂരഥൻ, പൌണ്ഡ്രകൻ മുതലായി ശിശുപാലൻെറ കക്ഷിയിൽപ്പെട്ട മററനേകം രാജാക്കന്മാരും അവരവരുടെ പരിവാരങ്ങളോടൊരുമിച്ചു് അവിടെ വന്നു ചേർന്നിരുന്നു. ബലരാമൻ മുതലായ യദുക്കളുടെ സഹായത്തോടുകൂടി ശ്രീകൃഷ്ണൻ കന്യകയെ അപഹരിക്കാനാണു് ഭാവമെങ്കിൽ, സംഘം ചേർന്നു് അവരോടു പൊരുതി അവളെ ശിശുപാലനുതന്നെ കിട്ടുമാറാക്കണം എന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു രാമകൃഷ്ണന്മാരോടു് വിരോധികളായ അവർ അവിടെ വന്നു ചേർന്നിരുന്നതു്.

ശത്രുരാജാക്കന്മാരുടെ ഈ സമരസന്നാഹവും, ശ്രീകൃഷ്ണൻെറ ഒററയ്ക്കുള്ള യാത്രയും അറിഞ്ഞു ബലദേവൻെറ മനസ്സു് അസ്വസ്ഥമായിത്തീർന്നു. കലഹമുണ്ടായേക്കുമോ എന്നാണു് അദ്ദേഹത്തിന്നു സംശയം.

ഭ്രാതൃസ്നേഹത്തിൽ മുഴുകിയ ലാംഗലി ഉടനെ ചതുരംഗപ്പടയോടുകൂടി കുണ്ഡിനത്തിലേക്കു് പുറപ്പെട്ടു.

തദവസരത്തിൽ രുക്മിണി കൃഷ്ണൻെറ വരവു കാത്തുകൊണ്ടു് അക്ഷമയായി അന്തഃപുരത്തിൽ സമയം തള്ളിനീക്കുകയായിരുന്നു. ബ്രാഹ്മണൻ തിരിച്ചു വരുന്നതു കാണാതായപ്പോൾ അവൾക്കു് വിചാരമായി.

15 മുററും ഭാഗ്യഹീനയാമെൻ വിവാഹത്തിന്നിടയിനി–
യൊററ രാവേയുള്ളു, ദേവൻ വന്നും കാണ്മീല!
എന്തിതിന്നു മൂലമെന്നതേതുമേ ഞാനറിഞ്ഞീല,
ഹന്ത, മമ ചേതസ്സേററം പിടിച്ചീടുന്നു.

എന്തൊരു ഭാഗ്യഹീനയാണു് ഞാൻ. വിവാഹത്തിന്നു് ഇനി ഒരൊററ രാത്രിയേ ഇടയുള്ളു. ഭഗവാനെ കാണുന്നുമില്ല. കാരണം എന്തായിരിക്കാം. എൻെറ മനസ്സ തപിക്കുന്നു. എന്നു മാത്രമല്ല—

16 എന്തു ചെയ്‌വൂ, മത്സന്ദേശം കൊണ്ടുപോ
യാബ്ഭൂസുരനും
ഹന്ത, തിരിച്ചെത്തിയതില്ലിത്ര നേരവും!

എൻെറ സംശയം വർദ്ധിക്കുകയാണു്—

17 നിർമ്മലനാമങ്ങുന്നെന്നിൽ വല്ല തെററും കാണുക മൂലം
സമ്മതമല്ലീവിവാഹമെന്നു ചൊല്ലിയോ?

അതിനാൽ ആ സാധു ബ്രാഹ്മണൻ—

18 ഈയനിഷ്ടമെന്നോടോതാൻ മടിച്ചിങ്ങുവരാഞ്ഞുയോ?
തോയജാക്ഷൻ പറഞ്ഞൊപ്പം പോരാൻ
പാൎക്കുന്നോ?

ഭഗവാനേ അനിഷ്ടങ്ങളൊന്നും സംഭവിക്കാതിരിക്കട്ടെ!

19 കണ്ണനിലാസക്തചിത്തയായാ—
ക്കന്യയുമീവിധമോരോന്നോൎത്താൾ.

ശ്രീകൃഷ്ണനിൽ അത്യാസക്തയായിത്തീൎന്ന ആ കന്യക ഇങ്ങനെ പലതും ശങ്കിച്ചു.

20 എങ്കിലും കാലജ്ഞയാകമൂലം
പങ്കജലോചനയാശ്വസിച്ചാൾ,
കണ്ണീരാലാവിലമായുള്ള തൻ
കണ്ണും കറഞ്ഞൊന്നടച്ചിതപ്പോൾ.

എങ്കിലും ഭഗവാൻെറ എഴുന്നള്ളത്തിനുള്ള സമയം അതിക്രമിച്ചിട്ടില്ലെന്നു് കാണുകയാൽ അവൾക്കു്

അല്പം ആശ്വാസം തോന്നി. അങ്ങനെ കണ്ണീർകൊണ്ടു് കലങ്ങിയ മിഴികളെ അവൾ കുറഞ്ഞൊന്നു് അടച്ചു.

ഇങ്ങനെ ഭഗവാൻെറ വരവു കാത്തുകൊണ്ടിരിക്കുന്ന രുക്മിണിയുടെ ഇടത്തെ തുടയും, കയ്യും, കണ്ണും തുടിച്ചു തുടങ്ങി. മംഗളസൂചകമായ അതു് അവളെ ആശ്വസിപ്പിച്ചു. അങ്ങനെ ഏതാനും നീണ്ട നിമിഷങ്ങൾ ഇഴഞ്ഞുപോയി. അപ്പോഴേയ്ക്കും ശ്രീകൃഷ്ണനെ കാണാൻ ചെന്നിരുന്ന ആ ബ്രാഹ്മണൻ അവിടെ എത്തി.

21 അന്തഃപുരാന്തരേ വെമ്പൽകൊള്ളും
ബന്ധുരഗാത്രിയാം രുക്മിണിയെ
സന്ദേശ വാഹകനായിട്ടന്നോ-
രന്തണൻ താനുമണഞ്ഞു കണ്ടാൻ.

ആ ബ്രാഹ്മണൻെറ പ്രസന്നമായ മുഖഭാവവും, പരിഭ്രമമില്ലാത്ത നടത്തവും കണ്ടു് സതിയും ലക്ഷണജ്ഞയുമായ രുക്മിണി പുഞ്ചിരിപൂത്ത മുഖത്തോടുകൂടി അദ്ദേഹത്തോടു് വത്തമാനങ്ങളെല്ലാം ചോദിച്ചു. അതുകേട്ടു് ആ ബ്രാഹ്മണൻ മറുപടി പറഞ്ഞു:

22 മാഴ്കായ്ക മാന്മിഴി, മാധവനിങ്ങുണ്ടു് മാംഗല്യ
വേലയും കാത്തിരിപ്പൂ.

"വത്സേ, സമാധാനിക്കുക; യദുവീരൻ ഇവിടെ എത്തിയിട്ടുണ്ടു്. നിന്നെ പത്നിയായി സ്വീകരിക്കാമെന്നും സമ്മതിച്ചിരിക്കുന്നു.

കർണ്ണപീയൂഷമായ ആ വാത്തകേട്ടു രുക്മിണിയുടെ മെയ്യാകെ കോരിത്തരിച്ചു. ആ പരമോപകാരിക്കു് സമ്മാനിക്കാൻ ഏററവും പററിയതായി തല്ക്കാലം മറെറാന്നും കാണായ്കയാൽ ആ കന്യക പെട്ടെന്നു്

നമസ്കരിക്കുകയാണ് ചെയ്തത്. ആരും നമിക്കുന്ന ഐശ്വര്യദേവതയുടെ അവതാരമായ രുക്മിണി തന്നെ സ്വയം ഒരുവനെ നമസ്കരിക്കുക, ഹാ, അതിലും കവിഞ്ഞ് എന്തുണ്ടൊരു സമ്മാനം!

തൻെറ മകളുടെ വിവാഹമഹോത്സവം കാണ്മാൻ കൗതുകത്തോടുകൂടി ബലരാമനും ശ്രീകൃഷ്ണനും വന്നിട്ടുണ്ടെന്നു കേട്ട വാദ്യഘോഷത്തോടും, പൂജാദ്രവ്യങ്ങളോടും കൂടി ഭീഷ്മകൻ ചെന്നെതിരേററ് മധുപർക്കവും, ശുഭ്രവസ്ത്രങ്ങളും, അഭീഷ്ടങ്ങളായ മററു കാഴ്ചദ്രവ്യങ്ങളും മുമ്പിൽവെച്ചു യഥാവിധി അവരെ സല്ക്കരിച്ചു. അനന്തരം മഹാമതിയായ അദ്ദേഹം, സൈന്യവും അംഗരക്ഷകന്മാരുമായി വന്നിരിക്കുന്ന അവരെ സമീപത്തുതന്നെ സൗകര്യമുള്ള ഒരു സ്ഥലത്തു പാർപ്പിക്കുകയും ചെയ്തു.

ശ്രീകൃഷ്ണൻ വന്നിട്ടുണ്ടെന്നറിഞ്ഞു വിദർഭത്തിലെ ജനങ്ങൾ അദ്ദേഹത്തെ ഒരു കണ്ണു കാണ്മാൻ കൊതിച്ച് അവിടെ തിക്കിത്തിരക്കി. അവർ—

23 കണ്ണിമയ്ക്കാതെ താൻ തേജസ്സു വായ്ക്കുമാ-
ക്കണ്ണൻെറ നന്മുഖം നോക്കി നിന്നാർ.

തേജസ്സുജ്ജ്വലിക്കുന്ന ശ്രീകൃഷ്ണൻെറ മുഖപദ്മത്തിൽ തന്നെ കണ്ണും നട്ടുകൊണ്ട് അവർ നിന്നു. അങ്ങനെ ആശ്ചര്യഭരിതരായി അല്പനേരം നിന്നതിന്നുശേഷം അവർ ആശംസിച്ചു:

24 "സ്വല്പമെന്നാകിലും പുണ്യമുണ്ടു നമുക്കെന്നാകിലോ
മുപ്പാരിന്നുമുടയവൻ സന്തുഷ്ടനായി
ആശീർവ്വദിക്കേണം നമ്മെ; വൈദർഭിതൻ
പാണിഗ്രഹം
കേശവൻ താൻ നിനച്ചോണം നടത്തീടേണം,

രുക്മിണിക്കു് ഏററവും അനുരൂപനായ ഭർത്താവു് ഈ കോമളാംഗനാണു്. ഇദ്ദേഹത്തിന്നു് ഇണങ്ങിയ പത്നി ഈ സുന്ദരിയും. ഇത്രയും പൊരുത്തമൊത്ത വധൂവരന്മാരെ മറെറങ്ങും കാണുകയില്ല. പുണ്യത്തിൻെറ ഒരു കണികയെങ്കിലും നമുക്കുണ്ടെങ്കിൽ മൂപ്പാരിന്നും ഉടയവനായ ഭഗവാൻ കനിഞ്ഞു രുക്മിണിയെ ശ്രീകൃഷ്ണൻ തന്നെ വേൾക്കുമാറാകട്ടെ.''

ഇങ്ങനെ അകം നിറഞ്ഞ പ്രേമത്തോടുകൂടി പൗരാവലി ആശംസിക്കുകയാണു്. അപ്പോൾ അംഗരക്ഷകന്മാരായ ഭടന്മാരോടുകൂടി അന്തഃപുരത്തിൽനിന്നു് കന്യക ഗൗരീക്ഷേത്രത്തിലേയ്ക്കു് പുറപ്പെട്ടു. മുകുന്ദൻെറ പാദപദ്മങ്ങളെത്തന്നെ ധ്യാനിച്ചുകൊണ്ടാണു് അവൾ അടിമേൽ അടിവെച്ചുകൊണ്ടു നടന്നതു്. മാതാവു മുതലായ മുതിന്ന സ്ത്രീകളും, സമശീഷകളായ തോഴിമാരും അവളെ അനുഗമിച്ചു. മൃദംഗം മുതലായ വാദ്യങ്ങൾ മുഴക്കപ്പെട്ടു. അവൾ മൌനമായി മുന്നോട്ടു നീങ്ങി.

പല തരത്തിലുള്ള കാഴ്ചദ്രവ്യങ്ങളോടുകൂടി വാരസ്ത്രീകളും, മാല, ചന്ദനം മുതലായ മാംഗളപദാൎത്ഥങ്ങളേന്തി അണിഞ്ഞൊരുങ്ങിയ അന്തഃപുരസ്ത്രീകളും കന്യകയുടെ മുമ്പിൽ നടന്നു. ഗായകന്മാർ, മേളക്കാർ, സൂതമാഗധവന്ദികൾ എന്നിവരും രാജകുമാരിയെ അകംപടി സേവിച്ചു.

കന്യക ദേവീക്ഷേത്രത്തിൽ എത്തി, കൈകാൽ കഴുകി, വെള്ളം തൊട്ടു കണ്ണും മുഖവും ശുദ്ധി വരുത്തി, മനശ്ശാന്തിയോടെ ഗൌരിയുടെ തിരുമുമ്പിൽ ചെന്നു നിന്നു. ആചാരമര്യാദയറിയുന്ന ആരണവൃദ്ധകൾ ഭവനോടൊരുമിച്ചെഴുന്നരുളുന്ന ഭവാനിയെ ആ കന്യകയെ

ക്കൊണ്ടു് നമസ്കരിപ്പിച്ചു. അവൾ ദേവിയുടെ കാല്ക്കൽ തലതാഴ്ത്തിക്കൊണ്ടു് അകമേ ഇങ്ങനെ പ്രാൎത്ഥിച്ചു.

25 "സ്വന്തം പുത്രന്മാരുമായിസ്സന്തതം വിളങ്ങും തായേ!
ചെന്താരടി കൂപ്പുന്നേൻ ഞാൻ കല്യാണദാത്രി!
എൻ പതിയായ്ത്തീൎന്നീടേണമംബുജാക്ഷൻ യദുവീര-
നംബികേ, നീയതിന്നിന്നു കനിഞ്ഞീടേണം.

സ്കന്ദൻ മുതലായ സന്താനങ്ങളോടുകൂടി സന്തതം സന്തോഷിച്ചരുളുന്ന അംബികേ! കല്യാണപ്രദയായ നിന്തിരുവടിയെ ഞാനിതാ കുമ്പിട്ടുകൂപ്പുന്നു, യാദവശ്രേഷ്ഠനായ ഭഗവാൻ എൻെറ പതിയായിത്തീരുന്നതിന്നു് അവിടന്നു് അനുഗ്രഹിക്കേണമേ!"

അതിന്നുശേഷം രുക്മിണി, ചന്ദനം, അക്ഷതം, ധൂപം, ദീപം, വസ്ത്രം, മാല, അലങ്കാരം എന്നിവകൊണ്ടും വെവ്വേറെ ഗൌരിയെ ആരാധിച്ചു. കൂടാതെ അപൂപം, താംബൂലം, കണ്ഠസൂത്രം, നാളികേരം, കരിമ്പു ഇവകൊണ്ടു് ഭൎത്തൃമതികളായ ബ്രാഹ്മണസ്ത്രീകളേയും അവൾ പൂജിച്ചു. സംതൃപ്തകളായ അവർ അവയെല്ലാം സ്വീകരിച്ചതിന്നുശേഷം പ്രസാദം നല്കി അവളെ അനുഗ്രഹിക്കുകയും ചെയ്തു. അനന്തരം അവരേയും അംബികയേയും കന്യക നമസ്കരിച്ചു. പിന്നീടു് മൌനമുപേക്ഷിച്ചു.

26 സാരസാക്ഷി രുക്മിണിയും മൌനവും വെടി
ഞ്ഞ നേരം
വൈര മോതിരത്തിൻ കാന്തി ചിതറും കയ്യാൽ
ജന്യയുടെ കയ്യും പിടിച്ചംബികാലയത്തിൽനിന്നും
മന്ദം മന്ദം പുറത്തേയ്ക്കു നടന്നുകൊണ്ടാൾ.

രത്നമോതിരത്താൽ തിളങ്ങുന്ന കയ്യുകൊണ്ടു് തോഴിയുടെ കയ്യിൽ പിടിച്ചു ഗൌരീക്ഷേത്രത്തിൽനിന്നു പതുക്കെ പുറപ്പെട്ടു;

27 മണ്ഡനംപോലുള്ള മദ്ധ്യദേശം,
കുണ്ഡലഷണ്ഡാഭചേരുമാസ്യം,
ഉന്നതം മാറിടം, രത്നകാഞ്ചി-
ചേൎന്നു ചേലുററ നിതംബബിംബം,
ചേതോവിമോഹനം യൌവനശ്രീ,
കാതോളം നീണ്ടുള്ള കണ്ണിണകൾ,

അഞ്ചിതം പുഞ്ചിരി, തൊണ്ടിപോലാം
ചെഞ്ചുണ്ടിൻ കാന്തി കളിക്കയാലേ
ചെമ്മുല്ലമൊട്ടു പോലുള്ള ദന്തം,
ശിഞ്ജിതമഞ്ജീരം മിന്നും പാദം,
ഏവമാസ്സുന്ദരി രുക്മിണിയും
ദേവിതന്നാലയം വിട്ടു മന്ദം

മോഹിനിയെന്നു താൻ കാണ്മോരെല്ലാ-
മൂഹിക്കുംവണ്ണം പുറത്തു പോന്നാൾ
താൎത്തേന്മൊഴിയാളെ കണ്ടനേരം
കീൎത്തിമാന്മാരായ വീരന്മാരും
മാരൻ തൻ കൂൎത്ത ശരങ്ങളേററു
തീരഞ്ചും കെട്ടങ്ങു മോഹിച്ചുപോയ്.

കടഞ്ഞു മിനുക്കിയതുപോലുള്ള കടിതടം, കുണ്ഡലങ്ങൾകൊണ്ടു വെട്ടിത്തിളങ്ങുന്ന മുഖകമലം, ആകൎഷകമായ നവയൌവനം, രത്നമേഖലയണിഞ്ഞ നിതംബബിംബം, ഉന്നതമായ മാറിടം, മുടിയിൽ കുടുങ്ങുമോ എന്നു ശങ്കിക്കുന്നതുപോലുള്ള—കാതോളം നീണ്ട—കണ്ണുകൾ, ശുദ്ധമായ പുഞ്ചിരി, തൊണ്ടിപ്പഴമൊത്ത ചു

ണ്ടിൻെറ കാന്തികൊണ്ടു തുടുത്ത മുല്ലമൊട്ടുകൾപോലുള്ള പല്ലുകൾ, ശബ്ദിക്കുന്ന നൂപുരങ്ങളുടെ ശോഭകൊണ്ടു ഒളി ചിതറുന്ന കാലടികൾ—ഏതാദൃശമായ ആകൃതിവിശേഷത്തോടുകൂടിയ രുക്മിണി ഗൌരീക്ഷേത്രത്തിൽനിന്നു് മന്ദം മന്ദം പുറത്തേക്കു വരുന്നതു കണ്ടാൽ സാക്ഷാൽ വിഷ്ണുമായയാണോ എന്നുതന്നെ തോന്നിപ്പോകും. ആ ദിവ്യസുന്ദരിയെ കണ്ടു് അവിടെ വന്നുകൂടിയിരുന്ന കീർത്തിമാന്മാരായ വീരന്മാർപോലും മദനമാലുററു മയങ്ങിപ്പോയി.

നടക്കുകയാണെന്ന നാട്യത്തിൽ തൻെറ ശോഭയെ ഹരിയ്ക്കു സമർപ്പിക്കുന്ന ആ കന്യകയുടെ ഭാവഹാവങ്ങളാൽ മനം കവരപ്പെട്ട മന്നവന്മാർ അസ്ത്രങ്ങളുപേക്ഷിക്കുകയും, അവനവൻെറ വാഹനങ്ങളിൽനിന്നു നിലം പതിക്കുകയും ചെയ്തു.

ചലിക്കുന്ന താമരമൊട്ടുകൾപോലുള്ള കാലടികൾ മെല്ലെ മെല്ലെ വെച്ചു് അവൾ തൻെറ പ്രാണപ്രിയൻ എവിടെയാണെന്നറിയാൻ തൂങ്ങിക്കിടക്കുന്ന അളകങ്ങളെ ഇടം കൈവിരൽത്തുമ്പുകൊണ്ടു് അകററി ലജ്ജയോടുക്രൂടി ഇടംകണ്ണുകൊണ്ടു് അവിടെക്കൂടിയിരുന്ന അരചന്മാരുടെ നേരെ നോക്കി. ഉടനെ അവൾ അവിടെ തൻെറ പ്രാണവല്ലഭനെ കാണുകയും ചെയ്തു.

28 തേരിൽക്കയറുവാനന്നുമാക്കന്യയെ
വാരിജലോചനൻ താനുമപ്പോൾ
വൈരികളെല്ലാരും നോക്കിനിന്നീടവെ
തേരിലും കേററിത്തിരിച്ചുകൊണ്ടാൻ.

കാമുകനെ കണ്ടപ്പോൾ സന്തുഷ്ടയായ രുക്മിണി തന്നെ തേരിൽ കയററണം എന്ന വിവക്ഷയോടുകൂടി

ശ്രീകൃഷ്ണനെ കടക്കണ്ണുകൊണ്ടു് നോക്കി, പിന്നെ, താമസ മൊന്നുമുണ്ടായില്ല; പ്രക്ഷുബ്ധന്മാരായ ആ രാജാക്കന്മാ രുടെ കൺമുമ്പിൽവെച്ചുതന്നെ ഭഗവാൻ ആ രാജകന്യ കയെ ഗരുഡക്കൊടിക്കൂറ പാറിക്കളിക്കുന്ന തൻെറ തേ രിൽ പിടിച്ചുകയററി അവിടെനിന്നു് തിരിക്കുകയും ചെയ്തു.

---

# പ്രദ്യുമ്നൻ

## മംഗളം

"കന്ദർപ്പപ്രതിമല്ലകാന്തിവിഭവം,
കാദംബിനീബാന്ധവം,
വൃന്ദാരണ്യ വിലാസിനീ വ്യസനിനം,
വേഷേണഭൂഷാമയം,
മന്ദസ്മേരമുഖാംബുജം, മധുരിമ-
വ്യാമൃഷ്ടബിംബാധരം,
വന്ദേ കന്ദളിതാർദ്രയൗവനവനം
കൈശോരകം ശാർങ്ഗിണഃ" (ശ്രീകൃ.ക)

നിർമ്മലൻ നിത്യൻ നിരഞ്ജനൻ നിസ്പൃഹൻ
കർമ്മപാശങ്ങളറുക്കുന്ന തമ്പുരാൻ
എന്മനഃപീഠത്തിലെന്നും വസിപ്പവൻ
ചിന്മയൻ മാമയൻ കാത്തരുളേണമേ!

KOTTAYAM PUBLIC LIBRARY
50350

കല്യാണദാത്രിയാം മല്ലാരിവല്ലഭേ,
കല്യാമയംതീൎത്തു കാത്തുകൊൾകെന്നെ നീ,
മല്ലാരിപുത്രനാം പ്രദ്യുമ്നവീരൻെറ
ചൊല്ലെഴും സത്ക്കഥ ചൊല്ലുന്നു ഞാനിതാ
ഉല്ലാസദായകം സന്താനഹേതുകം
ചൊല്ലും ജനത്തിനും കേൾക്കുന്നവൎക്കുമേ.

1 ഈശക്കൊട്ടുംകോപത്തിയ്യതിലിയ്യലായ്
നാശത്തിലാണ്ടൊരക്കാമദേവൻ,
വാസുദേവാംശമായുള്ളവൻ, വീണ്ടുമേ
വാസുദേവാത്മജനായ്പ്പിറന്നാൻ.

ശ്രീ വാസുദേവാംശമായ കാമദേവൻ, പണ്ട് ശിവകോപാഗ്നിക്കിരയായിത്തീൎന്നതിനുശേഷം വീണ്ടും ശ്രീകൃഷ്ണൻെറ പുത്രനായിത്തന്നെ ജനിച്ചു. അതാണ് രുക്മിണിയിൽ പിറന്ന സുപ്രസിദ്ധനായ പ്രദ്യുമ്നൻ.

2 തുല്യനാണായവനെല്ലാംകൊണ്ടും
മല്ലാരിക്കെന്നതുമോൎത്തീടേണം

അവൻെറ ആകൃതിയും പ്രകൃതിയും അച്ഛൻേറതു തന്നെ; യാതൊരു വ്യത്യാസവുമില്ല.

കാൎയ്യം ഗ്രഹിച്ച് കാമൻെറ ശത്രുവായ ശംബരാസുരൻ ഒരു ദിവസം ആരുമറിയാതെ സൂതികാഗൃഹത്തിൽ കടന്നു. പ്രസവിച്ച് പത്തുദിവസംപോലും തികയാത്ത ആ ഇളം പൈതലിനെ എടുത്തുകൊണ്ടുപോയി സമുദ്രത്തിൽ എറിഞ്ഞുകളഞ്ഞു.

3 കട്ടക്കിടാങ്ങളെപ്പോലുമേ കാഴ്ചയായ്
ദുഷ്ടന്മാർ കാലന്നു നല്കുമല്ലോ.

അപ്പോൾ സമുദ്രത്തിൽ ഇരതേടിത്തിരഞ്ഞിരുന്ന ഒരു ക്രൂരനൻ മത്സ്യം ആ കുഞ്ഞിനെ പിടിച്ച വിഴുങ്ങി. അപ്പോഴേയ്ക്കും അതാ വരുന്നു, ഒരു കൂട്ടം മുക്കുവന്മാർ, വലയുംകൊണ്ട്. താമസമൊന്നുമുണ്ടായില്ല, ആ മീൻ അവരുടെ വലയിൽ കുടുങ്ങാൻ. ആ മത്സ്യഖാദികൾ ആർത്തുവിളിച്ചു. അത്രയും കനത്തൊരു ഉരുപ്പടി അതിനു മുമ്പ് അവൾക്ക്കിട്ടിയിരുന്നില്ല. കരയ്ക്കു് വലിച്ചുകയററി താങ്ങിപ്പിടിച്ചുകൊണ്ടു് അവർ അതിനെ എങ്ങോട്ടേക്കാണ് കൊണ്ടുപോയതെന്നോ,–ഈശ്വരവിലാസം എന്നല്ലാതെ എന്തുപറയട്ടെ—ശംബരന്റെ തിരുമുമ്പിലേയ്ക്കു്. പണ്ടും നല്ലതൊക്കെ വലിയവർക്കാണല്ലോ. പോരെങ്കിൽ–"രത്നഹാരീതു പാർത്ഥിവ:" എന്നു് പ്രമാണവുമുണ്ടു്. അവർ അതിനെ അസുരപ്രമാണിക്കു് കാഴ്ചവെച്ചു. തിരുമേനിക്കു് സന്തോഷമായി.

4 പാകശാലയിൽ കൊണ്ടുപോയ്സ്സൂദന്മാർ
പാകംപോലതു കീറിമുറിക്കവേ,
കണ്ടകാഴ്ചയെന്തോതട്ടെ.—അദ്ഭുതം
കൊണ്ടവരങ്ങു തൂണുപോൽ നിന്നുപോയ്!

പാചകന്മാർ ആ മീനിനെ അടുക്കളയിൽ കൊണ്ടുപോയി കീറിമുറിച്ചു. അപ്പോൾ കണ്ട കാഴ്ച അവരെ അമ്പരപ്പിച്ചുപോയി. എന്തെന്നോ! ആ മത്സ്യത്തിൻെറ അകത്തു് ഒരൊന്നാംതരം ആൺകുഞ്ഞു്! അവർ ഓടിച്ചെന്നു് ഈ വർത്തമാനം മായാവതിയെ അറിയിച്ചു. അതുകേട്ടു് അവൾക്കു് സംശയമായി:

"എന്തു്?

5 മത്സ്യോദരത്തിലോ മർത്ത്യക്കുഞ്ഞൊരുടെ
വത്സനിവ,നിതൊരത്യാശ്ചര്യം!

മത്സ്യത്തിൻെറ വയററിൽ മനുഷ്യക്കുഞ്ഞോ? ഇതെങ്ങനെ സംഭവിച്ചു! ആരുടെ പൈതലായിരിക്കാം ഇതു്? എനിക്കൊന്നും മനസ്സിലാവുന്നില്ല."

മായാവതി അങ്ങനെ സംശയിച്ചുകൊണ്ടിരിക്കുമ്പോഴും നാരദമഹർഷി അവിടെ എഴുന്നള്ളി; ആ ശിശുവിൻെറ വൃത്താന്തമെല്ലാം വിസ്തരിച്ചുപറഞ്ഞു. മായാവതിക്കു് സമാധാനമായി. എന്തെന്നോ, അവൾ കാമദേവൻെറ പത്നിയായ സാക്ഷാൽ രതിതന്നെയായിരുന്നു. ശിവകോപാഗ്നിക്കിരയായിത്തീർന്ന തൻെറ ഭർത്താവിൻെറ ഉയിർത്തെഴുന്നേല്പും കാത്തുകൊണ്ടു് അവൾ തത്ക്കാലം ശംബരൻെറ അടുക്കളക്കാരിയായി കൂടിയിരിക്കുകയായിരുന്നു.

6 തൻപതിയാം കാമനെന്നാദ്ദേവമുനി ചൊല്ലു
യാലെ-
യൻപുതോന്നി മായാവതിക്കാശ്ശിശുവിങ്കൽ.

കാമനാണെന്നറിഞ്ഞപ്പോൾ മായാവതിക്കു് ആ കുഞ്ഞിനോടു് സ്നേഹം തോന്നി.

വളരെത്താമസിയാതെതന്നെ കൃഷ്ണനന്ദനനായ അവൻ യൗവനയുക്തനായിത്തീർന്നു; കാണുന്ന കാമിനിമാരുടെ കണ്ണും കരളും കവർന്നുതുടങ്ങി.

7 തണ്ടാരിതളെന്നപോലെ നീണ്ട കണ്ണും, തുങ്ങും
കയ്യും-
കൊണ്ടു ലോകസുന്ദരനാം തന്നൻകനെ
മന്ദഹാസമന്ദാക്ഷങ്ങളൊന്നുചേർന്നു കടാക്ഷിച്ചും,
കുന്ദബാണക്കോളിളക്കം വെളിവാക്കിയും,

ഒരു ദിവസം മായാവതി അവനെ സമീപിച്ചു. അവളുടെ പന്തികേടുകണ്ടു് ഒന്നുമറിയാത്ത മട്ടിൽ കൃഷ്ണപുത്രൻ പറഞ്ഞു: "അമ്മേ, ഇതെന്തൊന്നാണു്? ഭവതിക്കെന്തുപററി? മാതാവിൻെറ നിലവിട്ടു് ഒരു കാമിനിയുടെ മട്ടിലാണല്ലോ കാണപ്പെടുന്നതു്!"

മായാവതി മറുപടി പറഞ്ഞു: "പ്രഭോ, തെററിദ്ധരിക്കരുതു്, നേരും നെറിയുംവിട്ടു നടക്കുന്നവളല്ല ഞാൻ. അവിടന്നു ശ്രീകൃഷ്ണപുത്രനായ സാക്ഷാൽ കാമദേവനാണു്. ശംബരൻ ഈററില്ലത്തിൽനിന്നു് അങ്ങയെ രഹസ്യമായി എടുത്തുകൊണ്ടുപോയി. ഞാനവിടത്തെ ധമ്മപത്നിയായ രതിയല്ലാതെ മററാരുമല്ല. പെററിട്ടു് പത്തുദിവസംപോലും തികയാത്ത അങ്ങയെ ഈ ശംബരൻ തട്ടിക്കൊണ്ടുപോയ ഉടനെ കടലിൽ എറിയുകയാണുണ്ടായതു്. അവിടെവെച്ചു് ആ ശിശുവിനെ ഒരു മത്സ്യം വിഴുങ്ങി. ആ മീനിനെ മുക്കുവന്മാർ പിടിച്ചു് ഇവിടെ കൊണ്ടുവന്നു. അരിവയ്പുകാർ അതിനെ കീറിയപ്പോഴുണ്ടു് അതിന്നകത്തു് അതിതേജസ്വിയായ ഒരു ശിശു! ഇങ്ങനെയാണു് എൻെറ പ്രാണപ്രിയൻ ഇവിടെ വന്നുചേന്നതു്. അതുകൊണ്ടു് ഇനി ഒട്ടും താമസിക്കരുതു്; ആത്മവൈരിയായ ശംബരനെ വധിയ്ക്കണം. പക്ഷേ ഒന്നുണ്ടു്: അടക്കാനും അടക്കാനും വയ്യാത്ത മട്ടിൽ പല മായാപ്രയോഗങ്ങളും അറിയുന്നവനാണു് ശംബരൻ. അതിനാൽ, 'മോഹനം' മുതലായ മായകളെ ഇവനോടു് പററുകയുള്ളൂ. പ്രഭോ! അവിടത്തെ മാതാവിൻെറ ഇപ്പോഴത്തെ നിലയാണു് അത്യന്തം ദയനീയം, ആ സാധ്വി—

KOTTAYAM PUBLIC LIBRARY
KOTTAYAM

8 കുഞ്ഞുപോയ കുരരിപോൽ, കുട്ടിചത്ത പയ്യു
പോലെ
നെഞ്ഞുടഞ്ഞു വാത്സല്യത്താൽ പരിതപിപ്പൂ!

അതെ, അവിടത്തെ പുത്രവത്സലയായ ജനനി ഇപ്പോൾ കുഞ്ഞുപോയ കുരരിപോലെയും, കിടാവുപോയ പയ്യുപോലെയും പരിതപിക്കുകയാണ്."

ഇങ്ങനെ കാര്യം ഗ്രഹിപ്പിച്ചതിന്നുശേഷം മായാവതിയായ രതി മഹാത്മാവായ പ്രദ്യുമ്നന് എല്ലാം മായകളേയും നശിപ്പിക്കുന്ന 'മഹാമായാവിദ്യ' ഉപദേശിച്ചു.

ശംബരനെ വധിക്കാനുള്ള ഉപായം സ്വാധീനമായപ്പോൾ സന്തുഷ്ടനായ പ്രദ്യുമ്നൻ താമസിയാതെ, അഭിമാനിയായ ആ അസുരനെ സമീപിച്ചു. സഹിയ്ക്കാൻ വയ്യാത്തമട്ടിൽ ആക്ഷേപവർഷം ചൊരിഞ്ഞു ചൊടിപ്പിച്ച് അവനെ പോരിന്നു വിളിച്ചു. അപ്പോൾ—

അധിക്ഷേപവചനത്താൽ ചവിട്ടേററ പാമ്പു
പോലെ-
യമർഷംപൂണ്ടവൻ കണ്ണും ചുവപ്പിച്ചപ്പോൾ
ഗദയൊന്നു ചുഴററിക്കൊണ്ടെറിഞ്ഞിതു കഠോരമാ-
മിടിനാദംപോലെ ഗർജ്ജിച്ചവൻെറ നേരെ.

പ്രദ്യുമ്നൻെറ കഠിനങ്ങളായ ശകാരങ്ങൾകൊണ്ട് ചവിട്ടേററ സർപ്പംപോലെ പെട്ടെന്ന് അമർഷംവർദ്ധിച്ച ശംബരൻെറ കണ്ണുകൾ ചെമ്പരുത്തിപ്പൂപോലെയായി. അവൻ ഒരു മുട്ടൻഗദയുമേന്തി പുറത്തേക്ക് ചാടി. അതിനെ ചുഴററി പ്രദ്യുമ്നൻെറ നേരെ പ്രയോഗിക്കുകയും, ഇടിവെട്ടുംപോലെ കൊട്ടതായി അലറുകയും ചെയ്തു.

പ്രദ്യുമ്നനണ്ടോ, കലുങ്ങുന്നു. ആ വീരൻ തന്റെ നേക്കുവരുന്ന ഗദയെ പെട്ടെന്നു് ഗദകൊണ്ടുതന്നെ തട്ടി മാററുകയും, തന്റെ ഗദയെ ശത്രുവിന്റെ നേരെ പ്രയോഗിക്കുകയും ചെയ്തു. ശംബരനും ഒഴിഞ്ഞുമാറുകയുണ്ടായില്ല: അവൻ മയനിൽനിന്നു പഠിച്ചിരുന്ന അസുരമായയെ അവലംബിച്ച് പെട്ടെന്നു് ആകാശത്തിലേക്കുയന്നു. അവിടെ നിന്നുകൊണ്ടു് പ്രദ്യുമ്നന്റെ മേൽ അസ്ത്രവഷം ചൊരിഞ്ഞുതുടങ്ങി.

10 അംബരത്തിൽനിന്നുകൊണ്ടേയസ്ത്രവഷം ചൊരി
ശ്ശംബരനമതുനേരം കൃഷ്ണപുത്രനിൽ. [ഞ്ഞിതാ—

അനന്തരം അവൻ, ഗുഹ്യകന്മാർ, ഗന്ധവ്വന്മാർ, പിശാചുക്കൾ, സപ്പത്താന്മാർ, രാക്ഷസന്മാർ എന്നിവരുടെ മായകളും പലവുരു പ്രദ്യുമ്നന്റനേരെ പ്രയോഗിച്ചു. എങ്കിലും മഹാമായാവിദ്യ വശമുള്ള പ്രദ്യുമ്നനിൽ അവയൊന്നും ഫലിക്കുകയുണ്ടായില്ല, അവ വന്നവഴിയേ നശിപ്പിയ്ക്കപ്പെട്ടു. പിന്നെ താമസമൊന്നുമുണ്ടായില്ല, തന്റെ മൂച്ചകൂട്ടിയ വാളെടുത്തു് കിരീടകുണ്ഡലങ്ങളും, ചെമ്പൻരോമവുംചേന്ന അവന്റെ തല കൊയ്തുവീഴ്ത്താൻ.

11 കുണ്ഡലകിരീടങ്ങളാൽ മണ്ഡിതമായ് ചെമ്പൻ
രോമം—
കൊണ്ടു മിന്നും ശംബരന്റെ ശിരസ്സദന്നേരം
മൂച്ചകൂടും വാളവീശിയച്യുതാത്മജാതൻ വീഴ്ത്തി;
മെച്ചമായ്പ്പൂമഴയപ്പോൾ വാനവർ തൂകി.

അതുകണ്ടു് സന്തുഷ്ടരായ ദേവകൾ വാഴ്ത്തിപ്പാടിക്കൊണ്ടു് ആ വീരന്റെ ശിരസ്സിൽ പൂമഴ പൊഴിച്ചു. ഉടനെ തന്റെ ഭത്താവിനേയും വഹിച്ചുകൊണ്ടു് മായാ

വതി (രതി) ആകാശത്തിലൂടെ രാജധാനിയിലേക്കു് തിരിക്കുകയും ചെയ്തു.

12 മിന്നലൊത്ത മേഘംപോലെ തന്നുടയ ജായയോടും
നന്ദസൂനുനന്ദനനും വിയത്തിൽനിന്നും
സുന്ദരീശതാകുലമാം തൻ വരാന്തഃപുരത്തിങ്കൽ
ചെന്നണഞ്ഞിതമിതമാമാനന്ദത്തോടും.

ആകാശത്തിൽനിന്നു് മിന്നലോടുകൂടിയ നീലമേഘം പോലെ, രതിയോടൊരുമിച്ചു് പ്രദ്യുമ്നൻ, അസംഖ്യംസുന്ദരിമാരോടുകൂടിയ അന്തഃപുരത്തിൽ പ്രവേശിച്ചു.

മേഘംപോലെ കറുത്ത മേനിയും, മഞ്ഞപ്പട്ടും, നീണ്ട കയ്യും, തുടുത്ത കണ്ണും, പൂനിലാവൊത്ത പുഞ്ചിരിയും, കറുത്തുചുരുണ്ട കുറുനിരകളാകുന്ന വണ്ടുകളാൽ പ്രത്യേകം അലംകൃതമായ മുഖാംബുജവുമുള്ള പ്രദ്യുമ്നനെ കണ്ടപ്പോൾ, അതു് ശ്രീകൃഷ്ണനാണെന്നു് തെററിദ്ധരിച്ചു് അവിടെക്കൂടിയിരുന്ന അംഗനമാർ നാണംകുണുങ്ങുകയും, അവിടവിടെ ഒളിക്കുകയുംചെയ്തു. എങ്കിലും ക്രമേണ അവക്കു് മനസ്സിലായി, അതു് നന്ദകുമാരനല്ല എന്നു്. എന്തെന്നോ, ഭഗവാൻെറ പ്രത്യേകങ്ങളായ ചില ലക്ഷണങ്ങളൊന്നും അവനിൽ കാണപ്പെട്ടില്ല. അനന്തരം ആ മഹിളാമണികൾ പ്രദ്യുമ്നനെ സമീപിച്ചു. അവനൊരുമിച്ചു് ഒരു സ്ത്രീരത്നത്തെക്കൂടി കണ്ടപ്പോൾ അവർ അത്യന്തം ആശ്ചര്യപ്പെടുകയും സന്തോഷിക്കുകയുംചെയ്തു.

13 കാമിനിയോടൊരുമിച്ചാക്കോമളനെ കണ്ടോരവ-
ക്കാമോദവുമാശ്ചര്യവുംമൊരുമിച്ചുണ്ടായു്.

ആ സുന്ദരിമാരുടെ കൂട്ടത്തിലുണ്ടായിരുന്ന രുക്മിണിക്കു് പ്രദ്യുമ്നനെ കണ്ടപ്പോൾ ഉണ്ടായ അനുഭവം ഒരു പ്രത്യേകതരത്തിലായിരുന്നു. അവൾക്കു്—

14 പോർമുലകൾ ചുരന്നുപോയ്, പണ്ടു നഷ്ടപ്പെ-
ട്ടോരു ത-
ന്നോമനമകനെക്കുറിച്ചോർമ്മയുമുണ്ടായ്.
അവൾ സംശയിച്ചു—

15 "ആരുവാനിപ്പൂരുഷാഗ്ര്യ,നാരുടയമക,നേതു-
നാരിക്കുണ്ടായ്ബ്ഭാഗ്യമിവൻ ഗർഭസ്ഥനാവാൻ!
കാണ്മതുണ്ടൊരോമലാളുമാണ്മകൂടമിവനൊത്തി-
പ്പെണ്മണിയുമേതെന്നേതുമറിയുന്നീല."

രുക്മിണിയുടെ സ്തനങ്ങൾക്കു് കനംകൂടി. മുമ്പു് സൂതികാഗൃഹത്തിൽവെച്ചു് നഷ്ടപ്പെട്ടുപോയ തന്റെ ഓമനമകനെക്കുറിച്ചു് ഓർമ്മവരികയുംചെയ്തു. അവൾ സ്വയം മന്ത്രിച്ചു: "ഏതാണു് ഈ പുരുഷപുംഗവൻ? ഇവൻ ആരുടെ പുത്രനായിരിയ്ക്കാം? ഇവനെ ഉദരത്തിൽ വഹിക്കാനുള്ള ഭാഗ്യം ഏതൊരു പുണ്യവതിക്കാണുണ്ടായതു്? ഇവനു് ലഭിച്ചിരിക്കുന്ന ഈ സുന്ദരിയും ഏതായിരിയ്ക്കാം? ഈററില്ലത്തിൽനിന്നുതന്നെ എന്റെയും ഒരു പുത്രൻ നഷ്ടപ്പെട്ടിട്ടുണ്ടു്. അപഹരിക്കപ്പെട്ട ആ ഓമന ഇന്നു് എവിടെയെങ്കിലും ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ, സംശയമില്ല, പ്രായവും രൂപവുമൊക്കെ ഇവനു തുല്യമായിത്തന്നെയിരിയ്ക്കും.

16 ജീവിക്കുന്നുണ്ടെന്മകനിന്നെങ്ങാനുമെന്നാലവനു-
മീവയസ്സുമീരൂപവും തന്നെയാമല്ലോ.

എൻെറ സംശയത്തിന്നു് ശക്തികൂട്ടകയാണു്: എല്ലാംകൊണ്ടും ശാർങ്ഗധനപാവിനോടു് ഒരു സാദൃശ്യം ഇവന്ന കാണുന്നുണ്ടു്. ഇതിന്നുകാരണം? ആകൃതി, അംഗങ്ങൾ, നടത്തം, ശബ്ദം, ചിരി, നോട്ടം എല്ലാം ആ മുരളീമോഹനൻേറതുതന്നെ. തനിപ്പകപ്പു്.

17 കില്ലില്ലതുമെൻ ഗർഭത്തിൽകിടന്നവനിവ,നെന്നി-
ക്കല്ലെന്നാകിലിവനിലീ പ്രീതിവർദ്ധിക്കാ.

എന്നുതന്നെയല്ല—

18 എന്നിടം കയ്യും തുടിച്ചിട്ടന്നി-
തിന്നവൻതന്നെയും കാൺകമൂലം."

വൈദർഭി ഇങ്ങനെ ഓരോന്നു് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ദേവകീവാസുദേവന്മാരോടൊരുമിച്ചു് ശ്രീകൃഷ്ണൻ അവിടെ എഴുന്നള്ളി.

19 കാര്യമെല്ലാമറിഞ്ഞുമങ്ങൊന്നുമോതാതിരുന്നാനാ-
കാരണാത്മാവായ ദേവൻ മായാമാനുഷൻ.

നടന്ന സംഭവങ്ങളെല്ലാം നല്ലവണ്ണം അറിഞ്ഞിരുന്നിട്ടും സർവ്വാന്തര്യാമിയായ ഭഗവാൻ ഒരക്ഷരംപോലും ഉരിയാടുകയുണ്ടായില്ല. ആ സന്ദർഭത്തിൽ നാരദമഹർഷിയും അവിടെ എഴുന്നള്ളി. ആ ത്രിലോകസഞ്ചാരി, ശംബരാപഹരണംമുതൽ കഴിഞ്ഞ കഥകളെല്ലാം വിസ്തരിച്ചു് അവരെ കേൾപ്പിച്ചു. വിചിത്രമായ ആ വൃത്താന്തമറിഞ്ഞു് അന്തഃപുരസ്ത്രീകൾ എന്തെന്നില്ലാതെ സന്തോഷിച്ചു. വളരെക്കാലമായി കൈവിട്ടുപോയിരുന്നതിനാൽ മരിച്ചതായി കരുതിയിരുന്ന പ്രദ്യുമ്നനെ കണ്ടപ്പോൾ ചരമം

പ്രാപിച്ചവൻ എഴുന്നേററുവന്നാലത്തെ ഒരു അനുഭവമാണ് അവൎക്കുണ്ടായത്.

20 കാലധൎമ്മമണഞ്ഞവനേററുവന്നാലെന്നപോലാ
നീലമിഴിമാരന്നേരം കോൾമയിർക്കൊണ്ടു.

ദേവകീവാസുദേവന്മാരും, രാമകൃഷ്ണന്മാരും, അതുപോലെത്തന്നെ അന്തഃപുരസ്ത്രീകളും, രുക്മിണിയും ദമ്പതികളായ അവരെ ആലിംഗനംചെയ്ത് അത്യാനന്ദത്തിൽ മുഴുകി. ദ്വാരകയിലെ പൌരാവലിയും പ്രദ്യുമ്നൻ തിരിച്ചുവന്നതായറിഞ്ഞ് അത്യന്തം സന്തോഷിച്ചു.

---

KOTTAYAM PUBLIC LIBRARY
KOTTAYAM.

# സ്യമന്തകം

## മംഗളം

“മൗലൗ മായൂരബർഹം മൃഗമദതിലകം
ചാരുലാലാടപട്ടെ,
കർണ്ണദ്വന്ദ്വേ ച താലീദലമതിമൃദുലം,
മൗക്തികം നാസികായാം,
ഹാരോ മന്ദാരമാലാപരിമളഹരിത:
കൗസ്തുഭസ്യോപകണ്ഠേ,
പാണൗ വേണുശ്ച യസ്യ വ്രജയുവതിയുത:
പാതു പീതാംബരോ നഃ” (ശ്രീകൃ. ക)

1 പണ്ടൊരു യാദവൻ സൂര്യഭക്ത-
നുണ്ടായി സത്രാജിത്തെന്നപേരിൽ
മാർത്താണ്ഡദേവനുമായവനെ
മിത്രമായത്രേ നിനച്ചുപോന്നു.

പണ്ടു് സൂര്യഭക്തനായി ഒരു യാദവനുണ്ടായിരുന്നു. സത്രാജിത്തു് എന്നപേരിൽ സുപ്രസിദ്ധനായിരുന്ന അയാളെ ലോകചക്ഷുസ്സായ മാർത്താണ്ഡൻ ഏററവും വലിയൊരു മിത്രമായിട്ടാണു് കരുതിപ്പോന്നതു്. പരമസന്തുഷ്ടനായിത്തീർന്ന സവിതാവു് തൻെറ തോഴക്കു് ഒരു മണി സമ്മാനിച്ചു. അതാണു് 'സ്യമന്തകം'.

2 സന്തോഷമാർന്നടനാദിത്യദേവനും
തൻ തോഴക്കേകിനാൻ നന്മണിയും.

സൂര്യൻെറ പ്രസാദമുദ്രയായ ആ മണി കഴുത്തിലണിഞ്ഞപ്പോൾ തേജസ്സുനിമിത്തം സത്രാജിത്തിനെ കണ്ടാൽ തിരിച്ചറിയാൻ വയ്യാതായി: മണിയുടെ മഹത്വംകൊണ്ടു് ആ യാദവൻ മറെറാരു മാർത്താണ്ഡനെപ്പോലെ ശോഭിച്ചു.

3 ദ്വാരകാവാസികളാരെന്നറിഞ്ഞീല
ഹീരാഭചേരുമായാദവനെ!

സ്യമന്തകമണിയുമണിഞ്ഞു് സത്രാജിത്തു് ദ്വാരകയിൽ എത്തി. ആ ദിവ്യരത്നത്തിൻെറ കാന്തികൊണ്ടു് കണ്ണു മഞ്ഞളിച്ചുപോയ ദ്വാരകാവാസികൾ അകലേനിന്നുതന്നെ ആ ഭക്തനെക്കണ്ടു് സൂര്യനാണെന്നു് ശങ്കിച്ചു, ഉടനെ ഓടിച്ചെന്നു്, ചൂതുകളിച്ചുകൊണ്ടിരിക്കുന്ന ശ്രീകൃഷ്ണനോടു് പറഞ്ഞു:

4 ശംഖചക്രഗദാധര, ദാമോദര, ഹൃഷീകേശ!
പങ്കജാക്ഷ, നമസ്കാരം ഗോവിന്ദ,ദേവ!

ഭഗവാനേ, തീക്ഷ്ണരശ്മിയായ ആദിത്യൻ നോക്കാൻ വയ്യാത്ത മട്ടിൽ കിരണങ്ങൾ ചൊരിഞ്ഞുകൊണ്ടു് ഇതാ, അങ്ങയെ തൃക്കൺപാർക്കാൻ എഴുന്നള്ളുന്നു!

5 അങ്ങതന്മാഗ്ഗത്തെത്തേടുമാറുണ്ടല്ലോ
ബ്രഹ്മാദിദേവന്മാരെന്നും വിഭോ!
ഇന്നു നീ യാദവന്മാരുടെ കൂട്ടത്തിൽ
ഛന്നനായ് മേവുന്നിതെന്നു തേറി
താവകദൎശനകൗതുകം പൂണ്ടിതാ
ദേവൻ സവിതാവെഴുന്നള്ളുന്നു!
നോക്കുവാൻ വയ്യേതും ചെങ്കതിർക്കൂട്ടത്താ-
ലിക്കാണ്മോർ കണ്ണെല്ലാം മഞ്ഞളിപ്പൂ!

ജഗത്പതേ, മൂന്നുലോകത്തിലുമുള്ള വിബുധശ്രേഷ്ഠന്മാർ നിന്തിരുവടി എവിടെയാണെന്ന് അന്വേഷിക്കുന്നതു് പതിവാണല്ലോ? പ്രഭോ, അവിടന്നു് ഇപ്പോൾ യദുക്കളുടെ കൂട്ടത്തിൽ ഗൂഢമായി കഴിഞ്ഞുകൂടുന്നുണ്ടെന്നറിഞ്ഞു് സൂര്യദേവൻ കാണ്മാൻ എഴുന്നള്ളിയിരിക്കയാണു്."

ഇങ്ങനെ അത്ഭുതപരവശന്മാരായി നാട്ടാർ പറയുന്നതുകേട്ടു് പുഞ്ചിരിതൂകിക്കൊണ്ടു് ഭഗവാൻ അരുളിച്ചെയ്തു: "കൂട്ടുകാരേ! ഇതു് സൂര്യനല്ല, മണികൊണ്ടുജ്ജ്വലിക്കുന്ന സത്രാജിത്താണു്."

കാര്യമറിഞ്ഞപ്പോൾ യാദവന്മാൎക്കു് സമാധാനമായി. അവരവരുടെ പാടുനോക്കി അവർ തിരിച്ചുപോവുകയും ചെയ്തു.

സത്രാജിത്തു്, സൂര്യനിൽനിന്നു സിദ്ധിച്ച ആ രത്നവും കൊണ്ടു് നേരെ ചെന്നതു് തന്റെ ഭവനത്തിലേക്കാണു്. ആ ഗൃഹം നേരത്തേതന്നെ അടിച്ചുതളിച്ചു് വൃത്തിയാക്കി വിതാനിച്ചു് മംഗളകൎമ്മങ്ങളെല്ലാം ചെയ്യിച്ചുവച്ചിരുന്നു. അനന്തരം വൈദികവിധിയനുസരിച്ചു് ആ ദിവ്യരത്നത്തെ തന്റെ ഇഷ്ടദേവതയായ സൂര്യനെ വച്ചുപൂജിക്കുന്ന മുറി

യിൽത്തന്നെ ബ്രാഹ്മണരെക്കൊണ്ടു് പ്രതിഷ്ഠിപ്പിക്കുകയും ചെയ്തു. അന്നുതൊട്ടു് സത്രാജിത്തു് ആ മണിയെ പതിവായി പൂജിച്ചുതുടങ്ങി.

6 എട്ടെട്ടുഭാരം സുവർണ്ണം പെറുമതു
മുട്ടാതെ നാൾതോറു, മെന്നല്ലഹോ.
ദുർഭിക്ഷമാര്യരിഷ്ടങ്ങളു,മെന്നല്ല
സർപ്പാധിവ്യാധികൾ, ബാധകളും
ഉണ്ടാകയില്ലാ വരിഷ്ഠമാം രത്നത്തെ-
ക്കൊണ്ടാടിപ്പൂജിയ്ക്കും നാട്ടിലെങ്ങും.

ആ മണിക്കു് ഒരു വിശേഷമുണ്ടു്: അതു വച്ചുപൂജിക്കുന്ന നാട്ടിൽ ദാരിദ്ര്യം, മഹാമാരി, അരിഷ്ടം, സർപ്പഭയം, ആധി, വ്യാധി, ബാധ മുതലായ അശുഭങ്ങളൊന്നും ഒരിയ്ക്കലും ഉണ്ടാവുകയില്ല.

സത്രാജിത്തു് ഇങ്ങനെ സുഖമായിക്കഴിഞ്ഞുകൂടുന്ന കാലത്തു് ഒരിയ്ക്കൽ ശ്രീകൃഷ്ണൻ അയാളെ കാണാൻ എഴുന്നള്ളി. ഏററവും വിലപ്പിടിച്ച സാധനങ്ങൾ, അതു് കാത്തുരക്ഷിക്കാൻ കഴിവില്ലാത്തവർ കൈവശംവച്ചുകൊണ്ടിരിക്കുന്നതു് ആപത്താണെന്നു് നല്ലവണ്ണം അറിഞ്ഞിരുന്ന ഭഗവാൻ ആ യാദവനോടു് പറഞ്ഞു: “തോഴരെ, തെററിദ്ധരിക്കരുതു്. അനർഘമായ ഈ രത്നത്തിൽ പലക്കും കൊതിതോന്നാനിടയുണ്ടു്. അതുകൊണ്ടു് ഇതു കൈക്കലാക്കാൻ ചിലർ ശ്രമിച്ചെന്നും വരാം. അങ്ങനെ സംഭവിക്കുകയാണെങ്കിൽ, ഇതിനെ രക്ഷിക്കാനുള്ള കെല്പു താങ്കൾക്കുണ്ടാവുമോ എന്നു് ഞാൻ സംശയിക്കുന്നു. അതിനാൽ ആത്മരക്ഷയെ മുൻനിർത്തി തല്ക്കാലം ഇതു് രാജാവിനെ ഏല്പിക്കുകയാണു് നല്ലതെന്നു് എനിക്കു് തോന്നുന്നു.”

ശ്രീകൃഷ്ണൻ പറഞ്ഞതുകേട്ട് സത്രാജിത്ത് ഞെട്ടിപ്പോയി; ഓക്കാപ്പുറത്ത് ഒരടികൊണ്ടതുപോലെ. വളരെ ക്ലേശിച്ച്—തപസ്സ് ചെയ്ത്—സമ്പാദിച്ച ഒരു വിശിഷ്ടവസ്തു—അനന്യസുലഭമായ രത്നം—അത് പെട്ടെന്ന് മററൊരാൾക്ക് വെറുതെയങ്ങു കൊടുക്കുക—ഹാ, അത് വിചാരിക്കാൻപോലും അയാൾക്ക് വയ്യ. അർത്ഥകാമുകനായ ആ യാദവൻ, ചോദിച്ചത് കൊടുക്കാഞ്ഞാലത്തെ ഭവിഷ്യത്തിനെപ്പററി ലേശംപോലും അപ്പോൾ ചിന്തിക്കുകയുണ്ടായില്ല. എന്തുതന്നെയായാലും അത് നടപ്പുള്ള കാര്യമല്ല എന്ന് ആ പാവം തീർത്തുപറഞ്ഞു.

7 കഷ്ടപ്പെട്ടാഹന്ത, നേടിയൊരിമ്മണി
പെട്ടെന്ന് മററൊരാൾക്കേകുകയോ!
ചിന്തിപ്പാൻപോലുമേ സാധ്യമല്ലിക്കാര്യ.-
മെന്തൊരനീതിയിതെന്നാനവൻ.

സത്രാജിത്തിൻെറ അർത്ഥാശയും ബുദ്ധിശൂന്യതയുമോർത്ത് ഭഗവാന് ആ ലുബ്ധനോട് അനുകമ്പ തോന്നി.

8 കഷ്ടകാലക്കൊട്ടം കാർമേഘം മൂടുന്നു
ശിഷ്ടോപദേശമാം ചന്ദ്രികയെ.

അതെ, സത്രാജിത്തിൻെറ കഷ്ടകാലമാകുന്ന കാർമ്മേഘം ഭഗവാൻെറ ഹിതോപദേശമാകുന്ന പൂനിലാവിനെ മറയ്ക്കുകതന്നെ ചെയ്തു!

അന്തർഗ്ഗതമറിഞ്ഞപ്പോൾ ഭഗവാൻ പിന്നെയൊന്നും ആ യാദവനോട് ഉരിയാടുകയുണ്ടായില്ല. സന്നിപാതം പിടിപെട്ടാൽ പിന്നെയുണ്ടോ ഔഷധം ഫലിക്കുന്നു. തന്തിരുവടി തിരിച്ചുപോവുകയും ചെയ്തു.

മാസങ്ങളും ഋതുക്കളും പിന്നെയും കടന്നുപോയി. നല്ലതിൽ എല്ലാവൎക്കും കൊതിതോന്നുന്നതു് സഹജമാണല്ലോ; വിശിഷ്യ ചെറുപ്പക്കാൎക്കു്. യുവാവായ പ്രസേനനും—സത്രാജിത്തിൻെറ അനുജനും—അതുതന്നെയാണുണ്ടായതു്: ആരെയും ഭ്രമിപ്പിക്കുന്നമട്ടിൽ കാന്തിചിന്തുന്ന ഒരൊന്നാന്തരം രത്നം—അതൊന്നു കഴുത്തിൽ ചാൎത്തി നായാട്ടിനു പോയാൽക്കൊള്ളാം എന്നു്. അവൻ തൻെറമോഹം തരംനോക്കി ചേട്ടനെ അറിയിച്ചു. ഭ്രാതൃവത്സലനായ സത്രാജിത്തുണ്ടോ മറിച്ചു പറയുന്നു. അയാൾ അതു് സമ്മതിച്ചുകൊടുക്കുകയും ചെയ്തു. പ്രസേനനു് സന്തോഷമായി. അവൻ—

9 അമ്മഹാരത്നവും കണ്ഠത്തിൽ ചാൎത്തിയ-
ങ്ങുന്മേഷത്തോടും പ്രസേനനപ്പോൾ
വാജിമേലേറിത്തിരിച്ചാൻ വനം നോക്കി
രാജിക്കും മറെറാരു സൂൎയ്യനെപ്പോൽ.

ആ യുവാവു് മണിയും കഴുത്തിൽ അണിഞ്ഞു് കുതിരപ്പുറത്തുകയറി മറെറാരു മാൎത്താണ്ഡനെപ്പോലെ നായാട്ടിനു് പുറപ്പെട്ടു.

വഴിമുഴുവൻ വെളിച്ചം വീശിക്കൊണ്ടു് കാട്ടിൽ വേട്ടയാടുകയാണു് പ്രസേനൻ. അവനെക്കണ്ടു് കുപിതനായിത്തീൎന്ന ഒരു കേസരിവീരൻ കുതിച്ചുപാഞ്ഞു് കുതിരയോടുകൂടി അവനെ കൊന്നു് ആ രത്നം കൈക്കലാക്കി. അതു് ആ മണിയും കടിച്ചെടുത്തുകൊണ്ടു് തൻെറ ഗുഹയിലേക്കു് പായുകയായിരുന്നു. അപ്പോൾ വഴിയിൽ വെച്ചു് അതിനെ ജാംബവാൻ കണ്ടുമുട്ടി. സൂൎയ്യനെപ്പോലെ വെട്ടിത്തിളങ്ങുന്ന രത്നം കണ്ടപ്പോൾ ആ ഋക്ഷരാജാവിന്നു് അതിൽ കൊതിതോന്നി. പെട്ടെന്നു് ആ

ബലശാലി ആ പഞ്ചാസ്യനെ അടിച്ചുകൊന്നു് ആ മണി യുംകൊണ്ടു് തൻെറ ഗുഹയിലേക്കു തിരിച്ചു. അതിനെ തൻെറ മകനു് കളിയ്ക്കാൻ കൊടുക്കുകയും ചെയ്തു.

നായാട്ടിനുപോയ പ്രസേനൻ തിരിച്ചുവരുന്നതു് കാണാതായപ്പോൾ, സത്രാജിത്തിനു് പരിഭ്രമമായി. അയാൾ പലരോടും സ്വകാര്യമായി പറഞ്ഞുതുടങ്ങി: "ഇല്ല, സംശയമില്ല; ഇതു് കൃഷ്ണൻെറ പണിയാണു്. 'കയ്യിൽ പുണ്ണിനു കണ്ണാടി എന്തിനു്?' എൻെറ ഭ്രാതാവിനെ വധിച്ചതു് ആ വഞ്ചകൻ തന്നെയാണു്.

10 കൊന്നതു മറ്റാരുമല്ലെൻ സഹജനെ
നന്ദതനൂജൻ താനില്ല വാദം.
എന്തെന്നോ—

11 ഉണ്ടൊരു മോഹമാരത്നത്തിലായവ,-
നണ്ടോ ഞാനിച്ചതിയന്നറിഞ്ഞു!'

ക്രമേണ ഈ അപവാദം കർണ്ണാകർണ്ണികയാ നാടു മുഴുവനും കാട്ടുതീപ്പോലെ പരന്നു. അതാണല്ലോ ദുർജ്ജനങ്ങളുടെ സ്വഭാവം. അന്യനെക്കുറിച്ചു് ഒരപവാദശകലം കയ്യിൽ കിട്ടിയാൽ മതി, അവർ അതിനെ പൊടിപ്പും തൊങ്ങലുംവച്ചു് കൊട്ടിഘോഷിക്കുകയായി. ക്രമേണ ആ 'ഇല്ലാപ്പൊല്ലാപ്പ്" ശ്രീകൃഷ്ണൻെറ ചെവിയിലും ചെന്നുചേൎന്നു.

"സംഭാവിതസ്യ ചാ കീൎത്തിൎമ്മരണാദതിരിച്യതേ"

മാന്യന്മാൎക്കു് മരണത്തിലും വലുതു് അകീൎത്തിയാണു്. നിർല്ലേപനെങ്കിലും, തൽക്കാലം അദ്ദേഹത്തിന്നു് അതു് അസഹ്യമായിത്തോന്നി. ഉടനെ അതിൻെറ പരമാൎത്ഥം വെളിവാക്കണമെന്നു് നിശ്ചയിച്ചു.

താമസിയാതെ—

12 നാഗരന്മാരോടുമൊന്നിച്ചപ്പോ-
ളാഗമക്കാതലായുള്ള ദേവൻ
തന്നപവാദം തുടച്ചുനീക്കാ-
നന്നി പ്രസേനനെത്തേടിച്ചെന്നാൻ.

ശ്രീകൃഷ്ണനും അനുചരന്മാരുംകൂടി പ്രസേനൻെറ കുതിരയുടെ കാലടിപ്പാടനുസരിച്ച് നടന്നുതുടങ്ങി. കാടും മേടും കടന്ന് അവർ വളരെദൂരം ചെന്നു.

കളവു കണ്ടുപിടിക്കാൻ എഴുന്നള്ളിയ ശ്രീകൃഷ്ണനേയും കൂട്ടുകാരേയും സ്വാഗതംചെയ്യുന്നതുപോലുള്ളകുയിലുകളുടെ കളഗാനം, പുതുമണംവീശുന്ന പുഷ്പങ്ങളണിഞ്ഞ് ഇളങ്കാററത്താടിയുലയുന്ന വൃക്ഷലതാദികൾ, മദംകൊണ്ട് മങ്ങുന്ന മാനിനങ്ങൾ, മനോജ്ഞങ്ങളായ മയിലുകൾ, തെളിനീരൊഴുകുന്ന മലഞ്ചോലകൾ—അങ്ങനെ—ഭഗവാൻെറ എഴുന്നള്ളത്തിന്നുമുമ്പുതന്നെ—വസന്തംവന്നനുഗ്രഹിച്ചിരുന്നതിനാൽ ആ വനമനോഹരി മനോജ്ഞയായിത്തന്നെയിരുന്നു. എങ്കിലും തിരുമേനിയെ ആ കാഴ്ചകളൊന്നും ആകർഷിക്കുകയുണ്ടായില്ല. അവിടത്തെ ലക്ഷ്യം മറെറാന്നാണല്ലോ.

അവർ യാത്ര തുടന്നു:

13 കാണായിതപ്പൊഴുതങ്ങുകലേ
കാർപോലിരുണ്ടോരു വന്മലയും,
വാനുരുമ്മീടും തരുനിരയും,
വാ പൊളിച്ചീടുന്ന വൻഗുഹയും.

അവർ അധികം താമസിയാതെ അവിടെ എത്തി; നാലുപുറവും കണ്ണോടിച്ചു. അപ്പോൾ കണ്ട കാഴ്ച ആശ്ച

ര്യജനകം എന്നല്ലാതെ എന്തുപറയട്ടെ! അവിടെ ഒരിടത്തു് പ്രസേനനും അവൻെറ കുതിരയും ചൈതന്യമററു കിടക്കുകയാണു്. ഒരു സിംഹത്തിൻെറ കാൽച്ചുവടുകളും അവിടെ കാണുന്നുണ്ടു്. ഭഗവാൻ ഒരുനിമിഷം ചിന്താമഗ്നനായിനിന്നു. അവിടയ്ക്കു് കാര്യം മനസ്സിലായി— അങ്ങില്ലെങ്കിൽ, സൎവ്വാന്തൎയ്യാമിയായ തന്തിരുവടിക്കു് അറിയാത്തതെന്തുണ്ടു്!—പ്രസേനനെ കൊന്നു മണികൊണ്ടുപോയതു് ഒരു സിംഹമാണു് എന്നു്. ഉടനെ അവർ ആ കേസരിവീരൻെറ പാദമുദ്രകളെ പിന്തുടൎന്നു് നടന്നുതുടങ്ങി. വീണ്ടും അവർ കാടും പടലുംകൊണ്ടു് ഇരുണ്ട—പട്ടാപ്പകൽപോലും പകലവൻെറ പാദസ്പൎശമേല്ക്കാത്ത—ഒരു വന്മലയുടെ പാൎശ്വത്തിൽ എത്തി. അവിടെയായിരുന്നു ജാംബവാൻെറ വാസസ്ഥലമായ ഗുഹ. അതിന്നു് അല്പം അകലെയായി ഒരു ക്രൂരൻ സിംഹം ചത്തുകിടക്കുന്നതും അവർ കണ്ടു. ഉടനെ ശ്രീകൃഷ്ണൻ അനുചരന്മാരെ അവിടെ നില്ക്കാൻ ഏല്പിച്ചു്—

14 കൂരിരുട്ടുനിറഞ്ഞേററം ഘോരമാമാദരിക്കുള്ളിൽ
വാരിജാക്ഷൻ താനുമപ്പോളൊററയ്ക്കു ചെന്നാൻ.

അന്ധകാരമയവും അത്യന്തം ഭയങ്കരവും ആയ ആ ഗഹ്വരത്തിൽ ഒററയ്ക്കു് കടന്നുചെന്നു. അപ്പോൾ അവിടെ—

15 അക്ഷയഭാസ്സെഴുമമ്മണികൊണ്ടപ്പോൾ
ഋക്ഷശനന്ദനൻ ക്രീഡിപ്പതും
കണ്ടാൽ, കൊടുംതമസ്സാണ്ടതിഭീയാക്കു-
മുണ്ടാക്കിടുന്നൊരാ ഗഹ്വരത്തിൽ.

അന്യായാർജ്ജിതമായ വസ്തു ആരുടെ കയ്യിലായാലെന്തു്? ഉടമസ്ഥന്ന് അതു് ഏതുസന്ദർഭത്തിലും തിരിച്ചു കൈക്കലാക്കാൻ അവകാശമുണ്ടു്. ഭഗവാൻ ഉടനെ ആ ബാലനെ സമീപിച്ചു. മറെറാന്നിനുമല്ല, ആ മണി വീണ്ടെടുക്കുന്നതിന്ന്.

16 അമ്മണി കൈക്കലാക്കീടണമെന്നുവ-
ച്ചംബുജലോചനൻ താനുമപ്പോൾ
അമ്മണിക്കുഞ്ഞിന്നടുത്തുകൂടീടിനാൻ;
ചെമ്മുള്ളോരങ്ങനെയെന്നു ന്യായം.

ശ്രീകൃഷ്ണനെ കണ്ടപ്പോൾ അവിടെനിന്നിരുന്ന ആ കുട്ടിയുടെ ധാത്രി ഭയപ്പെട്ടതുപോലെ പെട്ടെന്നു് നിലവിളിച്ചു. പണ്ടു് അമ്മാതിരി ഒരു മനുഷ്യനെ അവൾ കണ്ടിരുന്നില്ല.

17 പണ്ടുകാണാത്താനരനെ കണ്ടനേരം ധാത്രിയും ഭീ-
കൊണ്ടെന്നോണം കൂട്ടിവച്ചു നിലവിളിച്ചാൾ.

എതിരാളി ആരെന്നോ, അയാളുടെ കഴിവെന്തെന്നോ ചിന്തിക്കാൻ മിനക്കെടാതെ ആ ശബ്ദം കേട്ടു അത്യന്തം കുപിതനായിത്തീൎന്നു ജാംബവാൻ പാഞ്ഞു വന്നു്, ഒരു സാധാരണ മനുഷ്യനോടെന്നപോലെ, തൻെറ സ്വാമിയായ ഭഗവാനോടു് യുദ്ധത്തിന്നു് പുറപ്പെടുകയാണുണ്ടായതു്. ഉന്മാദത്തിൻെറ പര്യായമാണല്ലോ ക്രോധം. അതു് പിടികൂടിയാൽ പിന്നെയുണ്ടോ വിവേകം! എന്തിന്നുപറയുന്നു്, അവർ—

18 പരസ്പരം ജയേച്ഛുക്കളിരുവരും, മാംസത്തിന്നായ്
പരുന്തുകളെന്നപോലെ പൊരുതാരപ്പോൾ,

ആയുധാശ്മദ്രുമങ്ങളാ,ലെന്നല്ലഹോ, കൈകൾ
കൊണ്ടു-
മായോധനമത്ഭുതപാത്താൽ രോമഹഷ്ണം!

മാംസത്തിന്നുവേണ്ടി രണ്ടുപരുന്തുകൾ എന്നപോലെ ജയംകൊതിച്ചുകൊണ്ടു് അവരിരുവരും അന്യോന്യം പൊരുതി. ആ പെരുംപോരിൽ അസ്ത്രശസ്ത്രങ്ങൾ മാത്രമല്ല, കല്ലും മരങ്ങളുംകൂടി ആ ബലശാലികൾ ആയുധങ്ങളാക്കുകയും, കൈചുരുട്ടി ഇടിക്കുകയുംചെയ്തു. അങ്ങനെ ഇരവുപകലില്ലാതെ അവരിരുവരും ഇരുപത്തിയെട്ടുദിവസം സമരംചെയ്തു.

19 കടക,മോതിരം, ചട്ടലം, മണ്ഡലം,
പടലം, സൗഭദ്രം, പുരഞ്ജയം, പിന്നെ
ശിലാഖണ്ഡമെന്നീയടവുകളെല്ലാം
കലുങ്ങാതന്യോന്യമെടുത്താ, രായവർ.
ഇടിവെട്ടുംവണ്ണമിടിച്ചാർ വാശിമൂ-
ത്തടരാടിയവരഹന്നിശമേവം
ഇരുപത്തിയെട്ടു ദിനങ്ങൾ, വിശ്രമം
തരിമ്പുമേല്ക്കാതെ, തളരാതേയുമേ.

ശ്രീകൃഷ്ണൻെറ മുഷ്ടിചുരുട്ടിയുള്ള ഇടികൊണ്ടു് ജാംബവാൻെറ സന്ധിബന്ധങ്ങളെല്ലാം തളന്നുപോയി. ആ ബലശാലി വിവശനായി. ഉടലാകെ വിയത്തു. അമ്മാതിരി ഒരനുഭവം ആ ഋക്ഷരാജാവിനു് അതിന്നു മുമ്പുണ്ടായിട്ടില്ല. ആ അഭിമാനിക്കു് അത്യന്തം അത്ഭുതംതോന്നി, ക്രമേണ അയാളുടെ വിവേകവിളക്കു് പ്രകാശിച്ചുതുടങ്ങി. ആ ഭക്താഗ്രിമൻ ഒരു നിമിഷം കണ്ണടച്ചു് ധ്യാനിച്ചതിന്നുശേഷം കൈകൂപ്പിക്കൊണ്ടു് തൻെറ എതിരാളിയോടു് പറഞ്ഞു;

"ഭഗവാനേ, അവിടന്നു് സവ്വഭൂതങ്ങളുടേയും പ്രാണദാതാവും, ഓജസ്സും, ഹൃദയദേഹബലങ്ങളും, വിഷ്ണുവും, പ്രഭവിഷ്ണുവും, പുരാണപുരുഷനും, അധീശ്വരനുമാണെന്നു് എനിക്കിപ്പോൾ മനസ്സിലായി.

ലോകസ്രഷ്ടാക്കളുടെ സ്രഷ്ടാവും, സൃജ്യങ്ങളുടെ സത്തും, പ്രവത്തകന്മാരുടെ പ്രവത്തകനും, ആത്മാക്കളുടെ ആത്മാവും, പരനായ ഈശനും നിന്തിരുവടിയാണു്.

കുറഞ്ഞൊന്നു കോപിച്ചു് കടക്കണ്ണുരുട്ടുമ്പോഴേക്കും പേടിച്ചുരണ്ട നക്രതിമിംഗലങ്ങളോടും, ഇളകിമറിഞ്ഞ തിരമാലകളോടുംകൂടി വഴിമാറിത്തന്ന സമുദ്രത്തിൽ തൻെറ കീത്തിയാകുന്ന ചിറകെട്ടുകയും, ലങ്കയെ വെണ്ണീറാക്കുകയും, അമ്പുകൾകൊണ്ടു് അരക്കന്മാരുടെ തലകളരിഞ്ഞുവീഴ്ത്തുകയും ചെയ്ത ആ രഘുവീരനും നിന്തിരുവടിയല്ലാതെ മററാരുമല്ല."

20 സത്യബോധമേവമാന്നാ
ഋക്ഷനാഥനോടായു്
നിത്യനാമാദ്ദേവകീതൻ-
സൂനു പങ്കജാക്ഷൻ
ശംകരമാം തൻ കരത്താൽ
തൊട്ടുഴിഞ്ഞുംകൊണ്ടേ
വൻകനിവാൻരചെയ്താൻ
പ്രേമഗംഭീരോക്ത്യാ:

ഇങ്ങനെ പരമാത്ഥബോധമുണ്ടായ ആ ഭക്തനെ ആനന്ദസന്ദായകമായ തൻെറ കരംകൊണ്ടു് കരുണയോടുകൂടി ഭഗവാൻ തൊട്ടു തലോടി. അനന്തരം പ്രേമഗംഭീരമായി ഇങ്ങനെ അരുളിച്ചെയ്തു:

ഋക്ഷപതേ,

21 എന്തിനെന്നോ ഞങ്ങളിങ്ങുവന്നതുമിമ്മണിക്കത്രേ
എൻ കളങ്കമിതുമൂലമില്ലാതെയാക്കാം.

എന്നിൽ വെറുതെ ഒരപവാദം ആരോപിക്കപ്പെട്ടിരിക്കയാണു്. അതു് തുടച്ചുനീക്കണമെങ്കിൽ ഈ മണികൂടിയേ കഴിയൂ, അതാണു് ഞാൻ ഈ ഗുഹയിൽ വരാൻ കാരണം.

22 അതുകേട്ട ജാംബവാനതുലമാം മോദേന തൻ-
സുതയേയും മണിയേയും കേശവന്നേകി.

ഭഗവാൻ അരുളിച്ചെയ്തതുകേട്ടു് ജാംബവാനു് സമാധാനമായി. അയാൾ സന്തോഷത്തോടുകൂടി തന്റെ മകളായ ജാംബവതിയേയും സ്യമന്തകരത്നത്തേയും ഭഗവാനു് സമർപ്പിച്ചു. ശ്രീകൃഷ്ണന്റെ അനുചരന്മാർ നീണ്ടഴിഞ്ഞ പന്ത്രണ്ടഹോരാത്രങ്ങൾ കാത്തിരുന്നു. എന്നിട്ടും എന്നിട്ടും ഭഗവാൻ തിരിച്ചുവരുന്നതു കണ്ടില്ല. അപ്പോൾ അവർ അത്യന്തം ദുഃഖത്തോടുകൂടി ദ്വാരകയിലേക്കു് തിരിച്ചുപോയി.

ശ്രീകൃഷ്ണൻ മടങ്ങിവന്നില്ലെന്നറിഞ്ഞു് ദേവകീവസുദേവന്മാരും, രുക്മിണിയും, ബന്ധുജനങ്ങളും അത്യന്തം ദുഃഖിച്ചു. ദ്വാരകാവാസികൾ മനംനൊന്തു സത്രാജിത്തിനെ ശപിക്കുകയും, യദുനാഥൻ തിരിച്ചുവരുന്നതിന്നു് മഹാമായയായ ദുർഗ്ഗാദേവിയെ സ്തുതിക്കുകയും ചെയ്തു:

23 "ദുർഗ്ഗേ;ജഗന്മയി, ഭർഗ്ഗപ്രിയേ, ദേവി!
സർഗ്ഗാദിമൂന്നിന്നും ഹേതുഭൂതേ!
പ്രാണനിൽ പ്രാണനാണെങ്ങൾക്കു് മാധവൻ-
കാണായ ദൈവതം കല്പശാഖി.
ആയവനമ്മേ, നിൻ കാരുണ്യവായ്പിനാ-
ലായർകുലത്തിലിങ്ങെത്തീടേണം.

കേവലം സത്രാജിത്തകൻ നിമിത്തമി-
ന്നീവിപത്തെങ്ങൾക്കു വന്നുചേൎന്നു.
കണ്ണിന്നും കണ്ണായ കണ്ണനെക്കാണാഞ്ഞാ-
ലുണ്ണില്ലുറങ്ങില്ലീ യാദവന്മാർ,
ദണ്ഡമുണ്ടത്രയ്ക്കു ചണ്ഡികേ ഞങ്ങൾക്കു്;
ദണ്ഡനമസ്കാരം ചെയ്തിടുന്നേൻ.
കണ്ണടച്ചൊന്നുമിഴിപ്പതിന്മുന്നമേ
കണ്ണനെ കാണുമാറാക്കേണം നീ!"

24 സ്തുതിവചനങ്ങൾ ശ്രവിച്ചുദേവിയു
മതിപ്രസന്നയായനുഗ്രഹിച്ചിതു:
"അരുളും ദൎശനമുടനെ മാധവൻ-
തിരുവടി നിങ്ങൾക്കരുതു സന്താപം."

യാദവന്മാരുടെ സ്തോത്രംകേട്ടു് പ്രസന്നയായി ത്തീൎന്ന ദേവി, "അചിരേണ ശ്രീകൃഷ്ണനെ കാണുമാറാകും" എന്നു് അരുളിച്ചെയ്തു. താമസിയാതെ, കാൎയ്യംസാധിച്ച ഹരി പുതിയ ഭാൎയ്യയോടൊരുമിച്ചു് രോമാഞ്ചംകൊള്ളു മാറു് അവിടെ പ്രത്യക്ഷനാവുകയുംചെയ്തു.

മണിഗ്രീവനായ ശ്രീകൃഷ്ണനെ കണ്ടപ്പോൾ ദ്വാരകാ വാസികൾക്കുണ്ടായ സന്തോഷത്തിന്നു് കയ്യുംകണക്കുമു ണ്ടായില്ല. മരിച്ചവൻ എഴുന്നേററുവന്നാലത്തെ ഒരനു ഭവമാണു് അവൎക്കപ്പോൾ ഉണ്ടായതു്.

അനന്തരം ശ്രീകൃഷ്ണൻ സത്രാജിത്തിനെ രാജസഭ യിൽ വരുത്തി മണി കണ്ടുപിടിച്ച കഥ മുഴുവനും വിസ്ത രിച്ചുകേൾപ്പിച്ചു. പിന്നീടു് അരചൻെറ തിരുമുമ്പിൽ വെച്ചുതന്നെ അതിനെ ആ യാദവനു് കൊടുക്കുകയും ചെയ്തു.

KOTTAYAM PUBLIC LIBRARY KOTTAYAM

25 നാണിച്ചററം മുഖംതാഴ്ത്തി സത്രാജിത്തു മമ്മണിയെ
പാണി നീട്ടി വാങ്ങിച്ചുടൻ കൃഷ്ണങ്കൽനിന്നും
തന്നുടയ ദുഷ്ടമ്മമോത്തനശയത്തോടും നിജ
മന്ദിരവും നോക്കി മെല്ലെ തിരിച്ചുകൊണ്ടാൻ.

ബലവാനോട് എതിത്തതോത്ത് സത്രാജിത്ത് സങ്കടപ്പെട്ടു. അയാൾക്ക് അതുതന്നെ വിചാരമായി. തനിയ്ക്കുപററിയ ആ കളങ്കം കഴകിക്കളയുന്നതിന്നും. ഭഗവാനെ പ്രസാദിപ്പിക്കുന്നതിന്നും എന്താണ് വഴി എന്ന് ആ യാദവൻ ചിന്തിച്ചു: "എന്തുചെയ്താൽ എനിയ്ക്ക് നന്മയുണ്ടാകും? ഒരൊററ ഉപായമേ കാണുന്നുള്ളു: സ്ത്രീരത്നമായ എൻെറ മകളേയും, ഈ സ്യമന്തകരത്നത്തേയും ഭഗവാന് സമപ്പിക്കുക. അല്ലാതെ ചെയ്തുപോയ തെററിന് മറെറാരു പരിഹാരവും ഞാൻ കാണുന്നില്ല." ഇങ്ങനെ ചിന്തിച്ചുറച്ചതിന്നുശേഷം സത്രാജിത്ത്—

26 പാവനയാം തന്മകളെ-
സത്യഭാമയേയും,
ആ വരിഷ്ഠമണിയേയും
കൊണ്ടുചെന്നു വേഗം
ഹാ, വിനീതനായ്ച്ചമഞ്ഞ
യാദവനുമപ്പോൾ
ദേവദേവന്നേകിക്കൃത-
കൃത്യനായാനല്ലോ.

സുന്ദരിയും, സുശീലയും, ഉദാരയുമായ സത്യഭാമയെ ഇതിന്നുമുമ്പും പല രാജാക്കന്മാരും അഭ്യത്ഥിച്ചിട്ടുണ്ടെങ്കിലും സത്രാജിത്ത് കൊടുക്കുകയുണ്ടായില്ല. തത്താദൃശയായ തൻെറ ഓമനമകളെയാണ് ആ ഉദാരൻ

ഇന്നിതാ, സ്വയം ഭഗവാന്ന് കാഴ്ചവെയ്ക്കുന്നതു്. രത്നം കാഞ്ചനത്തോടുതന്നെയിണങ്ങി.

27 സർവ്വഗുണസമ്പന്നയാം സത്യഭാമയെയുമപ്പോൾ
ഭൃവ്വാദളശ്യാമളാംഗൻ വിധിപോൽ വേട്ടാൻ.

സൗന്ദര്യസൗശീല്യാദി സർവ്വസദ്ഗുണങ്ങളുമിണങ്ങിയ സത്യഭാമയെ യഥാവിധി ഭഗവാൻ വേൾക്കുകയും ചെയ്തു.

അനന്തരം മണി സത്രാജിത്തിന്നുതന്നെ തിരിച്ചുകൊടുത്തുകൊണ്ടു് ഭഗവാൻ അരുളിച്ചെയ്തു: "തല്ക്കാലം ഇതു് ഞങ്ങൾ സ്വീകരിക്കുന്നില്ല; സൂര്യഭക്തനായ അങ്ങയുടെ കയ്യിൽത്തന്നെയിരിയ്ക്കട്ടെ. ഇയ്യുള്ളവരും ഇതിന്റെ ഫലഭാക്കുകളാണല്ലോ."

ഭഗവാൻ പറഞ്ഞതിന്റെ സാരം അപുത്രനായ സത്രാജിത്തിന്നു് മനസ്സിലായി. അയാൾ തലകുനിച്ചുകൊണ്ടു് ആ രത്നം വാങ്ങിച്ചു; യാത്രപറഞ്ഞു് തിരിച്ചുപോവുകയുംചെയ്തു.

28 ഉത്തമദ്രവ്യങ്ങൾ സത്തുക്കൾക്കേകണ—
മത്യാദരത്തോടും താനേതന്നെ
അർത്ഥിച്ചമേകായ്കിലുണ്ടാമനർത്ഥങ്ങ'—,
ളിത്തത്വമിക്കഥയോതീടുന്നു.

# അനിരുദ്ധൻ

## മംഗളം

“ചാതുര്യൈകനിധാനസീമ ചപലാ-
  പാംഗച്ഛടാമന്ഥരം,
ലാവണ്യാമൃതവീചിലാളിതദൃശം,
  ലക്ഷ്മീകടാക്ഷാദൃതം,
കാളിന്ദീപുളിനാങ്കണപ്രണയിനം,
  കാമാവതാരാങ്കുരം,
ബാലം നീലമമീവയം മധുരിമ-
  സ്വാരാജ്യമാരാധ്നുമഃ” (ശ്രീകൃ. ക)

പണ്ടു് വാമനനായവതരിച്ച മഹാവിഷ്ണുവിന്നു് യാതൊരു ക്ലേശലുംകൂടാതെ മേദിനിയെ മുഴുവനും ദാനം ചെയ്ത ഉദാരചരിതനാണു് മഹാത്മാവായ മഹാബലി.

ചക്രവത്തിയായ അദ്ദേഹത്തിൻെറ നൂറു പുത്രന്മാരിൽ മൂത്തവനായിരുന്നു സുപ്രസിദ്ധനായ ബാണൻ. ബലിയുടെ ഔരസപുത്രനായ അവൻ—

1 ശ്രീമഹേശഭക്തനായോൻ, സത്യസന്ധൻ മാന്യൻ,
ധീമഹിമയെഴുന്നവൻ, നിത്യനിഷ്ഠനായോൻ.

ശോണിതപുരമായിരുന്നു ബാണന്റെ രാജധാനി.

2 കിങ്കരന്മാരത്രേ സാക്ഷാൽ വിണ്ണവരുമവന്നെന്നും
ശങ്കരൻ തന്നനുഗ്രഹപ്രാഭവംമൂലം.

ശിവൻെറ വരപ്രസാദത്താൽ ദേവന്മാർപോലും ദാസന്മാരെപ്പോലെയാണ് അവനോട് പെരുമാറിയിരുന്നത്. നടരാജമൂത്തി താണ്ഡവംചെയ്യുമ്പോഴൊക്കെ, തന്തിരുവടി കനിഞ്ഞരുളിയ ആയിരം കയ്യുകൾകൊണ്ട് ആ ഭക്താഗ്രിമൻ വാദ്യംമുഴക്കി ആ മഹാനടനെ സന്തുഷ്ടനാക്കി. ശരണ്യനും, ഭക്തവത്സലനും, സവ്വഭൂതേശനുമായ ഭഗവാൻ ഒരിയ്ക്കൽ അവനോട് പറഞ്ഞു: "ആവശ്യമുള്ള വരം ചോദിച്ചുകൊൾക" എന്നു്. ഉടനെ ആ അസുരൻ അഭ്യത്ഥിച്ചു: "ഭഗവാനേ, അടിയനു് മറെറാന്നും വേണ്ട; അവിടന്നു് എൻെറ പുരംകാക്കുന്നവരുടെ നേതാവായിരുന്നാൽ മതി."

3 'അമ്മട്ടിലാവട്ടെ'യെന്നാനാ ബാണനോ-
ടമ്മാഹാദേവനും സന്തുഷ്ടനായ്.

ഭൂതപതി ബാണനിൽനിന്നു് പുതിയ ഉദ്യോഗം സ്വീകരിച്ചു. അങ്ങനെ ബാണപുരിയുടെ ഗോപുരം കാത്തുകൊണ്ടു് കഴിഞ്ഞുകൂടുന്ന കാലത്തു് ഒരിയ്ക്കൽ വീര്യദുമ്മദനായിത്തീന്ന ബലിപുത്രൻ അക്കവണ്ണമായ തൻെറ മകുടംകൊണ്ടു് ശങ്കരൻെറ പാദപദ്മംതൊട്ടു് ഉണ

ൎത്തിച്ചു: "ഭഗവാനേ, ലോകഗുരുവും. ഈശ്വരനും, അപൂൎണ്ണകാമന്മാരുടെ കാമംപൂരിപ്പിക്കുന്ന സുരതരുവും ആണല്ലോ അവിടന്നു്? ഞാനിതാ, നിന്തിരുവടിയെ നമസ്കരിക്കുന്നു. അങ്ങുന്നു് കനിഞ്ഞരുളിയ ഈ ആയിരം കയ്യുകൾ ഇന്നു് ഒരു ഭാരമായിത്തീൎന്നിരിക്കയാണു് എനിക്കു്. മൂപ്പാരിലും ഞാൻ തിരക്കി. അവിടന്നല്ലാതെ എനിയ്ക്കു് സമനായ ഒരു എതിരാളിയെ കാണുന്നില്ല. കൈത്തരിപ്പുകൊണ്ടു് സമരകുതുകിയായിത്തീൎന്ന ഞാൻ പൎവ്വതങ്ങളെ അടിച്ചുപൊടിച്ചു് തരിപ്പണമാക്കി ദിഗ്ഗജങ്ങളുടെ പിറകെ ചെന്നു. ഒരു ഫലവുമുണ്ടായില്ല. അവപോലും പേടിച്ചോടുകയാണു് ചെയ്തതു്."

മദാന്ധനായിത്തീൎന്ന ബാണൻ പറഞ്ഞതു കേട്ടപ്പോൾ അമൎഷമാണു് ഭഗവാനു് തോന്നിയതു്. അവിടന്നു് അരുളിച്ചെയ്തു: "മൂഢ, അല്പം ക്ഷമിയ്ക്കൂ. എന്നോടു് തുല്യനായ ഒരാളോടുതന്നെ നിനക്കു് ഏററുമുട്ടാം. എപ്പോഴെന്നല്ലേ?-

4 ഭഗ്നമായ് നിൻകേതു നിലംപൊത്തു,മപ്പോ
ഴുണ്ടാം മദ-

മഗ്നനാം നിനക്കു് യുദ്ധം മത്സമനോടായ്.

ഒരിയ്ക്കൽ നിൻെറ ഈ കേതു ഒടിഞ്ഞു നിലംപതിക്കും, പിന്നെ താമസമില്ല, നിൻെറ കാമിതം കൈക്കൂടുന്നതിന്നു്."

ശിവൻ അരുളിച്ചെയ്തതുകേട്ടു കുമതിയായ ബാണൻ സന്തുഷ്ടനായി; സ്വഗൃഹത്തിലേക്കു തിരിച്ചു. അവൻ തൻെറ വീൎയ്യനാശത്തെ സൂചിപ്പിക്കുന്ന കേതുപതനവും പാൎത്തുകൊണ്ടിരുന്നു.

അക്കാലത്തു് ഒരു ദിവസം ബാണൻെറ പുത്രി യായ ഉഷ എന്ന കന്യക, മുമ്പുകണ്ടിട്ടും കേട്ടിട്ടുമില്ലാത്ത അനിരുദ്ധനുമായി രമിച്ചതായി ഒരു സ്വപ്നം കാണുകയു ണ്ടായി.

5 പെണ്മണി പെട്ടെന്നുണർന്നങ്ങുനോക്കിനാൾ,
കാണ്മതില്ലങ്ങെങ്ങുമപ്പുമാനെ!
"കാന്ത, നീയെങ്ങുവാ" നെന്നുരച്ചത്യന്തം
താന്തയായ് നാണവും പൂണ്ടാളപ്പോൾ.

അവൾ പെട്ടെന്നു് കണ്ണുതുറന്നുനോക്കി. ഉറക്ക ത്തിൽ തന്നെ രമിപ്പിച്ച ആ യുവാവിനെ അങ്ങെങ്ങും കാണുന്നില്ല. അവൾക്കു് പരിഭ്രമമായി., ആ പ്രേമ വിവശ "പ്രിയതമ! അങ്ങ് എവിടെയാണു്?" എന്നു് പറഞ്ഞുകൊണ്ടു് പെട്ടെന്നു് സഖികളുടെ മദ്ധ്യത്തിൽ എഴുന്നേററിരുന്നു. അവൾക്കു് അഭൂതപൂർവ്വമായ ലജ്ജ യും വൈവശ്യവും തോന്നി.

6 അന്നേരം ബാണസചിവനാം കുംഭാണ്ഡൻ-
തന്നുടെ പുത്രിയാം ചിത്രലേഖ,
തോഴിയാമുഷയോടീവിധം ചോദിച്ചാൾ:
"ഊഴീപനന്ദിനി, യെന്തിതാര്യേ!
ഇന്നോളം ഞാൻ തവകാന്തനെക്കണ്ടിട്ടി-
ല്ലിന്നു നീ തേടുവതാരെയേവം?
നിന്നകതാരിലുള്ളാഗ്രഹമെ, ന്തതു
ചൊന്നാലും തെല്ലും മടിച്ചിടാതെ."

ഉഷയുടെ പന്തികേടുകണ്ടു് അവളുടെ ഉററതോഴി— ബാണൻെറ മന്ത്രിയായ കുംഭാണ്ഡൻെറ മകൾ—ചിത്ര ലേഖ ചോദിച്ചു: "തോഴി, ഇതെന്താണു്? നിനക്കു്

ഒരു കാമുകനോ? അതാര്? ഇതുനാളും ഞാൻ കാണുകയു ണ്ടായിട്ടില്ല! നീ ആരെയാണ് അന്വേഷിക്കുന്നത്? വാസ്തവം പറയൂ. എന്താണ് നിൻെറ അന്തർഗ്ഗതം?

ഉഷ മറുപടി പറഞ്ഞു: സഖീ, "സ്വപ്നത്തിൽ കാമ കോമളനായ ഒരു യുവാവിനെ ഞാൻ കാണുകയുണ്ടായി—

7 മഞ്ഞയാം തുകിലും, പിന്നെ നീണ്ടുരുണ്ട കയ്യും,
കഞ്ജദളലോചനവും, കാർതൊഴുന്ന മെയ്യും,
ചേരുമവൻ നാരീമനോഹാരിയാണെൻ തോഴി!
ആ രതീശരമണനെ തേടീടുന്നു ഞാനും.

മഞ്ഞപ്പട്ടും, നീണ്ടുരുണ്ട കയ്യും, കമലക്കണ്ണും, നീല നിറവുമുള്ള ആ യുവാവ് മാനിനികളുടെ മനംമയക്കത്ത ക്കവണ്ണം മാൺപുററവനായിരുന്നു. ആ തരുണനെ യാണ് ഞാൻ അന്വേഷിക്കുന്നത്. സഖി, ഞാൻ ഒന്നും മറച്ചുവയ്ക്കുന്നില്ല—

8 അധരമധു വാസ്വാദിപ്പിച്ചവനും
കൗതുകമതിൽ വീണ്ടും വളർത്തിയേവം
കദനപയോരാശിയിലാഴ്ത്തിയെന്നെ
മദനനിഭനെങ്ങോ കടന്നുപോയാൻ!

അതെ, ഹാ തോഴി! അധരസുധയുടെ ആസ്വാ ദ്യത-അതെന്തെന്ന് ആദ്യമായി ഞാൻ അറിഞ്ഞത് ആ രസികനിൽനിന്നാണ്. വീണ്ടും അതിന്നുവേണ്ടി വെമ്പുന്ന എന്നെ ഇങ്ങനെ സങ്കടക്കടലിൽ തള്ളിയിട്ടും വെച്ച് ആ പ്രാണവല്ലഭൻ എങ്ങോ പോയ്ക്കളഞ്ഞു!"

ഇങ്ങനെ ദുഃഖവിവശയായി ഉഷ പറഞ്ഞതുകേട്ട് ചിത്രലേഖയ്ക്കു് അനുകമ്പ തോന്നി. അവൾ സഖിയോടു

പറഞ്ഞു: "തോഴി, നിന്റെ മനംകവന്ന ആ യുവാവ് ആരാണെന്നു് പറയൂ. മൂന്നുലോകങ്ങളിൽ എങ്ങാനും ഉണ്ടെങ്കിൽ അവനെ ഞാൻ കൊണ്ടുവന്നു് നിന്റെ സങ്കടം തീർക്കുന്നുണ്ടു്."

അനന്തരം ചിത്രമെഴുത്തിൽ അതിചതുരയായ ചിത്രലേഖ ദേവന്മാർമുതൽ മനുജന്മാർവരെയുള്ള പലപല യുവാക്കന്മാരുടേയും ചിത്രങ്ങൾ വരച്ച് ഉഷയ്ക്കു് കാണിച്ചുകൊടുത്തു. അങ്ങനെ മനുഷ്യലോകത്തിലുള്ള ഓരോരുത്തരുടേയും ചിത്രങ്ങളുടെ കൂട്ടത്തിൽ വൃഷ്ണികളുടേയും, ശൂരസേനന്റേയും, വസുദേവന്റേയും, രാമകൃഷ്ണന്മാരുടേയും. പ്രദ്യുമ്നന്റേയും ചിത്രങ്ങൾ ഉൾപ്പെട്ടിരുന്നു. കൃഷ്ണപുത്രന്റെ ചിത്രം കണ്ടപ്പോൾ ഉഷയ്ക്കു് ലജ്ജ തോന്നി. അനന്തരം അനിരുദ്ധന്റെ ചിത്രമാണു് എഴുതപ്പെട്ടതു്. അതുകണ്ടപ്പോൾ ഉഷയുടെ മുഖം നാണം കൊണ്ടു് കനിഞ്ഞുപോയി. അവൾ പുഞ്ചിരിച്ചുകൊണ്ടു് പറഞ്ഞു:

9 "തന്നെ,യിദ്ദക്കാമളൻതന്നെ,യെന്മാനസ-
മൊന്നായ്ക്കവെന്നവൻ, സ്വപ്നം തന്നിൽ.

അതെ, സ്വപ്നത്തിൽ എന്നെ മയക്കിയ മനോഹരൻ ഇവൻ തന്നെ."

സഖിയുടെ കാമുകൻ കൃഷ്ണപൗത്രനാണെന്നറിഞ്ഞപ്പോൾ ചിത്രലേഖയ്ക്കു് സന്തോഷംതോന്നി. യോഗവിദ്യ വശമുള്ള അവൾ ഉടനെ ശ്രീകൃഷ്ണന്റെ രക്ഷയിലുള്ള ദ്വാരകയിലേക്കു് യാത്രതിരിച്ചു. അവൾ അധികം താമസിയാതെ അവിടെ എത്തി. തദവസരത്തിൽ അവിടെ മണിയറയിൽ മനോഹരമായ ഒരു മഞ്ചത്തിൽ അനിരുദ്ധൻ ഗാഢനിദ്രയിൽ ആണ്ടുകിടക്കുകയായിരുന്നു.

ഉടനെ ആരുമറിയാതെ അവൾ അവനെ എടുത്തുകൊണ്ടു് ആകാശത്തിലൂടെ തിരിച്ചുവന്നു് ഉഷയ്ക്കു് സമ്മാനിക്കുകയും ചെയ്തു.

ഏററവും സുഭഗനായ അനിരുദ്ധനെ കണ്ടപ്പോൾ ഉഷയുടെ ഉടലാകെ കോരിത്തരിച്ചു. മുഖം സൂര്യോദയത്തിൽ ചെംകമലംപോലെ വികസിക്കുകയും ചെയ്തു.

10 കോരിത്തരിച്ചിതു തന്നുടലും,
പാരം പ്രസന്നമായാനനവും,
ചാരുതയ്ക്കാദർശമായിടുന്നാ—
പ്പൂരുഷൻ തന്നെയും കണ്ടനേരം,

അന്നുതൊട്ടു് ബാണനന്ദിനി അനിരുദ്ധനുമൊരുമിച്ചു്—

11 പുരുഷദുഷ്പ്രേക്ഷ്യമാം തന്നന്തഃപുരത്തിങ്കലവ—
ളാരുമാരുമറിയാതെ രമിച്ചുവാണു.

ആണുങ്ങൾക്കു് ഒന്നെത്തിനോക്കാൻപോലും സാധ്യമല്ലാത്ത തന്റെ അന്തഃപുരത്തിൽ രഹസ്യമായി ആ യുവകാമുകനുമൊരുമിച്ചു് അവൾ രമിച്ചുവാണു.

വിലകൂടിയ വസ്ത്രങ്ങൾ, മാലകൾ, കുറിക്കൂട്ടുകൾ, ധൂപദീപങ്ങൾ, പാനഭോജനങ്ങൾ, തേന്മൊഴികൾ അങ്ങനെ പലതുകൊണ്ടും അവൾ അവനെ ശുശ്രൂഷിച്ചു.

അങ്ങനെ, അനവരതം വർദ്ധിച്ചുവരുന്ന സ്നേഹത്തോടുകൂടി ഉഷയുടെ അന്തഃപുരത്തിൽ രഹസ്യമായി താമസിക്കുന്ന അനിരുദ്ധൻ ദിവസങ്ങൾ കടന്നുപോകുന്നതു് അറിയുകയുണ്ടായില്ല.

12 വർദ്ധിതസ്നേഹയാമായവളിൽ
ചിത്തം നിബദ്ധമായ്ത്തീരുകയാൽ

നാളുകൾ പോയതറിഞ്ഞീലോത്തും
നാളീകബാണനനാമായവനും.

അങ്ങനെ അനിരുദ്ധനോടൊരുമിച്ച് അന്തഃപുരത്തിൽ അത്യാനന്ദമനുഭവിക്കുന്ന ഉഷയിൽ ക്രമേണ ഒളിക്കാൻ വയ്യാത്ത ചില ഭാവപ്പകർച്ചകൾ കണ്ടുതുടങ്ങി. അതു കണ്ടപ്പോൾ കാവല്ക്കാർക്ക് മനസ്സിലായി, അവൾ കന്യകാവ്രതം കളഞ്ഞു കുളിച്ചിരിക്കുന്നു എന്ന്. അവർ അരചനെ വിവരമറിയിച്ചു "തിരുമേനി! കൊച്ചുതമ്പുരാട്ടി കുലത്തിന്നു കുറവുണ്ടാക്കുന്ന വഴിയിൽ കാലുവച്ചതായി അടിയങ്ങൾക്കു തോന്നുന്നു. തമ്പുരാനെ, അടിയങ്ങൾ കണ്ണും കരളുമായി കാത്തുപോരുന്ന അന്തഃപുരത്തിലാണല്ലോ ഈ പെൺകൊച്ചിരിക്കുന്നതു്. ഈ പൊന്നിൻകുടത്തിനെ കണ്ണുകൊണ്ടു് ഒന്നു് കാണാൻകൂടി ആൺപിറന്നോർക്ക് പററുകയില്ല. പിന്നെ എങ്ങനെ ഈ കൊച്ചു് ദോഷപ്പെട്ടു! അടിയങ്ങൾക്കു് ഒന്നും പിടികിട്ടുന്നില്ല."

13 പുരുഷന്മാർക്കൊന്നു കാണ്മാൻപോലും വയ്യാ
ത്തവൾക്കീദൃഷ്-
പേരുവന്നു ചേൎന്നതുമിന്നെങ്ങനെയാവോ!"

മകളെക്കുറിച്ചുള്ള അപവാദം—അതു് അഭിമാനമുള്ള ഏതൊരു പിതാവിന്റെ ഹൃദയത്തെയാണു് ക്ഷതപ്പെടുത്താതെയിരിക്കുക? കാവല്ക്കാരുടെ ആ നിവേദനം ബാണനെ അത്യന്തം വേദനിപ്പിച്ചു. വല്ലാതെ അസ്വസ്ഥനായിത്തീൎന്ന ആ അസുരരാജാവ് പെട്ടെന്നു് കന്യകാഗാരത്തിലേക്കു് കുതികൊണ്ടു. അവിടെ ഒരു യുവാവു് തന്റെ മകളുമായി അക്ഷക്രീഡയിൽ ഏൎപ്പെട്ടിരിക്കുന്ന കാഴ്ചയാണു് കാണപ്പെട്ടതു്.

14 ശ്യാമളനിറവും, പിന്നെ കോമളമാം മഞ്ഞപ്പട്ടം,
താമരത്താരിതളൊത്ത നയനങ്ങളും,
കുണ്ഡലകുന്തളതപിട്ടം, പുഞ്ചിരിയും ചേന്നപാംഗ-
മണ്ഡിതമൊമാനനവും, തദംഗസംഗാൽ
പോർമുലക്കങ്കമംചേന്ന തൂമധുമല്ലികാസൂന-
ഭാമവും, നല്ലായതമാം പാണിദണ്ഡവും

ശ്യാമളമായ ശരീരം, അരയിൽ മഞ്ഞപ്പട്ട്, താമരദളങ്ങളൊത്ത കണ്ണുകൾ, മുട്ടോളംനീണ്ട കയ്യുകൾ, കുണ്ഡലങ്ങളിൽനിന്നും പുഞ്ചിരിപുരണ്ട കടാക്ഷത്തിൽനിന്നും വീശുന്ന കാന്തിയാൽ അലംകൃതമായ മുഖം, കഴുത്തിൽ അവളുടെ മാറത്തെ കുങ്കമംപുരണ്ട മധുമല്ലികാമാല— ഇങ്ങനെ സർവ്വാംഗീണമായ സൗന്ദര്യത്തോടുകൂടി തൻെറ കൺമുന്നിലിരിക്കുന്ന അനിരുദ്ധനെക്കണ്ടു് ബാണനു് അത്ഭുതംതോന്നി

ആതതായികളായ ഭടന്മാരോടൊരുമിച്ചു് അവിടെ കടന്നുവന്ന ബാണനെ കണ്ടപ്പോൾ മധുവംശജനായ അനിരുദ്ധൻ, തൻെറ പരിഘം ഉയർത്തിപ്പിടിച്ചുകൊണ്ടു് ഹനിക്കാൻ തുനിഞ്ഞ ദണ്ഡധരനെപ്പോലെ പതറാതെ നിന്നു. തന്നെ പിടികൂടാൻ നാലുപുറവും വളയുന്ന ആ പടയാളികളെ, പന്നിത്തലവൻ പട്ടികളെ എന്നപോലെ, ആ യുവകേസരി തലങ്ങും വിലങ്ങും തച്ചുതുടങ്ങി. പ്രഹരംകൊണ്ടു് തലയും തുടയും കയ്യും തകൎന്ന ഭടന്മാർ പൊറുതിമുട്ടി പുറത്തേക്കോടി തൻെറ സേനയെ അങ്ങനെ അടിച്ചമർത്തുന്നതുകണ്ടു് ബാണൻ, അത്യന്തം കുപിതനായി. ഉടനെ ബലശാലിയായ ആ ബലിനന്ദനൻ ആ കൊച്ചുപരാക്രമിയെ നാഗപാശംകൊണ്ടു് ബന്ധിക്കുകയാണുണ്ടായതു്.

തൻെറ പ്രിയതമൻെറ ആ ദുരവസ്ഥകണ്ടു് ശോകവിഹ്വലയായ ഉഷ നിറഞ്ഞ കണ്ണുമായി കരഞ്ഞുതുടങ്ങി.

15 ബദ്ധനായ്ക്കാന്തനെ കാൺകയാലെ
അത്യന്തം ശോകവിവശയായി
കണ്ണീരും തൂകിക്കരഞ്ഞാളപ്പോ-
ളുണ്ണിമാൻകണ്ണിയാം ബാണപുത്രി.

ഇനി നമുക്കു് ദ്വാരകയിലെ സ്ഥിതി എന്താണെന്നു് നോക്കാം-

ഒരു ദിവസം പ്രഭാതത്തിൽ അനിരുദ്ധനെ കാണാതായി. അപ്പോൾ—

16 ദ്വാരകയിലുള്ളോരെല്ലാം പാരം പരിഭ്രാന്തരായി
നാരിമാരും കണ്ണീർതൂകിത്തളൎന്നുപോയി.

എന്തെന്നോ—

17 നേരം പുലരുമ്പോൾ കാൺമതില്ലാ—
വീരനെപ്പള്ളിയറയിലെങ്ങും!

ദ്വാരകാവാസികൾക്കു് പരിഭ്രമമായി. അതു് ഒരു വൎഷക്കാലത്തിൻെറ ആരംഭത്തിലാണു് സംഭവിച്ചതു്, തലേന്നു് രാത്രി അനിരുദ്ധൻ പള്ളിമഞ്ചത്തിൽ ചെന്നുകിടന്നതു് പരമാൎത്ഥമാണു്. പക്ഷേ, എന്താണു് സംഭവിച്ചതു്., നേരം വെളുത്തപ്പോൾ അവിടെ രാജകുമാരനെ കാണുന്നില്ല! ഞെട്ടിപ്പിക്കുന്ന ആ വൎത്തമാനം ദ്വാരകാപുരി മുഴുവനും കാട്ടുതീപോലെ പരന്നു. അങ്ങനെ സന്താപസമുദ്രത്തിൽ മുഴുകിക്കൊണ്ടുതന്നെ നാട്ടുകാരുടെ നാലു മാസങ്ങളും നാലു യുഗങ്ങൾപോലെ കടന്നുപോയി.

അക്കാലത്ത് ഒരു ദിവസം ത്രിലോകസഞ്ചാരിയായ നാരദമഹർഷി ദ്വാരകയിൽ എഴുന്നള്ളി. അനിരുദ്ധൻെറ വർത്തമാനം മുഴുവനും അദ്ദേഹം അവരോട് പറഞ്ഞു. ശ്രീകൃഷ്ണനെ ദൈവമായി കരുതുന്ന വൃഷ്ണികൾ ഉടനെ ബാണൻെറ രാജധാനിയായ ശോണിതപുരത്തിലേക്ക് പുറപ്പെട്ടു. പ്രദ്യുമ്നൻ, യുയുധാനൻ, ഗദൻ, സാംബൻ, നന്ദൻ, ഉപനന്ദൻ, ഭദ്രൻ എന്നിവർ രാമകൃഷ്ണന്മാരെ അനുഗമിക്കുകയും ചെയ്തു.

പന്ത്രണ്ടക്ഷൗഹിണിയോടുകൂടിയ ആ യാദവവീരന്മാർ ബാണനഗരിയെ നാലുഭാഗത്തുനിന്നും വളഞ്ഞു.

18 അട്ടാലങ്ങൾ, ഗോപുരങ്ങൾ, കൊട്ടാരങ്ങൾ, മതിലുകൾ,
ചിട്ടയേറും പൂങ്കാവുകളെന്നിവയെല്ലാം
ഒട്ടുനേരംകൊണ്ട് മദംപൊട്ടീടുന്ന യാദവന്മാർ
തട്ടിത്തകർത്തട്ടഹാസം ചെയ്താരന്നേരം.

കലികയറിയ ആ യാദവപ്പട, അട്ടാലങ്ങൾ, ഗോപുരങ്ങൾ, കോട്ടമതിലുകൾ, അഴകാറ പൂങ്കാവനങ്ങൾ എന്നിവയെ ഞൊടിയിടകൊണ്ട് കണ്ടമാനം നശിപ്പിച്ച് അട്ടഹസിച്ചുതുടങ്ങി. അതുകണ്ട് അടക്കവയ്യാത്ത അമർഷത്തോടുകൂടിയ ബാണൻ, എതിരാളികളോട് തുല്യനിലയിൽനിന്ന് പൊരുതാൻപോന്ന സൈന്യത്തോടുകൂടി അവരുടെ നേരെ ചെന്നു. ബാണനെ സഹായിക്കാൻ തൻെറ പുത്രന്മാരോടും പ്രമഥന്മാരോടും ഒരുമിച്ച് രുദ്രനും കാളപ്പുറത്തുകയറി പുറപ്പെട്ടു,

ആ രണാങ്കണത്തിൽ കൃഷ്ണനോടേററുമുട്ടിയത് ശിവനാണ്. കാണികളെ രോമാഞ്ചംകൊള്ളിച്ചുകൊണ്ട്

പ്രദ്യുമ്നനും ഗുഹനും തമ്മിൽ പൊരുതി. ബലരാമൻ ഒററയ്ക്കാണ് കുംഭാണ്ഡനോടും കൂപകർണ്ണനോടും നേരിട്ടതു്. ബാണപുത്രനോട് യുദ്ധം ചെയ്തതു് സാംബനാണ്. സാത്യകിയാണ് ബാണനോട് ചെറുത്തുനിന്നതു്.

19 സിദ്ധചാരണാദികളും വ്യോമയാനങ്ങളിൽക്കേറി
യുദ്ധമതു കാൺമതിന്നായവിടെയെത്തി.

ആ പെരുമ്പോരു കാണുന്നതിന്ന് സിദ്ധചാരണാദികൾ വിമാനങ്ങളിൽ കയറി അവിടെ തടിച്ചുകൂടി.

ശ്രീകൃഷ്ണൻെറ ശരാസനത്തിൽനിന്ന തുരുതുരെച്ചൊരിയുന്ന കൂരമ്പുകളേററു ഭൂപതിയുടെ അനുചരന്മാർ കണ്ടവഴിക്കു മണ്ടിത്തുടങ്ങി. എങ്കിലും പിനാകി പിൻവാങ്ങുകയുണ്ടായില്ല. അവിടന്നു പലതരത്തിലുള്ള ബാണങ്ങൾ ശ്രീകൃഷ്ണൻെറ നേരെ പ്രയോഗിച്ചു. ശാർങ്ഗപാണിക്കും കുലുക്കമൊന്നുമുണ്ടായില്ല. തന്തിരുവടി—

20 ബ്രഹ്മാസ്ത്രത്തിന്നതേയസ്ത്രം,—
വായവ്യത്തിന്നു പാർവ്വതം,
ആഗ്നേയത്തിന്നു പാർജ്ജന്യം,
കൌജം പാശുപതത്തിനും.

ഇങ്ങനെ പ്രത്യസ്ത്രങ്ങൾ പ്രയോഗിച്ച് അവയെ അസ്ത്രവീര്യങ്ങളാക്കിത്തീർത്തു.

അനന്തരം ശ്രീകൃഷ്ണൻ ജൃംഭകാസ്ത്രമെയ്തു ശിവനെ മയക്കി; വാൾ, ഗദ, അമ്പു, മുതലായവയാൽ ബാണൻെറ സൈന്യത്തെ നശിപ്പിച്ചു. നാലുപുറത്തുനിന്നും പ്രദ്യുമ്നൻെറ അസ്ത്രങ്ങൾ തറച്ചു പൊറുതിമുട്ടിയ സേനാനി നിണമണിഞ്ഞുകൊണ്ട് തൻെറ മയിലുമായി പോർക്കളത്തിൽനിന്നു ഓടിപ്പോയി. മുസലംകൊണ്ടുള്ള അടികൊണ്ടു

കുംഭാണ്ഡനും കൂട്ടുകാരും നിലംപൊത്തി. പടത്തലവന്മാരുടെ പതനത്തോടുകൂടി അവരുടെ പടയാളികളും പാഞ്ഞുതുടങ്ങി.

കണ്ണിനുമുമ്പിൽ വെച്ച തൻെറ സേനകൾ അങ്ങനെ നശിപ്പിക്കപ്പെടുന്നതു കണ്ടപ്പോൾ അത്യമർഷണനായിത്തീൎന്ന ബാണൻ സാത്യകിയെ വിട്ട്, തേരിൽ കയറി ശ്രീകൃഷ്ണൻെറ നേരേ പാഞ്ഞു. സമരത്തിൽ ദുരഹംകാരിയായ അവൻ അഞ്ഞൂറു വില്ലുകളെ ഒരുമിച്ച കുലച്ചു; ഓരോന്നിലും ഈരണ്ടമ്പുകൾ തൊടുത്തു. ഭഗവാനായ ഹരിയാവട്ടെ, അമ്പേററിയ ആ ശരാസനങ്ങളെ ഒരുമിച്ച തന്നെ നിഷ്പ്രയാസം മുറിക്കുകയും, സാരഥിയോടൊപ്പം തേരിനെയും കുതിരകളേയും വീഴ്ത്തുകയുംചെയ്ത് ശംഖനാദം മുഴക്കി.

അങ്ങനെ ഭയങ്കരമായ പെരുമ്പോരു നടന്നുകൊണ്ടിരിക്കുമ്പോൾ, തൻെറ മകൻെറ നില സുരക്ഷിതമല്ലെന്നറിഞ്ഞു ബാണൻെറ മാതാവായ 'കോടര' രണാങ്കണത്തിൽ ഓടിയെത്തി. പ്രത്യുത്പന്നമതിയായ അവൾ പുത്രൻെറ പ്രാണരക്ഷയ്ക്കുവേണ്ടി പെട്ടെന്ന് ആടയും മുടിയും അഴിച്ചിട്ട്—ദിഗംബരയായി—ശ്രീകൃഷ്ണൻെറ മുമ്പിൽ ചെന്നുനിന്നു!

21 അന്നേരം ദിഗംബരയാമവളെ നോക്കാതെ വേഗം
തന്നുടയ മുഖം കൃഷ്ണൻ തിരിച്ചുനിന്നാൻ.

എന്തെന്നോ? നഗ്നസ്ത്രീദർശനം ശാസ്ത്രനിഷിദ്ധമാണ്—പിറന്ന കോലത്തോടുകൂടിയ പെണ്ണിനെ നോക്കരുത്. ഇതുതന്നെ നല്ലൊരവസരമെന്നു കരുതി, അമ്പും, വില്ലും, തേരും നഷ്ടപ്പെട്ട ബാണൻ തൻെറ രാജധാനിയിലേയ്ക്കു തിരിക്കുകയും ചെയ്തു.

22 നല്ലൊരു തഞ്ചമിതെന്നോൎത്തപ്പോൾ
വില്ലും, ശരവും, രഥവുമെല്ലാം
നഷ്ടമായേകനായ്ത്തീൎന്ന ബാണൻ
പെട്ടെന്നു പൂകിനാൻ തൻപുരവും.

ഭൂതഗണം പരാജിതമായപ്പോൾ ശിവൻ, മൂന്നു തലയും, മൂന്നു കാലുമുള്ള 'ശൈവജ്ജ്വരം' എന്ന ഒരു സത്ത്വത്തെ സൃഷ്ടിച്ച് ഹരിയുടെ നേരെ അയച്ചു. ആ സംഹാരമൂൎത്തി പത്തു ദിക്കുകളേയും ദഹിപ്പിക്കത്തക്കവണ്ണം കത്തിജ്ജ്വലിച്ചുകൊണ്ടു ദാശാൎഹന്റെ നേരെ പാഞ്ഞു. ഭഗവാനാകട്ടെ, ആ ഉഗ്രമൂൎത്തിയെ കണ്ടഉടനെ 'വൈഷ്ണവജ്ജ്വരം' എന്ന പേരിൽ ഒരു എതിരാളിയെ സൃഷ്ടിച്ച് ആ മാരണദേവതയുടെ നേരെ വിടുകയും ചെയ്തു.

ആ രണ്ട് ഉഗ്രമൂൎത്തികളും തമ്മിൽ തീപ്പറപ്പിച്ചുകൊണ്ട് ഏററുമുട്ടി. അപ്പോൾ—

23 വൈഷ്ണവജ്ജ്വരത്താലേററം
മൎദ്ദിതമാം ശൈവജ്ജ്വരം
കഷ്ണിച്ചെങ്ങും ലഭിയാതെയഭയമപ്പോൾ
ഭീതിയോടും കൈകൾ കൂപ്പിശ്ശരണമിരന്നു കേണു
മാധവനെ ഭക്തിയോടും സ്തുതിച്ചിതേവം:

24 "നമാമി ത്വാം ഹൃഷീകേശം
സൎവ്വാത്മാനം കേവലം ജ്ഞപ്തിമാത്രം
വിശ്വോത്പത്തിസ്ഥാനസംരോധഹേതും
യത്തത് ബ്രഹ്മ ബ്രഹ്മലിംഗപ്രശാന്തം.

25 കാലോ ദൈവം കൎമ്മജീവഃ സ്വഭാവോ
ദ്രവ്യം ക്ഷേത്രം പ്രാണ ആത്മാവികാരഃ

തത്സംഘാദതാ ബീജമോഹപ്രവാഹ-
സ്ത്വന്മായെഷാ തന്നിഷേധം പ്രപദ്യേ.

26 നാനാഭാവൈർലീലയൈവോപപന്നൈ-
ർദ്ദേവാൻ സാധൂൻ ലോകസേതൂൻ ബിഭർഷി
ഹംസ്യുന്മാർഗ്ഗാൻ ഹിംസയാ വർത്തമാനാൻ
ജന്മൈതത്തേ ഭാരഹാരായ ഭൂമേ:

27 തപ്തോഽഹം തേജസാ ദുസ്സഹേന
ശാന്തോഗ്രേണാത്യുദ്ബണേന
താവത്താപോ ദേഹിനാം തേഽങ്ഘ്രിമൂലം
നോ സേവേരൻ യാവദാശാനുബദ്ധാ:

ഭഗവാനെ, നിന്തിരുവടിയുടെ തേജസ്സിനാൽ സൃഷ്ടവും, ദുസ്സഹവും, അത്യന്തം തീവ്രവും, ശാന്തവും. ഉഗ്രവുമായിരിക്കുന്ന ജ്വരത്താൽ ഞാൻ വല്ലാതെ എരിപൊരിക്കൊള്ളുകയാണ്. ആശാപാശംനിമിത്തം നിന്തിരുവടിയെ സേവിക്കാതിരിക്കുന്നതുവരെ ദേഹികൾ സങ്കടപ്പെടുന്നതിൽ അത്ഭുതമില്ല. ഞാനിതാ അങ്ങയെ ശരണംപ്രാപിച്ചുകഴിഞ്ഞു. ഇനിയും എന്നെ വലയ്ക്കരുതേ!"

ഇങ്ങനെ ശൈവജ്വരം ഉള്ളുരുകി സ്തുതിച്ചതു കേട്ട് പ്രസന്നനായിത്തീൎന്ന ഭഗവാൻ അവനോട് അരുളിച്ചെയ്തു:

28 "സുപ്രസന്നനായി നിന്നിലിന്നു ഞാനും
ത്രിശിരസ്സേ!
മത്പ്രതാപജ്ജ്വരഭീതിയരുതുമേലിൽ.
എന്നുമല്ലീ നമ്മുടയ സംവാദം നിനയ്ക്കുന്നവ-
ൎക്കൊന്നുകൊണ്ടും നിന്നിൽനിന്നും ഭീതിയുണ്ടാകാ.

ഞാൻ നിന്നിൽ പ്രസാദിച്ചിരിക്കുന്നു. മേലാൽ എൻെറ ജ്വരത്തിൽനിന്നു് നിനക്കു് ഭയമുണ്ടാവുകയില്ല. എന്നുതന്നെയല്ല, നമ്മുടെ ഈ സംവാദം സ്മരിക്കുന്നവക്കും നിന്നിൽനിന്നു് ഭയപ്പെടേണ്ടതില്ല."

ഇങ്ങിനെ ശ്രീകൃഷ്ണനാൽ സമാശ്വസിക്കപ്പെട്ട മാഹേശ്വരജ്ജ്വരം ആ കരുണാമൂത്തിയെ സാഷ്ടാംഗം നമസ്കരിച്ചതിനുശേഷം അവിടെനിന്നുപോയി.

അനന്തരം ബാണാസുരൻ മറെറാരു തേരിൽ കയറി ശ്രീകൃഷ്ണനോടു് യുദ്ധത്തിന്നു വന്നു. ഒരിക്കൽ പരാജിതനായി പലായനംചെയ്ത അസുരപ്രമാണി തൻെറ—

29 ആയിരം കൈകളിലായുധമേന്തിയൊ-
രായവനാളിടും കോപത്തോടും
അസ്ത്രങ്ങൾതൂകിനാനച്യുതൻ തന്മെയ്യി-
ലജ്ഞന്മാക്കങ്ങനെ തോന്നി ഞായം!

ആയിരം കൈകളിലും പലമാതിരി ആയുധങ്ങളെടുത്തുകൊണ്ടു് ഏററവും അരിശത്തോടുകൂടി ശ്രീകൃഷ്ണൻെറ നേരെ അത്യുജ്ജ്വലങ്ങളായ ബാണങ്ങൾ വഷിച്ചുതുടങ്ങി. വാശിമൂത്ത ആ യുദ്ധത്തിൽ ഭഗവാൻ ബാണൻെറ ബാഹുക്കൾ ഓരോന്നായി വനസ്പതിയുടെ ശാഖകളെ എന്നപോലെ മുനകൂത്ത ചക്രംകൊണ്ടു് അരിഞ്ഞുവീഴ്ത്തിത്തുടങ്ങി. അതുകണ്ടു് ഭക്തവത്സലനായ ശിവന്നു് അവനോടു് അലിവുതോന്നി. അവിടന്നു് ശ്രീകൃഷ്ണൻെറ സമീപത്തുതന്നെ കൈകൂപ്പികൊണ്ടു് ഇങ്ങനെ സ്തുതിച്ചു:

ഭഗവാനേ!

30 വാങ്മയമാം ബ്രഹ്മം തന്നിൽ മറഞ്ഞിരു
ന്നീടുന്നൊരു
പരം ജ്യോതിസ്സായീടുന്ന ബ്രഹ്മമത്രേ നീ,
കേവലനാം നിന്നെക്കാണ്മു നിർമ്മലാന്തഃകരണന്മാ-
രാ വിശാലാകാശംപോലെ പരിശുദ്ധനായ്..
ദേവ, വിരാൾപ്പൂരുഷനാം നിന്നുടയ
നാഭിയോത്താ-
ലാകാശം താ,നഗ്നിയല്ലോ വദനം വിഭോ!
തേജസ്സത്രേ ജലം, ശീഷ്മന്തരീക്ഷ,മാശകളോ
ചെവി, സവ്വംസഹയംഘ്രി, മനസ്സു ചന്ദ്രൻ;
നേത്രം തന്നെയക്കൻ, പിന്നെയഹംകാരം
രുദ്രനല്ലോ,
ചിത്തം തവ ജഠരമോ സമുദ്രം നൂനം;
കരമിന്ദ്ര,നൗഷധികൾ രോമങ്ങ,ളാക്കേശങ്ങളോ
വിരാൺമൂത്തേ! മേഘം, ബുദ്ധി വിരിഞ്ചൻതന്നെ;
നിമ്മലാത്മാവായുള്ളോവെ! നിൻവിസഗ്ഗം
പ്രജാപതി,
ധമ്മമഖിലേശ! തവഹൃദയം തന്നെ.

ഭഗവാനെ, അങ്ങുന്നു് വാങ്മയമായ ബ്രഹ്മത്തിൽ മറഞ്ഞിരിക്കുന്ന പരംജ്യോതിസ്സായ ബ്രഹ്മംതന്നെയാണു്. ആകാശംപോലെ പരിശുദ്ധനാണു് നിന്തിരുവടി എന്ന പരമാത്ഥം അമലമായ അന്തഃകരണമുള്ളവക്കേ അറിഞ്ഞുകൂട. വിരാൾപ്പുരുഷനായ അവിടത്തെ നാഭി ആകാശവും, മുഖം അഗ്നിയും, രേതസ്സ ജലവും, ശീർഷം അന്തരീക്ഷവും, ചെവി ദിക്കുകളും, കാലടി ഭൂമിയും, മനസ്സ് ചന്ദ്രനും, കണ്ണു സൂര്യനും, അഹംകാരം രുദ്രനും, ജഠരം സമുദ്രവും, കയ്യ് ഇന്ദ്രനും ആകുന്നു. എന്നു മാത്രമല്ല

രോമങ്ങൾ ഔഷധികളും, കേശങ്ങൾ മേഘവും, ബുദ്ധി ബ്രഹ്മാവും, മേഢ്രം പ്രജാപതിയും, ഹൃദയം ധർമ്മവും ആണ്.

അപ്രതിഹതമായ തേജസ്സോടുകൂടിയ ഭഗവാനെ! അവിടത്തെ ഈ അവതാരം ധർമ്മത്തെ നിലനിർത്തുന്നതിനും, ലോകക്ഷേമത്തിനും വേണ്ടിയാണ്. ഇയ്യുള്ളവരൊക്കെ നിന്തിരുവടിയുടെ തണലിൽ നിന്നുകൊണ്ടാണല്ലോ, ഏഴുലോകങ്ങളും കാത്തുപോരുന്നതു്.

അങ്ങുന്നു് ആദിപുരുഷനും, ഏകനും, അദ്വിതീയനും, അവസ്ഥാത്രയസാക്ഷിയും, സ്വയംപ്രകാശനും, സർവ്വഹേതുവും, അഹേതുവും, ഈശ്വരനും ആകുന്നു. എങ്കിലും സ്വമായയാൽ സർവ്വഗുണപ്രസിദ്ധിക്കുവേണ്ടി ശരീരം പ്രതിഭിന്നനായിക്കാണപ്പെടുന്നു.

സൂര്യൻ തന്നിൽനിന്നുണ്ടായ ഛായയാൽ മറയ്ക്കപ്പെടുന്നുണ്ടെങ്കിലും, ആ ഛായയേയും രൂപങ്ങളേയും പ്രകാശിപ്പിക്കാതിരിക്കുന്നില്ല. അതുപോലെ ആത്മപ്രദീപനായിരിക്കുന്ന നിന്തിരുവടി ഗുണത്താൽ ആവൃതനായാലും ഗുണങ്ങളേയും ഗുണികളേയും പ്രകാശിപ്പിക്കുകതന്നെ ചെയ്യുന്നു.

അങ്ങയുടെ മായയാൽ മതിമങ്ങിച്ചമഞ്ഞ മൂഢന്മാർ സംസാരസമുദ്രത്തിൽ വീണുമുങ്ങുകയും, പൊങ്ങുകയുമാണു് ചെയ്യുന്നതു്! ദൈവദത്തമായ ഈ മനുഷ്യലോകത്തിൽ ജനിക്കാനിടയായിട്ടും ഇന്ദ്രിയങ്ങളെ അടക്കി നിന്തിരുവടിയെ സേവിക്കാതിരിക്കുന്നവൻ ശോച്യനാണു്; ആത്മവഞ്ചകനുമാണു്; സംശയമില്ല.

പ്രഭോ! ആത്മാവും, പ്രിയനും, ഈശ്വരനുമായിരിക്കുന്ന അങ്ങയെ, ദുഃഖഹേതുകങ്ങളായ ക്ഷണികസുഖ

ങ്ങൾക്കുവേണ്ടി ഉപേക്ഷിക്കുന്നവൻ, അമൃതം വെടിഞ്ഞു വിഷം ഭക്ഷിക്കുകയാണ് ചെയ്യുന്നതു്.

ഞാനും, ബ്രഹ്മാവും, വിബുധന്മാരും, അമലാശയന്മാരായ മുനിമാരും, ആത്മാവായും, പ്രേഷ്ഠനായും, ഈശ്വരനായുമിരിക്കുന്ന നിന്തിരുവടിയെ സർവ്വാത്മനാ ശരണം പ്രാപിച്ചവരാണ്.

ജഗത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു ഹേതുഭൂതനും, സമനും, പ്രശാന്തനും, സുഹൃത്തും, ആത്മാവും, ഈശ്വരനും, അനന്യനും, ഏകനും, ലോകങ്ങൾക്കും, ആത്മാക്കൾക്കും ആശ്രയവും, ക്രീഡാശീലനുമായ അങ്ങയെ ഞങ്ങൾ ഇതാ ഭജിക്കുന്നു.

ഇവൻ—ബാണൻ—എന്റെ ഇഷ്ടനും, ദയിതനും, അനുവർത്തിയുമാകുന്നു ദേവ! ഇവനു ഞാൻ അഭയം നല്കിയിട്ടുണ്ടു്. അതിനാൽ പ്രഹ്ലാദനിൽ എന്നപോലെ ഇവനിലും നിന്തിരുവടി കനിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു."

ശിവന്റെ തത്ത്വഗർഭമായ സ്തുതികേട്ടു പരമാത്മാവായ ശ്രീകൃഷ്ണൻ മറുപടി പറഞ്ഞു: "ഭഗവാനേ! അവിടത്തെ ഇഷ്ടംപോലെത്തന്നെയാവട്ടെ. ഞാൻ അങ്ങയെ അനുമോദിക്കുന്നു. വിരോചനപൗത്രനാണല്ലോ ഈ ബാണാസുരൻ. ഇവൻ എനിയ്ക്കും അവധ്യൻതന്നെയാണ്. 'നിന്റെ വംശത്തിലുള്ളവരെ വധിക്കുകയില്ല' എന്നു പണ്ടുതന്നെ പ്രഹ്ലാദനു ഞാൻ വരം നല്കിയിട്ടുണ്ടു്. ഇവന്റെ അഹംകാരം ഒന്നു ശമിപ്പിക്കണം എന്നേ എനിയ്ക്കു് ഉദ്ദേശമുള്ളു. അതുകൊണ്ട് ഇവന്റെ കൈകളെ അരിഞ്ഞുവീഴ്ത്തിയതു്. ഭൂമിക്കു താങ്ങാനാവില്ലെന്നു കണ്ടപ്പോൾ ഇവന്റെ പെരുമ്പടയേയും ഞാൻ നശിപ്പിച്ചു. എങ്കിലും ഇവന്റെ കയ്യുകളിൽ നാലെണ്ണം അവശേഷി

പ്പിച്ചിച്ചിട്ടുണ്ട്. അവയെ ജരാമരണങ്ങൾ ബാധിക്കുക യില്ല. അങ്ങയുടെ ഭക്തന്മാരിൽ അഗ്രേസരനായ ഇവന്ന് ഇനി ആരേയും ഭയപ്പെടേണ്ടതുമില്ല."

ഇങ്ങനെ ശ്രീകൃഷ്ണനിൽനിന്ന് അഭയംലഭിച്ച ബാ ണൻ തലകുനിച്ചു തന്തിരുവടിയുടെ പാദാരവിന്ദങ്ങളിൽ നമസ്കരിച്ചു. അനന്തരം അനിരുദ്ധനേയും ഉഷയേയും അലംകൃതമായ ഒരു തേരിൽ കയററി ആ മായാമാന ഷന്ന് കാഴ്ചവയ്ക്കുകയും ചെയ്തു.

ശിവൻ ശ്രീകൃഷ്ണനെ അനുമോദിച്ചു. അതിന്നുശേഷം, അക്ഷൗഹിണിയാൽ അകമ്പടി സേവിക്കപ്പെട്ടവനും, വിശിഷ്ടവസ്ത്രങ്ങൾ ധരിച്ചിട്ടുള്ളവനും, പത്നീസമേതനുമായ അനിരുദ്ധനെ പുരസ്കരിച്ചുകൊണ്ടു ഭഗവാൻ ദ്വാരകയി ലേക്ക് എഴുന്നള്ളി

അന്ന് ഒരു മഹോത്സവം തന്നെയായിരുന്നു ദ്വാര കയിലെ പൗരാവലിക്ക്. അവർ തോരണം, കലവാഴ, കൊടിക്കൂറ മുതലായവകൊണ്ടു പട്ടണവും പരിസരവും അലങ്കരിക്കുകയും, ശംഖവും പെരുമ്പറയും മുഴക്കി ഹർഷാരവത്തോടുകൂടി വിജശ്രീലാളിതരായ ശ്രീകൃഷ്ണനേ യും മററും എതിരേല്ക്കുകയും ചെയ്തു.

31 ശങ്കരനുമായുള്ളൊരിസ്സംഗരവൃ,മതുപോലെ
പങ്കജാക്ഷവിജയവും പതിവായ് നിത്യം
ശങ്ക വേണ്ട, പുലർകാലേയെഴുന്നേററു നിനയ്ക്കുകിൽ
സങ്കടങ്ങളകന്നീടും, ജയവുമുണ്ടാം.

# കുചേലൻ

## മംഗളം

"ആനീലശ്ലക്ഷ്ണകേശം, ജ്വലിതമകരസത്-
കുണ്ഡലം, മന്ദഹാസ-
സ്യന്ദാർദ്രം, കൗസ്തുഭശ്രീപരിഗതവനമാ-
ലോരുഹാരാഭിരാമം,
ശ്രീവത്സാങ്കം, സുബാഹും, മൃദുലസദുദരം,
കാഞ്ചനച്ഛായ ചേലം,
ചാരുസ്നിഗ്ദ്ധോരു,മംഭോരുഹ ലളിതപദം
ഭാവയേഹം ഭവന്തം."        (നാ)

വിഷയസുഖങ്ങളെ തേടിത്തേടി ഒഴിക്കലും അഹം ഭാവമില്ലാതെ വിഷമിക്കുന്ന മനുഷ്യന്റെ അജ്ഞാനമാകുന്ന അന്ധകാരത്തെ പാടെ തുടച്ചുനീക്കി പരമാനന്ദമരുളുന്നതിന്നു് ഒരേ ഒരു മാർഗ്ഗമേയുള്ളു: അതാണു് ഭഗവദ്

ഭക്തി. ആധുനിക ശാസ്ത്രം എത്രതന്നെ മുന്നോട്ടുപോയാലും അതൊരിക്കലും ആത്മശാന്തിക്കുതകുകയില്ല; മനുഷ്യനെ അമരനാക്കിത്തീക്കുകയുമില്ല. അതിനാൽ അലംമതിക്ക്—പരമാനന്ദപ്രാപ്തിക്ക്—ഒരേ ഒരു മരുന്നേയുള്ളു. അതാണ് ഭഗവദ്ഭക്തി.

ഭഗവാന്റെ ഗുണഗണങ്ങളെ കീത്തിക്കുന്ന വാക്കാണ് വാക്ക്; തന്തിരുവടിയെ പരിചരിക്കുന്ന കരങ്ങളാണ് കരങ്ങൾ; ആ ചരാചരഗുരുവിനെ സ്മരിക്കുന്ന മനസ്സാണ് മനസ്സ്; അവിടത്തെ പുണ്യകഥകൾ കേൾക്കുന്ന ശ്രവണങ്ങളാണ് ശ്രവണങ്ങൾ; ഭഗവാൻെറ സ്ഥാവരജംഗമങ്ങളായ മൂത്തികളെ നമിക്കുന്ന ശിരസ്സാണ് ശിരസ്സ്; അവയെ ദശിക്കുന്ന കണ്ണാണ് കണ്ണ്; ആ കരുണാനിധിയുടെയും അവിടത്തെ ഭക്തന്മാരുടെയും പാദോദകം സ്പശിക്കുന്ന അംഗങ്ങളാണ് അംഗങ്ങൾ; അതിനാൽ ഭഗവദ്ഭക്തിയുടെ മാഹാത്മ്യത്തെ ഉദാഹരിക്കുന്ന ഒരു കഥ ഇവിടെ പറയാം. ഭക്തിക്കും മുക്തിക്കും ഇതു കാരണമായിത്തീരും, സംശയമില്ല.

പണ്ടു് ശ്രീകൃഷ്ണഭഗവാന് ഏററവും ചങ്ങാതിയായി ഒരു ബ്രാഹ്മണനുണ്ടായിരുന്നു. വിഷയവിരക്തനും, പ്രശാന്തനും, ജിതേന്ദ്രിയനും, ബ്രഹ്മജ്ഞാനിയും ആയിരുന്നു ആ ദ്വിജൻ. യദൃച്ഛയാ വല്ലതും കിട്ടുന്നതുകൊണ്ടുമാത്രം അഹർവൃത്തി കഴിച്ചുകൂട്ടുക എന്നതായിരുന്നു ഒരു ഗൃഹസ്ഥനായിരുന്ന അദ്ദേഹത്തിൻെറ പതിവ്.

കുചേലൻ എന്ന പേരിൽ പ്രസിദ്ധനായിത്തീന്ന ആ ബ്രാഹ്മണന് എല്ലാംകൊണ്ടും അത്യന്തം അനുരൂപയായ ഒരു സഹധമ്മിണിയും ഉണ്ടായിരുന്നു. 'ക്ഷുത്ക്ഷാമ' എന്നായിരുന്നു ആ പതിവ്രതയുടെ പേര്.

ഒരു ദിവസം ആ പതിദേവത—

1 "ഒന്നുമേ കയ്യിലില്ലായ്കമൂലം
നന്നേ മനംനൊന്തും, ഹാ വിറച്ചും,
താന്തമാൎത്തീന്ന മുഖവുമായി
കാന്തനോടോതിനാൾ കൈവണങ്ങി:

വിശപ്പുമാററാൻ ഒന്നുമില്ലല്ലോ എന്നോൎത്ത് ആ സാധിക്കു വല്ലാത്ത മനോവേദനയുണ്ടായി. ജലപാനം പോലുമില്ലാതായിട്ടു വളരെ ദിവസങ്ങളാകയാൽ അവളുടെ ഉടലാകെ വിറക്കുകയും ചെയ്യുന്നു. മുഖമോ തണ്ടൊടിഞ്ഞ തണ്ടാർപോലെ തളൎന്നിരിക്കുന്നു! ഒരു ദിവസം കണവൻെറ മുമ്പിൽ ചെന്നു് കൈകൂപ്പിക്കൊണ്ടു് അവൾ പറഞ്ഞു:

2 ശ്രീദേവിതന്നുടെ വല്ലഭനായീടു-
മാദേവൻ താവക തോഴനല്ലോ?
ബ്രഹ്മണ്യൻ കാമിതം ഭക്തൎക്കു നല്കുവോൻ,
ബ്രഹ്മൻ! ശരണ്യനാശ്ശൗരിനൂനം.

മഹാഭാഗ, സാധുപരായണനായ തന്തിരുവടിയെ ഒന്നു ചെന്നു കാണുക. നിത്യവൃത്തിക്കു കഴിവില്ലാതെ വാടുന്നു കുടുംബിയായ അങ്ങയ്ക്കു് അവിടന്നു വേണ്ടുവോളം ധനം നല്കും. ഭോജന്മാരുടെയും വൃഷ്ണികളുടെയും നാഥനായ അദ്ദേഹം ഇപ്പോൾ ദ്വാരകയിൽ എഴുന്നരുളുന്നുണ്ടു്. പാദപദ്മം ധ്യാനിച്ചു ഭജിക്കുന്നവൎക്കു് ആത്മാവിനെപ്പോലും അൎപ്പിക്കുന്ന ജഗദ്ഗുരുവാണു് ആ കരുണാമൂൎത്തി. പിന്നെയാണോ അവിടന്നു് തീരെ ഇഷ്ടപ്പെടാത്ത അൎത്ഥകാമങ്ങൾ? അതിനാൽ, സംശയിക്കേണ്ടതില്ല—അവിടന്നു പുറപ്പെടുകയേ വേണ്ടു."

ഇങ്ങനെ തൻെറ സഹധർമ്മിണി അകംനൊന്തു പല പ്രാവശ്യവും പ്രാർത്ഥിച്ചതുകേട്ട് മനസ്സലിഞ്ഞ കുചേലൻ വിചാരിച്ചു: "ഉത്തമശ്ലോകനായ ഭഗവാനെ ഒന്നു ദർശിക്കുക എന്നതുതന്നെ വലിയ ഒരു ഭാഗ്യമാണ്. അതിനാൽ പോവുകതന്നെ."

അനന്തരം അദ്ദേഹം ഭാര്യയോടു പറഞ്ഞു: "പ്രിയേ, അങ്ങനെതന്നെ; ഞാൻ പോയിവരാം. പക്ഷെ ഒന്നാണ് വൈഷമ്യം. വലിയവരെ കാണാൻ ചെല്ലുമ്പോൾ വെറും കയ്യോടെ വയ്യെന്നുണ്ട്. അതിന്നെന്തു വഴി?

3 വല്ലതുമുണ്ടെന്നാകിലോ വല്ലഭേ, നീ വേഗം
മല്ലവൈരിക്കേകീടുവാൻ തന്നയച്ചീടേണം."

ഭർത്താവു പറഞ്ഞതുകേട്ട് വിഷമത്തിലായിത്തീർന്നു, ആ പതിവ്രത. അവൾ എങ്ങനെ ഒന്നുമില്ലെന്നു പറയും. ആ സാധ്വി ഉടനെ—

4 നാലുപിടി നെല്ലിരന്നു ലോലമിഴിയവിലാക്കി
ചേലത്തുണ്ടിൽ കെട്ടിയതു കാന്തനു നല്കി.

നാലുവീടു തെണ്ടി നാലുപിടി നെല്ലിരന്ന് അതിനെ ഒരു വിധം ഇടിച്ച് അവിലാക്കി, ഒരു തുണിത്തുണ്ടിൽ കെട്ടി ഭർത്താവിൻെറ കയ്യിൽ കൊടുത്തു. കാഴ്ചക്കുള്ളത് കയ്യിൽ കിട്ടി, എങ്കിലും ആ ബ്രാഹ്മണനെ മറെറാരു വിചാരം അസ്വസ്ഥനാക്കിത്തീർത്തു: "എങ്ങനെയാണ് ഭഗവാനെ ഒന്നു സന്ദർശിക്കുക; അതത്ര എളുപ്പമാണോ" എന്ന്.

അങ്ങനെ വിചാരം തിരതല്ലുന്ന കരളോടുകൂടി കുചേലൻ നടന്നുതുടങ്ങി. കാടും മേടും നാടും നഗരവും പിന്നിട്ട് ഒടുവിൽ അദ്ദേഹം ദ്വാരകയുടെ പുരദ്വാരത്തിൽ എത്തി. പാവം, ആ രാജധാനിയിലെ തിക്കും

KOTTAYAM PUBLIC LIBRARY KOTTAYAM.

തിരക്കും കലാശില്പങ്ങളും കണ്ടു് അമ്പരന്നുപോയ ആ ബ്രാഹ്മണൻ അവിടുന്നങ്ങോട്ടെന്തുചെയ്യണമെന്നറിയാതെ കുഴങ്ങി. പണ്ടെങ്ങും കണ്ടിട്ടില്ലാത്ത ആ അവധൂതനെ കണ്ടു് ചില ബ്രാഹ്മണർക്കു് അനുകമ്പതോന്നി. അവരുടെ സഹായത്തോടുകൂടി, തനിച്ചു കടന്നുചെല്ലാൻ എളുപ്പമല്ലാത്ത പല സ്ഥലങ്ങളും ഒരുവിധം അദ്ദേഹം പിന്നിട്ടു.

ഒന്നാമതായി രക്ഷാസേനകളുടെ മൂന്നു സങ്കേതങ്ങളാണു് കുചേലൻ പിന്നിട്ടതു്. അനന്തരം അവരുടെ അധികാരസീമയിൽപെട്ട മൂന്നു വീഥികളും കടന്നുപോയി. പിന്നെ, ആർക്കും അത്രവേഗം കാൽകുത്താൻപോലും കഴിയാത്ത വൃഷ്ണികളുടേയും, അന്ധകന്മാരുടേയും കൊട്ടാരങ്ങൾ സ്ഥിതിചെയ്യുന്ന പ്രധാനവീഥിയുടെ മധ്യത്തിൽ എത്തി. അവിടെ ശ്രീകൃഷ്ണന്റെ പതിനാറായിരം മഹിഷിമാരുടെ മണിമന്ദിരങ്ങൾ വരിവരിയായി കാണപ്പെട്ടു. ആ കൂട്ടത്തിൽ സാക്ഷാൽ ശ്രീഭഗവതി കളിയാടുന്ന ഒരു സൌധം കുചേലന്റെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചു. സംശയമൊന്നുമുണ്ടായില്ല, ആ ബ്രാഹ്മണശ്രേഷ്ഠൻ ആ ഗൃഹത്തിലേക്കുതന്നെ കടന്നുചെന്നു. ആ മന്ദിരത്തിന്റെ മരതകമണിമയമായ അങ്കണത്തിൽ കാലുകുത്തിയതോടെ ആ ഭക്താഗ്രിമനു താൻ അപ്പോൾ വൈകുണ്ഠത്തിലാണോ വന്നുചേർന്നതു് എന്നു തോന്നിപ്പോയി. അദ്ദേഹം വിചാരിക്കുകയാണു്—

5 "ആനന്ദമാനന്ദമെന്തൊരനുഭൂതി
ഞാനിന്നു വൈകുണ്ഠം വന്നുചേർന്നോ!
മന്ദാരത്താർമണം മന്ദം പരത്തുന്ന
മന്ദസമീരനും വീശിടുന്നു.

കോരിത്തരിക്കുന്നിതെന്നുടൽ, ലശ്രുവാൽ
പാരമെൻ ദൃഷ്ടിയും മങ്ങിടുന്നു

വാക്കുമിടറുന്നു കണ്ഠത്തിൽ ബാഷ്പത്താ,—
ലോക്കുമ്പോഴെല്ലാമത്ഭുതപൂൎവ്വം!”

ഇങ്ങനെ ആ ധരണീസുരൻ അനിൎവ്വചനീയമായ ആനന്ദമനുഭവിച്ചുകൊണ്ടു് ആ പരമന്ദിരത്തിൻെറ പുരോഭാഗത്തു നില്ക്കുകയാണു്, തദവസരത്തിൽ തൻെറ പ്രേയസിയോടൊരുമിച്ചു പൎയ്യങ്കത്തിൽ പള്ളികൊള്ളുകയായിരുന്നു ഭഗവാൻ. കുചേലനെ അകലെനിന്നുതന്നെ തൃക്കൺപാൎത്തിരുന്നതിനാൽ ഭക്തവത്സലനായ അവിടുന്നു പെട്ടെന്നു് ചാടിയെഴുന്നേററു് ഓടിച്ചെന്നു് ആ ചിരന്തനസുഹൃത്തിനെ എതിരേററു മാറോടണച്ചു. ചങ്ങാതിയും പ്രിയനുമായ ആ വിപ്രൎഷിയുടെ അംഗസംഗംനിമിത്തം അത്യാനന്ദത്തിൽ മുഴുകിയ ആ പുഷ്കരാക്ഷൻെറ രണ്ടു കണ്ണുകളിൽനിന്നും അപ്പോൾ അശ്രുക്കൾ പൊഴിഞ്ഞു. ഹാ, ഭക്തവാത്സല്യത്തിൻെറ അനിയന്ത്രിതമായ പ്രവാഹം എന്നല്ലാതെ എന്തുപറയട്ടെ! അനന്തരം തൻെറ സുഹൃത്തിനെ കട്ടിലിന്മേൽ പിടിച്ചിരുത്തി താൻതന്നെ സല്ക്കരിക്കാനുള്ള വിഭവങ്ങളെല്ലാം കൊണ്ടുവന്നു മുമ്പിൽവെച്ചു കാൽകഴുകിക്കൊടുത്തു. ലോകപാവനനായ ഭഗവാൻ ആ തീൎത്ഥം ശിരസ്സിൽ തളിച്ചു. പിന്നീടു് ചന്ദനം, അകിൽ, കുങ്കുമം മുതലായവകൊണ്ടുണ്ടാക്കിയ കുറിക്കൂട്ടെടുത്തു് ഉടലാകെ പൂശിക്കൊടുക്കുകയും ചെയ്തു. സുരഭിലങ്ങളായ ധൂപദീപങ്ങൾകൊണ്ടും തൻെറ സതീൎത്ഥ്യനെ സല്ക്കരിച്ചതിനുശേഷം താംബൂലാദിയും സമൎപ്പിച്ചു. അനന്തരം കുശലം ചോദിക്കുകയും ചെയ്തു.

6 ഏററവും മലിനമായ വസ്ത്രവും ധരിച്ചു, ദേഹം
മുററും ചളിപുരണ്ടാകെസ്സിരകൾ പൊങ്ങി,
അടുത്തിടാൻപോലുമാരും മടിച്ചീടുമാദ്വിജനെ
കടൽമകൾ വെഞ്ചാമരമെടുത്തു വീശി!

അറപ്പും വെറുപ്പും തോന്നിക്കുന്ന വസ്ത്രം ധരിച്ച്, ദേഹമാസകലം ചളിപുരണ്ടു്, സർവ്വാംഗം പിടച്ചുനില്ക്കുന്ന ഞരമ്പുകളോടുകൂടിയ ആ ബ്രാഹ്മണനെ ഐശ്വര്യദേവതയുടെ അവതാരമായ രുക്മിണീദേവിതന്നെ വെഞ്ചാമരമെടുത്തു കുളിർക്കെ വീശി. ഇതിൽപ്പരം എന്തുണ്ടൊരു പരമഭാഗ്യം! അതുകണ്ടു ഭഗവാന്റെ മററുള്ള അന്തഃപുരസ്ത്രീകൾക്കു് ആശ്ചര്യം തോന്നി. എന്തെന്നോ, അകളങ്കകീർത്തിയും, സർവ്വാരാധ്യനുമായ സാക്ഷാൽ ശ്രീകൃഷ്ണൻതന്നെയാണു് അത്യന്തം സന്തോഷത്തോടുകൂടി ആ അവധൂതനെ സൽക്കരിക്കുന്നതു്. അവർ വിചാരിച്ചു: "ഹായ്, വെറും മലിനൻ, ഒരു ഇരപ്പാളിയുമാണിവൻ. അതല്ലേ, ഒരു വക്കത്തില്ലാത്തതു്. ഇവനെ നിന്ദിക്കാതെ വല്ലവരുമുണ്ടോ ലോകത്തിൽ. എന്തൊരധമൻ! ഇവൻ എന്തു പുണ്യം ചെയ്തു ഇങ്ങനെ ഒരു സൽക്കാരത്തിനു്?

7 മൂപ്പാരിന്നുമുടയോനാം പത്മജാധിവാസൻ ദേവൻ
തത്പരയാം തൻപത്നിയെപ്പോലുമോർക്കാതെ,
സല്ക്കരിച്ചിവനെത്തന്റെയഗ്രജനെയെന്നപോലെ
ചേർക്കുകയും ചെയ്തുവല്ലോ മാറോടു നന്നായ്!

മൂന്നു ലോകങ്ങൾക്കും ഉടയവനായ ശ്രീനിവാസൻ പര്യങ്കത്തിൽ ഇരിക്കുന്ന പത്നിയെപ്പോലും ഗണിക്കാതെ ഇവനെ സല്ക്കരിച്ചു സ്വന്തം ജ്യേഷ്ഠനെപ്പോലെയാണല്ലോ ആലിംഗനം ചെയ്തതു്!"

അന്തഃപുരാംഗനകൾ അങ്ങനെ ആശ്ചര്യഭരിതകളായി മൂക്കിന്മേൽ വിരലുംവെച്ചു നോക്കിനില്ക്കുമ്പോൾ, ഭഗവാൻ ആ പഴയ സുഹൃത്തിന്റെ കയ്യിൽ പിടിച്ചുകൊണ്ടു തങ്ങൾ ഗുരുകുലത്തിൽ താമസിച്ചിരുന്ന കാലത്തെ മധുരസ്മരണകളെ അന്യോന്യം പറഞ്ഞുതുടങ്ങി.

ശ്രീകൃഷ്ണൻ സുഹൃത്തിനോടു ചോദിച്ചു:

8 വിപ്രമൗലേ, ഗുരുവിന്നു ദക്ഷിണയുംചെയ്തു ഭവാൻ
സപ്രമോദമവിടന്നും പോയതിൽപ്പിന്നെ
വേളി തവ കഴിഞ്ഞീലേ? യനുരൂപയല്ലേ പത്നി?
നാളുകൾ നാം കണ്ടിട്ടെത്ര കഴിഞ്ഞുപോയി!

തോഴരേ, നാം അന്യോന്യം കണ്ടിട്ടു കാലമെത്രയായി! ഗുരുദക്ഷിണകഴിഞ്ഞു സമാവർത്തനം ചെയ്തതിന്നുശേഷം അനുരൂപമായ ഒരു കന്യകയെ എൻെറ സുഹൃത്തു് വേൾക്കുകയുണ്ടായില്ലേ? ധർമ്മജ്ഞനാണല്ലോ അങ്ങുന്നു്.

അതുകേട്ടു കുചേലൻ മറുപടിയൊന്നും പറയുകയുണ്ടായില്ല.

ആ സർവ്വാന്തര്യാമിയായ ഭഗവാൻ തുടന്നു: "ഗൃഹകാര്യങ്ങളിൽ മിക്കവാറും അനാസക്തനാണു് എൻെറ സുഹൃത്തു് എന്നു് എനിക്കറിയാം. ധനത്തിൻെറ കാര്യത്തിലും അങ്ങനെതന്നെ. ചില കർമ്മയോഗികളുണ്ടു്; അവർ എന്നെപ്പോലെയാണു്. കർമ്മങ്ങളൊന്നും ധീരന്മാരായ അവരുടെ മനസ്സിനെ ക്ഷതപ്പെടുത്തുകയില്ല. അറിവില്ലാത്തവർ വിചാരിക്കും, അവർ ക്ലേശിക്കുന്നു എന്നു്. പക്ഷേ അനുഭവം മറിച്ചാണു്.

സുഹൃത്തേ, ഏതൊരു മഹാത്മാവിൽനിന്നാണോ നാം അറിയേണ്ടതെല്ലാം അറിഞ്ഞു് അജ്ഞാനാന്ധകാരത്തിൻെറ അപ്പുറത്തെത്തിയതു്, ആ ഗുരുപാദരുടെ അന്തേ:വാസികളായിരുന്ന ആ സുവർണ്ണകാലം അങ്ങു് ഓക്കുന്നുണ്ടോ?

സ്നേഹിത, ഈ ലോകത്തിൽ ഒരുവനു് അവൻെറ ജന്മദാതാവാണു് ഒന്നാമത്തെ ഗുരു. ദ്വിജാദിക്കു് ഉപ

നയനാദിസംസ്കാരം നിവ്വഹിക്കുന്ന വൈദികനെ രണ്ടാമത്തെ ഗുരു എന്നു പറയുന്നു. ആത്മജ്ഞാനം നല്കുന്ന മഹാത്മാവാണു് മൂന്നാമത്തെ ഗുരു. ഒടുവിൽ പറയപ്പെട്ട ഈ ഉദാരചരിതനും എനിക്കും തമ്മിൽ വ്യത്യാസമൊന്നുമില്ല. ഈ ലോകത്തിൽ എന്റെ ഉപദേശംകൊണ്ടു് സംസാരസമുദ്രം നിഷ്പ്രയാസം തരണം ചെയ്യുന്നവർ വണ്ണാശ്രമികളുടെ കൂട്ടത്തിൽ സമത്ഥരും കൃതകൃത്യരുമാണു്; സംശയമില്ല.

9 ആകയാൽ സവ്വാന്തര്യാമിയാം ഞാ–
നാചാര്യശുശ്രൂഷകൊണ്ടെന്നപോൽ
സന്തോഷിപ്പീലാഭിജാത്യത്താലും,
വന്തപസ്സാലുമേ, യാജ്യയാലും.

തോഴരെ, അങ്ങു ഓക്കുന്നുണ്ടോ, അക്കാലത്തു് ഒരു ദിവസം ഗുരുപത്നി നമ്മെ വിറകിന്നയക്കുകയുണ്ടായില്ലേ, അന്നത്തെ ഒരു സംഭവം? കൊടുങ്കാട്ടിൽവെച്ചു് അകാലത്തു് കഠിനമായ ഒരു കാററും മഴയും; ഞെട്ടിത്തെറിപ്പിക്കുന്ന ഇടിയും. സൂര്യനാണെങ്കിൽ അസ്തമിക്കുകയും ചെയ്തു. എവിടെ നോക്കിയാലും ക്രൂരാക്രുരിരുട്ടു്. കുണ്ടും മേടും തിരിച്ചറിയാനും വയ്യ. സവ്വത്ര ജലമയം! ആ നീണ്ടുനിന്ന കൊടുങ്കാററും പേമാരിയും ഏററു വെള്ളം കുത്തിയൊലിക്കുന്ന ആ കൊടുങ്കാട്ടിൽ തെക്കുo, വടക്കും തിരിച്ചറിയാതെ നാം അന്യോന്യം കൈകോത്തുപിടിച്ചു വ്യസനിച്ചുകൊണ്ടു് ചുററിത്തിരിയുകയാണു്. അങ്ങനെ തലങ്ങും വിലങ്ങും നടന്നുകൊണ്ടുതന്നെ നേരവും വെളുത്തു. അപ്പോൾ—

10 രാവിൽ നമ്മൾ വന്നീലെന്നായാവിലാ
ശയനായ്ഗ്ഗുരു–
ദേവൻ സൂര്യനുദിക്കവേ നമ്മെയും തേടി

ആ വനത്തിൽ വന്നു, മഞ്ഞാതുരരായുള്ള നമ്മെ-
യാ വിശാലാശയൻ ഹന്ത, കണ്ടതും സഖേ!

ഉടനെ വാത്സല്യനിധിയായ ഗുരുപാദരുടെ തിരുമുഖത്തു നിന്നതിന്ന ആ ആശിസ്സുകളും അങ്ങു മറന്നിട്ടില്ലെന്നു ഞാൻ കരുതുന്നു. ആ അമൃതപ്രവാഹം ഇങ്ങനെയായിരുന്നല്ലോ:

11 'ഇത്രയേറെ ക്ലേശിച്ചതും പുത്രകരേ, നമ്മെച്ചൊല്ലി-
യത്ര നിങ്ങ, ളാശ്ചര്യമിതെത്രയുമോത്താൽ!
പ്രേഷ്ഠമായതാത്മാവിങ്ങി പ്രാണികൾക്കി,
അതും നിങ്ങ-
ളൊട്ടുമേ ഗണിച്ചീലല്ലൊ മത്പരായണർ.

നല്ല ശിഷ്യർ ചെയ്യേണ്ടതാം നിഷ്കൃതിയി
തൊന്നേയുള്ളൂ:
വല്ലഭനാം ഗുരുവിന്നു ശുദ്ധചിത്തരായ്,

ധർമ്മാദിസംസാധകമാം തന്നാത്മാവെ സമർപ്പിക്ക;
ബ്രഹ്മജ്ഞരാം ശിഷ്യന്മാരേ, സന്തോഷിച്ചു ഞാൻ
സാധിക്കട്ടെ സങ്കല്പങ്ങളിങ്ങുമങ്ങും നിങ്ങൾക്കെന്നും
വേദപാഠം മറക്കാതെയിരുന്നിടട്ടെ.'

നാം ഗുരുകുലത്തിൽ താമസിക്കുന്ന കാലത്തു് ഇങ്ങനെ എന്തെല്ലാം സംഭവിച്ചു. പുരുഷനു പൂർണ്ണതയുണ്ടാവണമെങ്കിൽ ആചാര്യന്റെ അകമഴിഞ്ഞ അനുഗ്രഹം തന്നെ വേണം. പ്രശാന്തിക്കും അതു കൂടിയേ കഴിയൂ. മററു ന്യൂനതകളുണ്ടായാലും കാര്യമില്ല"

അതെല്ലാം കേട്ടുകൊണ്ടു് ആനന്ദപുളകിതനായി ത്തീർന്ന കുചേലൻ സന്തോഷബാഷ്പം തുടച്ചുനീക്കിക്കൊണ്ടു് സഗദ്ഗദം പറഞ്ഞു:

12 ദേവദേവ, ജഗദ്ഗുരോ! സത്യകാമനല്ലോ ഭവാൻ?
കൈവരുവാനെനിക്കെന്തൊന്നിതിലും മേലേ:
തരമായതില്ലേ മമ തിരുവടിയോടുംകൂടി
ഗുരുകുലവാസം ചെയ്യാൻ, ചരിതാൎത്ഥൻ ഞാൻ.

സൎവ്വവ്യാപിയായ ഭഗവാനേ! ഛന്ദോമയമാണു് നിന്തിരുവടിയുടെ തിരുവുടൽ. എല്ലാ നന്മകളുടേയും ഉറവിടവും അങ്ങുന്നല്ലാതെ മററാരാണു്? അപ്രമേയനും അനന്തനുമായ അവിടത്തെ ഗുരുകുലവാസം കേവലം ഒരു വിഡംബനം എന്നല്ലാതെ എന്തുപറയട്ടെ!"

ഇങ്ങനെ കുചേലൻ പറഞ്ഞതുകേട്ടു് സൎവ്വജ്ഞനും, ബ്രാഹ്മണഭക്തനും, സത്തുക്കളുടെ പരമലക്ഷ്യവുമായ ഭഗവാൻ പുഞ്ചിരിതൂകി പ്രേമത്തോടുകൂടി ആ ബ്രാഹ്മണനെ കടാക്ഷിച്ചുകൊണ്ടു് പറഞ്ഞു:

13 എന്തൊന്നു കാഴ്ചയായ്ക്കൊണ്ടിങ്ങു പോന്നതു–
മന്തണമൗലേ, നമുക്കു നല്ലാൻ?

പ്രേമത്തോടുകൂടി ഭക്തൻ അൎപ്പിക്കുന്നതു് ഒരു അണു തന്നെയായാലും അതും എനിക്കു വളരെ വലുതാണു്. ഭക്തിയില്ലാത്തവൻ എന്തുതന്നെ കാഴ്ചവെച്ചാലും അതിൽ യാതൊരു സംതൃപ്തിയും എനിക്കില്ല.

14 പത്രം, പുഷ്പം, ഫലം, തോയമെന്നിബ്ഭേദം
നമുക്കില്ലി–
ങ്ങത്ര ഭക്തിയോടുംകൂടി ശുദ്ധചിത്തനായ്,
ആരുതന്നെയൎപ്പിച്ചാലുമായതു ഞാൻ
കൈക്കൊണ്ടിടു–
മായതമാം തോഷത്തോടും, കില്ലില്ലതെല്ലും.

തോഴരെ, അങ്ങു പരിഭ്രമിക്കേണ്ടതില്ല; വസ്തുവിൻെറ വലുപ്പമല്ല, ഭക്തിയുടെ പാരമ്യമാണ് എൻെറ സംതൃപ്തിക്കു കാരണം.

പരിശുദ്ധനായ ഭക്തൻ നൽകുന്നതു് എന്തായാലും കൊള്ളാം. ഇല, മലർ, ഫലം, ജലം ഇത്യാദി വ്യത്യാസമൊന്നുമില്ല. അതു സന്തോഷത്തോടെ ഞാൻ അനുഭവിക്കുകതന്നെ ചെയ്യും. തോഴരേ, പാഞ്ചാലി എന്തുതന്നാണ് എന്നെ സംതൃപ്തനാക്കിയതു്? വെറും ഒരു ശാകപത്രത്തിൻെറ ശകലം! മുതല പിടികൂടി മുറവിളികൂട്ടിയ ആ ഗജേന്ദ്രൻെറ കഥയും അങ്ങൊന്നാലോചിക്കു; ആ ഭക്താഗ്രിമൻ എൻെറ അനുഗ്രഹത്തിനു പാത്രമായതു പുഷ്പാർപ്പണംകൊണ്ടല്ലേ? പൊന്നും പണവും ചൊരിഞ്ഞതല്ല, വെറും കായ്കനികൾ നിവേദിച്ചാണ് ശബരിയും എന്നെ സന്തുഷ്ടനാക്കിയതു്. സർവ്വഭൂതങ്ങളേയും തന്നെപ്പോലെ കാണുന്ന രന്തിദേവനും എനിക്കു പ്രിയതമനായിത്തീർന്നതു ജലംകൊണ്ടു മാത്രമാണ്.''

ഭഗവാൻ പറഞ്ഞതു പരമാർത്ഥമാണെങ്കിലും, കുചേലനു ലജ്ജതോന്നി. ആ സാധുബ്രാഹ്മണൻ തലതാഴ്ത്തിക്കൊണ്ടിരുന്നതല്ലാതെ, താൻ കയ്യിൽ കരുതിയിരുന്ന കാഴ്ചപ്പണ്ടം പുറത്തെടുക്കുകയുണ്ടായില്ല. എന്നാലെന്തു്? സർവ്വാന്തര്യാമിയായ ഭഗവാനുണ്ടോ അതറിയാതെപോകുന്നു! അവിടന്നു വിചാരിച്ചു: "ഈ ദ്വിജൻ ഐശ്വര്യക്കൊതിയോടുകൂടി പണ്ടു് എന്നെ ഭജിക്കുകയുണ്ടായിട്ടില്ല. അതാണ് കൊണ്ടുവന്നതു് തരാത്തതും, ഒന്നും ആവശ്യപ്പെടാത്തതും. പാവം! പതിവ്രതയായ പത്നിയുടെ ഹിതത്തിന്നു വഴങ്ങി ഇങ്ങോട്ടു പോന്നു. അത്രയേ ഉള്ളൂ. അതിനാൽ അമർത്ത്യർക്കുപോലും സുലഭമല്ലാത്ത ഐശ്വര്യം നല്കി ഈ ഭക്താഗ്രിമനെ ഞാൻ അനുഗ്രഹിക്കുന്നുണ്ടു്.''

ഇങ്ങനെ വിചാരിച്ച ഭഗവാൻ "ഇതെന്തൊന്നാണ് തോഴരേ!" എന്നു പറഞ്ഞുകൊണ്ടു് പെട്ടെന്നു് കുചേലൻെറ പക്കൽനിന്നും—

15 ചീരംകൊണ്ടു വരിഞ്ഞൊരാക്കീറത്തുണി
പ്പൊതിയപ്പോൾ
പാരം മോദത്തോടും വേഗം കൈക്കലാക്കിനാൻ

എനിയ്ക്കു് അത്യന്തം ഇഷ്ടമുള്ള ഇതു കയ്യിൽ വെച്ചുകൊണ്ടാണോ ചങ്ങാതി മിണ്ടാതിരിക്കുന്നതു്?

16 വിപ്രമൗലേ, വിശ്വാത്മാവാമെന്നെ
ത്തൃപ്തനാക്കീടുവാ-
നിപ്പൃഥുകതണ്ഡുലങ്ങൾ പോരുമേപോരും.

എന്നരുളിച്ചെയ്തുകൊണ്ടു് അവിടന്നു് അതിൽനിന്നു് ഒരു പിടിവാരി വായിലാക്കി. കൊതിയോടുകൂടി രണ്ടാമതും വാരി ഭക്ഷിക്കാൻ ഭാവിച്ചപ്പോൾ, ഭർത്തൃവിരഹത്തെക്കുറിച്ചു ചിന്തിക്കാൻപോലും വയ്യാത്ത ശ്രീഭഗവതി പെട്ടെന്നു് കണവൻെറ കയ്യിൽ കടന്നുപിടിച്ചു.

17 ഭർത്തൃവിപ്രയോഗമൊട്ടുമോർത്തിടാനും
വയ്യാത്തൊരാ-
വാർത്താർമാതും കണവനെ തടുത്തുചൊന്നാൾ;
വിശ്വരൂപ, പോരും പോരു, മെന്നിൽക്കനിവു
ണ്ടെന്നാകി-
ലിച്ചിപിടമിനിയൊട്ടും ഭുജിക്കരുതേ!

ഭഗവാനേ, ഒരു ഭക്തനു് ഇഹത്തിലും പരത്തിലും സുഖമനുഭവിക്കുന്നതിനു് എത്ര സമ്പത്തുണ്ടായാലാണു് അവിടന്നു സന്തോഷിക്കുക? അതത്രയും ഈ ഒരൊററപ്പിടി അവിലുകൊണ്ടുതന്നെ ഈ ബ്രാഹ്മണശ്രേഷ്ഠനു്

സ്വാധീനമായിക്കഴിഞ്ഞു. എന്നിൽ കനിവുണ്ടായി ഇനി ഭക്ഷിക്കരുതു്."

അങ്ങനെ കുചേലൻ അന്നു രാത്രി വിഭവപൂൎണ്ണമായ അന്നപാനാദികൾ അനുഭവിച്ചു് ആ മണിമന്ദിരത്തിൽ സ്വൎഗ്ഗത്തിൽ എന്നപോലെ കഴിച്ചുകൂട്ടി.

പിറേറന്നു പുലരാൻ കാലത്തു്, വിശ്വത്തെ മുഴുവനും ഐശ്വൎയ്യത്തിൽ ആറാടിക്കുന്ന ഭഗവാൻ ആ വൈദികമൗലിയെ വന്ദിക്കുകയും, സന്തോഷിപ്പിക്കുകയും ചെയ്തു വഴിക്കൂട്ടി യാത്രയാക്കുകയും ചെയ്തു.

പുറപ്പെട്ടപ്പോൾ ഭഗവാൻ എന്തെങ്കിലും കൊടുക്കുകയൊ, ആ സാധുബ്രാഹ്മണൻ വല്ലതും ചോദിക്കുകയൊ ഉണ്ടായില്ല. ധനമോഹത്തോടുകൂടിയാണല്ലോ താൻ ഭഗവാനെ സന്ദൎശിക്കാൻ ചെന്നതു് എന്നോൎത്തപ്പോൾ ആ ദ്വിജോത്തമനു് എന്തെന്നില്ലാത്ത ലജ്ജതോന്നി. എങ്കിലും, ഈശ്വരദൎശനത്തിന്നു് അതു് ഒരു നിമിത്തമായിത്തീരുകയാൽ അത്യന്തം സന്തോഷിക്കുകയും ചെയ്തു. ആ ഭക്താഗ്രേസരൻ വഴിയിൽ വിചാരിക്കുകയാണു്: "ഹാ, ഭഗവാൻെറ ബ്രാഹ്മണഭക്തി! അല്ലെങ്കിലുണ്ടൊ, പരമദരിദ്രനായ എന്നെ മഹാലക്ഷ്മിയുടെ മന്ദിരമായ മാറിൽ ചേൎത്തണയ്ക്കുന്നു!

18 ബ്രാഹ്മണനെദ്ദൈവനായിക്കരുതീടും ഭഗവാൻെറ
ബ്രഹ്മണ്യത കണ്ടല്ലോ ഞാ, നെന്തൊരാശ്ചൎയ്യം!
ഏറെയേറെദ്ദരിദ്രനാമെന്നെസ്സാക്ഷാൽ
ശ്രീദേവിയെ
പേറിടുന്ന മാറോടല്ലോ ചേൎത്തണച്ചതും!

ഒന്നും കയ്യിലില്ലാത്തൊരിപ്പാപിയാനെ,
ങ്ങിന്ദിരതൻ–
മന്ദിരമായ്പുളങ്ങീടും മാധവനെങ്ങോ!
ബ്രഹ്മകുലജാതനെന്നുള്ളമ്മതിയാൽ മാത്രമത്രേ
നമ്മെദ്ദേവൻ കെട്ടിപ്പിടിച്ചാശ്ലേഷിച്ചതും.

പ്രിയതമയുടെ മണിമഞ്ചത്തിൽ ഒരു സഹോദരനെ എന്നപോലെ, ഈ നിഷ്കിഞ്ചനനെ ഇരുത്തി സ്വന്തം മഹിഷിയെക്കൊണ്ടുതന്നെ തളച്ച് തീരത്തക്കവണ്ണം വെഞ്ചാമരം വീശിച്ചു! എന്നു മാത്രമല്ല—

19 വിപ്രദേവൻ ദേവദേവനപ്പൊഴൊരു
ദേവനെപ്പോൽ
മത്പാദം തലോടിത്തന്നും സല്ക്കരിച്ചല്ലോ!

വിപ്രന്മാരെ ദേവന്മാരായിക്കരുതുന്ന ആ ദേവദേവൻ ഒരു ദേവനെ എന്നപോലെയാണ് അപ്പോൾ എന്നെ ശുശ്രൂഷിച്ചതു്. ഈ പരമദരിദ്രൻെറ കാലു തലോടിത്തരികപോലും ചെയ്തു അവിടന്ന്!

ഒരുവൻെറ എല്ലൈശ്വര്യങ്ങൾക്കും കാരണം തന്തിരുവടിയുടെ പാദാച്ചനമാണ്. സ്വർഗ്ഗവും. മോക്ഷവും ലഭിക്കാനുള്ള മാർഗ്ഗവും മറെറാന്നല്ല.

20 ഒന്നുമില്ലാത്തവൻ കയ്യിൽ വന്നുചേൎന്നാൽ
ധനം, പിന്നെ
നന്നെമദിച്ചെന്നെത്തന്നെ മറന്നുപോകും
എന്നുതന്നെ നിനച്ചാവാം നന്ദസൂനുമെനിക്കൊന്നും–
തന്നിടാതെയിരുന്നതും, ഭാഗ്യമെൻ ഭാഗ്യം!"

ഇങ്ങനെ വഴിയിൽ ഓരോന്നു കൂട്ടിക്കിഴിച്ചുകൊണ്ടു കുചേലൻ മാർഗ്ഗക്ലേശമറിയാതെ നടന്നു നടന്ന് ഒരുവിധം

തൻെറ ഗൃഹത്തിൻെറ സമീപത്തു് എത്തി; നാലുപാടും നോക്കി. അദ്ദേഹത്തിന്നു് അത്ഭുതംതോന്നി. ആ ഭവനത്തിൻെറ പരിസരംപോലും പാടേ മാറിയിരിക്കുന്നു. സൂര്യാഗ്നി സദൃശങ്ങളായ വിമാനങ്ങളാണു് ആ ഗൃഹത്തിൻെറ ചുററും മിന്നിത്തിളങ്ങുന്നതു്. അവയുടെ നാലുപുറവുമാണെങ്കിൽ—

21 നാനാതരം വിഹംഗങ്ങൾ ഗാനാമൃതം
പൊഴിച്ചെങ്ങും
മാനാതീതാമോദം നല്കുമുപവനങ്ങൾ,
ആമ്പലും, ചെന്താരും, പിന്നെ കല്ഹാരവു
മുത്പലവു-
മെമ്പാടും വിരിഞ്ഞുമിന്നും സരസ്സുകളും,
ഭൂഷണവിഭൂഷിതരാം പൂരുഷന്മാർ, ചന്തം ചിന്തും
യോഷമാരുമുണ്ടവിടെയെന്തൊരത്ഭുതം!

പലമാതിരി പറവകൾ കളഗാനം പൊഴിക്കുന്ന ഒന്നാന്തരം ഉപവനങ്ങൾ, വിശാലങ്ങളായ ഉദ്യാനങ്ങൾ, താമര മുതലായ കുസുമങ്ങൾ വികസിച്ചു കണ്ണും കരളും കവരുന്ന തടാകങ്ങൾ, നല്ലവണ്ണം അലങ്കരിച്ചിട്ടുള്ള പുരുഷന്മാർ, മാന്മിഴികളായ മഹിളമാർ അങ്ങനെ അദൃഷ്ടപൂർവ്വങ്ങളായ പലതും അവിടെ കാണപ്പെട്ടു. ആ ബ്രാഹ്മണന്നു സംശയമായി.

21 ആരുടയഗേഹമി, താമദ്ഭവന-മേവമാമോ?
ചാരുതയ്ക്കിതാദർശംപോൽ വിളങ്ങീടുന്നു!

ഭഗവാനേ! ഇതെന്തൊരത്ഭുതമാണു്! എൻെറ ആ പഴയ കുടിലിന്നു് ഇത്രയും വലിയ ഒരു മാററമോ! ഇതെങ്ങനെ സംഭവിച്ചു? എനിക്കൊന്നും മനസ്സിലാവുന്നില്ല.”

ഇങ്ങനെ പലതും സംശയിച്ചുകൊണ്ടുനില്ക്കുന്ന ആ മഹാനുഭാവനെ ഉടനെ ദേവന്മാർ തുല്യരായ സ്ത്രീപുരുഷന്മാർ ഒരുമിച്ചുവന്നു് പാട്ടും കൊട്ടുമായി എതിരേററു സ്വീകരിച്ചു.

ഭർത്താവിൻെറ പ്രത്യാഗമനമറിഞ്ഞ കുചേലപത്നി കരകവിഞ്ഞ സന്തോഷത്തോടും പരിഭ്രമത്തോടുംകൂടി, ഉടലെടുത്ത കടൽമകൾ കമലാലയത്തിൽനിന്നെന്നപോലെ ആ മണിമന്ദിരത്തിൽനിന്നു പുറത്തേക്കു വന്നു. ഭർത്താവിനെ കണ്ടപ്പോൾ ആ സാധ്വിയുടെ പ്രേമോത്കണ്ഠിതങ്ങളായ നയനങ്ങളിൽ ബാഷ്പം നിറഞ്ഞു. എങ്കിലും അതു് ആ സതി പുറത്തുവിടാതെ കണ്ണുകൾ ചിമ്മുകയും തൻെറ പതിയെ ബുദ്ധികൊണ്ടു് നമിക്കുകയും, മനസ്സുകൊണ്ടു് ആശ്ലേഷിക്കുകയും ചെയ്തു.

കഴുത്തിൽ പതക്കമണിഞ്ഞിട്ടുള്ള അനേകം ദാസിമാരുടെ കൂട്ടത്തിൽ വിമാനത്തിലിരിക്കുന്ന ഒരു ദേവസുന്ദരിയെപ്പോലെ ശോഭിക്കുന്ന തൻെറ ധർമ്മദാരങ്ങളെ കണ്ടപ്പോൾ കുചേലനു് ആശ്ചര്യംതോന്നി. നേരത്തേതന്നെ സന്തുഷ്ടനായ അദ്ദേഹം അവരോടൊരുമിച്ചു് എണ്ണമററ മണിത്തൂണുകൾകൊണ്ടു സമലംകൃതമായ ആ മാളികയിലേയ്ക്കു്, ഇന്ദ്രഭവനത്തിലേയ്ക്കു് എന്നപോലെ പ്രവേശിക്കുകയും ചെയ്തു.

അകത്തു കടന്നപ്പോൾ കണ്ടകാഴ്ചകൾ കുചേലനെ പൂർവ്വാധികം അത്ഭുതപ്പെടുത്തി. വെള്ളപ്പതകൾപോലുള്ള പട്ടുമെത്തകൾ, ദന്തനിർമ്മിതങ്ങളും ഹേമപരിഷ്കൃതങ്ങളുമായ കട്ടിലുകൾ, പൊൽപ്പിടിയുള്ള വെഞ്ചാമരങ്ങൾ, പട്ടുമെത്തകളുള്ള സ്വർണ്ണപ്പീഠങ്ങൾ മുത്തുമാലകൾകൊണ്ടു വെട്ടിത്തിളങ്ങുന്ന മേൽക്കട്ടികൾ, നിർമ്മലങ്ങളായ സ്ഫടി

കങ്ങളും മരതകങ്ങളുംകൊണ്ടുണ്ടാക്കിയിട്ടുള്ള ഭിത്തികളിൽ പ്രതിബിംബിക്കുന്ന സ്ത്രീരത്നങ്ങൾ, മണിവിളക്കുകൾ ഇങ്ങനെ സവ്വസമ്പൽസമൃദ്ധമായിരുന്നു ആ മോഹനസൗധം.

എങ്കിലും—

൨൨ വ്യഗ്രചിത്തനായീലൊട്ടുമാവിഭവപ്പെരുപ്പത്താ-
ലഗ്രജന്മാവവ,നതിന്മൂലമൂഹിച്ചാൻ.

പരമഭാഗവതനായ ആ ബ്രാഹ്മണന്നു യാതൊരു പരിഭ്രമവുമുണ്ടായില്ല. അദ്ദേഹം യദൃച്ഛയാ വന്നുചേന്ന ആ ഐശ്വര്യത്തെക്കുറിച്ച് ഇങ്ങനെ ഊഹിച്ചു: "നിത്യദരിദ്രനും ദുർഗ്ഗതനുമായ എന്റെ ഈ വിഭൂതിക്കു കാരണം സവ്വൈശ്വര്യങ്ങളുടേയും വിളനിലമായ യദുനാഥന്റെ കരുണാകടാക്ഷം തന്നെയാണ്; മറ്റൊന്നാവാൻ തരമില്ല. എന്റെ സഖാവായ യാദവശ്രേഷ്ഠൻ 'ഭൂരിഭോജ'നാണ്. തന്തിരുവടി, തന്നെപ്പോലെത്തന്നെ മററുള്ളവരേയും കാണുന്നു. അതാണ് യാചിക്കുന്നവക്കു മേഘത്തെപ്പോലെ വാരിക്കോരിക്കൊടുത്താലും പോരാ എന്നു കരുതുന്നതും, നേരിട്ടു കൊടുക്കാത്തതും.

24 എത്രവലുതെന്നാകിലും താൻ കൊടുപ്പത
ഖിലേശൻ
ക്ഷുദ്രമെന്നു കരുതുന്നു ഭക്തവത്സലൻ;
മിത്രമേകുന്നതോ തനിക്കെത്ര ഫല്ഗുവായീടിലും
ചിത്ര,മതു വലുതായിട്ടല്ലയോ കാണ്മൂ!
അല്ലെന്നാകിൽ ഞാനപ്പിച്ച പൃഥുകൈകമുഷ്ടിയുണ്ടോ
മല്ലവൈരിയാം മഹാത്മാവശിച്ചീടുന്നു.

അവസാനമായി ഇനി എനിക്ക് ഒരേ ഒരു പ്രാത്ഥനയേ ഉള്ളു: ഭഗവാന്റെ സ്വന്തമായിത്തീന്ന ഈ ദാസന്ന് ഓരോ ജന്മങ്ങളിലും തന്തിരുവടിയോടു—

25 സഖ്യവും, മൈത്രിയും, സൗഹാർദ്ദവും.
മുഖ്യമായ് ദാസ്യവുമുണ്ടാവേണം;
തന്നെയുമല്ല തദ്ഭക്തരോടു-
മെന്നുമേ സംഗവും കൈവരേണം.

ഒരിടത്തും ഉറച്ചുനില്ക്കാത്തതും, നല്ലവരെ ചീത്തയാക്കുന്നതുമായ ധനം എനിക്കു നൽകാഞ്ഞതിന്റെ രഹസ്യവും മറെറാന്നല്ല:

26 ധനികർതൻ മദോദ്ഭവം വിനിപാതം
കാൺകമൂലം
ജനാർദ്ദനൻ തൻഭക്തരിൽ കനിഞ്ഞുദേവൻ,
തത്വബോധം തടഞ്ഞീടും വിത്താദികളേകുന്നീലീ-
സ്സത്യമുണ്ടോ മൂഢജനമറിഞ്ഞീടുന്നു!"

ശ്രീകൃഷ്ണനിൽ പരമഭക്തനായ കുചേലൻ ഇങ്ങനെ ഒരു നിഗമനത്തിൽ എത്തിച്ചേന്നപ്പോൾ, സംസാരബന്ധം വേർപെടുത്തണമെന്ന് ആഗ്രഹിച്ചു. എങ്കിലും, ധമ്മത്തെ മുൻനിത്തി തന്റെ സഹധമ്മിണിയോടൊരുമിച്ചു തന്നെ സുഖഭോഗങ്ങളിൽ വലിയ ആസക്തിയൊന്നുമില്ലാത്ത ഒരു ഗൃഹമേധിയുടെ നിലയിൽ കുറച്ചുകാലംകൂടി. കഴിച്ചുകൂട്ടി. അതിന്നുശേഷം—

27 അജിതനെസ്സ്വഭക്തരാൽ ജിതനായിക്കാൺകമൂല-
മജസുഹൃത്തായീടുന്നൊരാ മഹാവിപ്രൻ.
ചിന്മയനാമമ്മൂത്തിയെ തന്മനസ്സിൽ ധ്യാനിച്ചുംകൊ-
ണ്ടമ്മഹാഹംകാരക്കെട്ടങ്ങറുത്തു തള്ളി
കാലം തെല്ലും കളയാതെ പുണ്യംചെയ്യോ
ക്കെന്നും നല്ലോ-
രാലംബമാം വിഷ്ണുലോകം പൂകിനാൻ നേരെ.

ദേവദേവനും യജ്ഞപതിയുമായ ഭഗവാൻ ഹരിയും പ്രഭുവുമാണ്. ബ്രാഹ്മണരല്ലാതെ അവിടുത്തെ പ്രഭുക്കളോ മററു ദേവന്മാരോ ഇല്ല.

28 ബ്രഹ്മണ്യദേവനാമമ്മുരവൈരിതൻ–
ബ്രാഹ്മണഭക്തിക്കൊരാദർശമാം
ഇക്കഥ കേൾക്കുന്നോർക്കുണ്ടാവും നിർണ്ണയം
ഭക്തിയു, മെന്നല്ല മുക്തിയുമേ.

ബ്രാഹ്മണരെ ദൈവമായിക്കരുതുന്ന സാക്ഷാൽ വൈകുണ്ഠമൂർത്തിയുടെ ബ്രാഹ്മണ ഭക്തിപാരമ്യത്തിന്നു് ഒരു ഉത്തമദൃഷ്ടാന്തമാണ് ഈ കഥ. ഇതു സശ്രദ്ധം കേൾക്കുന്നവർക്കും, കേൾപ്പിക്കുന്നവർക്കും ഭക്തി മാത്രമല്ല, അന്ത്യകാലത്തു് വൈകുണ്ഠലോകപ്രാപ്തിയും ഉണ്ടാകും, സംശയമില്ല.

കൊച്ചുകൊച്ചു കഥകൾ ഞാനച്യുതനെച്ചൊല്ലിയേവ–
മിച്ഛപോലെചമച്ചിതു സ്വച്ഛചിത്തനായ്;
തുച്ഛമിവയെന്നു ചിലർ പുച്ഛിച്ചാലും ഖേദമി, ല്ലെൻ–
പച്ചവർണ്ണൻ പദ്മനാഭൻ കനിയുമെങ്കിൽ.

"കായേന വാചാ മനസേന്ദ്രിയൈർവാ
ബുദ്ധ്യാത്മനാ വാനുസൃതസ്വഭാവാത്
കരോമി യദ്യത്സകലം പരസ്മൈ
നാരായണായേതി സമർപ്പയാമി."

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. MA3 Acc. No. 50350

This book should be returned on or before the date last stamped below.

MA3 50350

മായന്മേനോൻ

ഭണ്ഡാപഹാരം